കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

***KSAMPM 23/1033/2020 Dated 09-11-2020***

# മലപ്പുറം ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19


**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

**e-mail: dompm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.എം.പി.എം.23/1033/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം ജില്ല.

e-mail:dompm.ksad@kerala.gov.in

തീയതി.09-11-2020

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മലപ്പുറം ജില്ലാ പഞ്ചായത്ത്

സർ,

വിഷയം :മലപ്പുറം ജില്ലാ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലേയും ഭാഗം മൂന്നിലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ഭരണസമിതി യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ജില്ലാ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം- മലപ്പുറം

<u>പകർപ്പ്:</u>

1)ഡയറക്ടർ, ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2)അഡീഷണൽ ചീഫ്സെക്രട്ടറി, എൽ.എസ്.ജി.ഡി,തിരുവനന്തപുരം (ഉപരിപത്രം സഹിതം).

3)കാര്യാലയ പകർപ്പ്.

എം.എ്.11/2020

KSAMPM.23/1033/2020 തീയതി.09-11-2020

## മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 03.05.2019 മുതൽ 14.06.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 60 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഷാജഹാൻ.എ.എസ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.06.2020 മുതൽ 10.07.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.ദിനേശൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹമ്മദാലി.എം, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സൽമത്ത്.ടി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (01.07.2020 മുതൽ 10.07.2020 വരെ) |
| | ശ്രീ.അബ്ദുൾ ഗഫൂർ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹമ്മദ് സലീം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.റിഷിൽ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (01.07.2020 മുതൽ 10.07.2020 വരെ) |
| | ശ്രീ. മൂസ.ഇ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജഹാൻ ഖുറൈശി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അഷ്റഫ്.കെപി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (01.07.2020 മുതൽ 10.07.2020 വരെ) |
| | ശ്രീമതി.ജിഷ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | |

| | |
|---|---|
| | ശ്രീ.റഷീദ്.വി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.പി. ഉണ്ണികൃഷ്ണൻ | 01.04.2018 – 31.03.2019 |
| സെക്രട്ടറി | ശ്രീമതി.പ്രീതി മേനോൻ | 01.04.2018 – 24.10.2018 |
| | ശ്രീ.ഉബൈദുള്ള.എ.സി | 25.10.2018 – 31.12.2018 |
| | ശ്രീ.പ്രദീപൻ.കെ | 01.01.2019 – 11.01.2019 |
| | ശ്രീ.സാമുവൽ.പി.സി | 12.01.2019 – 21.01.2019 |
| | ശ്രീമതി.പ്രീതി മേനോൻ | 22.01.2019 – 01.03.2019 |
| | ശ്രീ.ബാബു.വി | 02.03.2019 – 31.03.2019 |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| ക്രമ നമ്പർ | തസ്തിക | പേര് | കാലയളവ് |
|---|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ -എൽ.എസ്.ജി.ഡി | ശ്രീ.രാജൻ.എൻ.വി | 01.04.2018– 25.07.2018 |
| | | ശ്രീമതി.ധന്യ രവി | 26.07.2018- 17.08.2018 |
| | | ശ്രീ.ചന്ദ്രൻ.എസ് | 18.08.2018- 31.03.2019 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -എൽ.എസ്.ജി.ഡി | ശ്രീമതി.ധന്യ രവി | 01.04.2018– 06.05.2018 07.06.2018- 31.03.2019 |
| | | ശ്രീ.സുൽഫീക്കർ. എൻ | 07.05.2018- 06.06.2018 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ-വിദ്യാഭ്യാസം | ശ്രീമതി.വത്സല.സി.ഐ | 01.04.2018– 04.05.2018 |
| | | ശ്രീമതി.ശശിപ്രഭ | 05.05.2018- 21.06.2018 |
| | | ശ്രീമതി.നിർമ്മലാദേവി | 22.06.2018– 17.10.2018 |
| | | ശ്രീ.പി.കൃഷ്ണൻ | 18.10.2018– 31.03.2019 |
| 4 | ജില്ലാ പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി.ലതാ നായർ.പി | 01.04.2018- 14.08.2018 |
| | | ഒഴിവ് | 15.08.2018 -22.08.2018 |
| | | ശ്രീമതി.സന്ധ്യ.കെ | 23.08.2018- 31.03.2019 |

| | | | |
|---|---|---|---|
| 5 | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | ശ്രീ.സുഭാഷ് കുമാർ ,കെ.വി | 01.04.2018-05.04.2018 |
| | | ശ്രീ.കൃഷ്ണമൂർത്തി.കെ | 06.04.2018-02.07.2018 01.01.2019-31.03.2019 |
| | | ശ്രീമതി.തസ്നീം.പി.എസ് | 03.07.2018-31.12.2018 |
| 6 | ജില്ലാ മെഡിക്കൽ ഓഫീസർ-അലോപ്പതി | ഡോ.സക്കീന.കെ | 01.04.2018-31.03.2019 |
| 7 | ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) | ഡോ.സെയ്ദ് മുഹമ്മദ് സലീം | 01.04.2018-30.04.2018 01.10.2018-31.10.2018 |
| | | ഡോ.മൻസൂർ.കെ.എം | 01.05.2018-26.05.2018 |
| | | ഒഴിവ് | 27.05.2018 |
| | | ഡോ.അനിൽ.ആർ | 28.05.2018-30.06.2018 |
| | | ഡോ.കെ.സുശീല | 01.07.2018-30.09.2018 01.11.2018-31.03.2019 |
| 8 | ഫാം സൂപ്രണ്ട്-ജില്ലാ കൃഷിത്തോട്ടം-ചുങ്കത്തറ | ശ്രീ.മാത്യു ഉമ്മൻ | 01.04.2018-31.03.2019 |
| 9 | സീനീയർ കൃഷി ഓഫീസർ- സ്റ്റേറ്റ് സീഡ് ഫാം, ചോക്കാട് | ശ്രീമതി.ജമീല കുന്നത്ത് | 01.04.2018-22.04.2018 15.05.2018-31.03.2019 |
| | | ശ്രീമതി.മിനി ജേക്കബ് | 23.04.2018-14.05.2018 |
| 10 | സൂപ്രണ്ട്-ജില്ലാ ആശുപത്രി പെരിന്തൽമണ്ണ | ഡോ.സുജിത മാധവൻ | 01.04.2018-24.07.2018 |
| | | ഡോ.ഷാജു മാത്യൂസ് | 25.07.2018-21.03.2019 |
| | | ഡോ.ശ്രീവിഷ്ണു.എ.എസ് | 22.03.2019-31.03.2019 |
| 11 | ചീഫ് മെഡിക്കൽ ഓഫീസർ-ജില്ലാ ആയുർവേദ ആശുപത്രി, വളവന്നൂർ | ഡോ.കെ.എം.മൻസൂർ | 01.04.2018-06.09.2018 |
| | | ഡോ.വി.ബിജോയ് | 07.09.2018-27.11.2018 |
| | | ഡോ.കെ.ആശ | 28.11.2018-31.03.2019 |
| 12 | സീനീയർ കൃഷി ഓഫീസർ-സ്റ്റേറ്റ് | ശ്രീ.ഒ.പ്രസന്നൻ | 01.04.2018- |

| | | | |
|---|---|---|---|
| | സീഡ് ഫാം, തവനൂർ | | 22.04.2018 |
| | | ശ്രീ.മാത്യൂ ജോർജ് | 23.04.2018-31.03.2019 |
| 13 | സീനീയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, ആനക്കയം | ശ്രീമതി.മിനി ജേക്കബ് | 01.04.2018-20.07.2018 |
| | | ശ്രീമതി.ജമീല കുന്നത്ത് | 21.07.2018-05.08.2018 |
| | | ശ്രീ.ഹംസ കുരിക്കൾ.എം.ടി | 06.08.2018-31.03.2019 |
| 14 | സൂപ്രണ്ട്-ജില്ലാ ആശുപത്രി നിലമ്പൂർ | ഡോ.സി.ഹമീദ് | 01.04.2018-31.03.2019 |
| 15 | സൂപ്രണ്ട്-ജില്ലാ ആശുപത്രി.തിരൂർ | ഡോ.വിനോദ് | 01.04.2018-31.03.2019 |
| 16 | സീനിയർ കൃഷി ഓഫീസർ, കോക്കനട്ട് നഴ്സറി,പരപ്പനങ്ങാടി | ശ്രീ.ഒ.പ്രസന്നൻ | 01.04.2018-22.04.2018 14.05.2018-05.07.2018 |
| | | ശ്രീമതി.റോസിലി മാത്യൂ | 23.04.2018-13.05.2018 |
| | | ശ്രീമതി.ലളിതാ ദേവി | 06.07.2018-31.07.2018 |
| | | ശ്രീമതി.ബിന | 01.08.2018-18.03.2019 |
| | | ശ്രീ.അബ്ദുറസാക്ക് മുസ്ല്യാർ | 19.03.2018-31.03.2019 |
| 17 | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ ക്യാൻസർ ആശുപത്രി, വണ്ടൂർ | ഡോ.റംലത്ത് കുഴിക്കാട്ടിൽ | 01.04.2018-31.03.2019 |
| 18 | പ്രോജക്റ്റ് ഡയറക്ടർ-ദാരിദ്ര്യ ലഘൂകരണം | ശ്രീ.പി.ജി.വിജയകുമാർ | 01.04.2018-06.06.2018 |
| | | ശ്രീ.പ്രദീപൻ.കെ | 07.06.2018-11.01.2019 |
| | | ശ്രീ.ശ്രീബാഷ്.സി | 12.01.2019-20.01.2019 |
| | | ശ്രീമതി.പ്രീതി മേനോൻ | 21.01.2019-31.03.2019 |
| 19 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ-(വൈ.പി ) | ശ്രീ.സദാനന്ദൻ.എൻ.യു | 01.04.2018-15.07.2018 |
| | | ശ്രീ.വി.പി.ജമാലുദ്ദീൻ | 16.07.2018-12.09.2018 |
| | | ശ്രീമതി.പി.എ.സലീമ | 13.09.2018-31.03.2019 |
| 20 | അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ കോഴി | ഡോ.പി.ശിവകുമാർ | 01.04.2018- |

| | | | |
|---|---|---|---|
| | വളർത്തൽ കേന്ദ്രം, ആതവനാട് | | 31.03.2019 |
| 21 | സൂപ്രണ്ട് ജില്ലാ ഹോമിയോ ആശുപത്രി-മുണ്ടുപറമ്പ് | ഡോ.മുഹമ്മദ് അക്ബർ | 01.04.2018-19.07.2018 |
| | | ഡോ.ഗോപിനാഥൻ | 20.07.2018-28.02.2019 |
| | | ഡോ.രാമദാസൻ | 01.03.2019-31.03.2019 |
| 22 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,കൃഷി ആനക്കയം | ശ്രീ. അബ്ദുൽ വഹാബ്.വി.എസ് | 01.04.2018-31.03.2019 |
| 23 | അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ, RAHC നിലമ്പൂർ | ഡോ.സക്കറിയ സാദിഖ് മധുരക്കറിയൻ | 01.04.2018-31.03.2019 |
| 24 | അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ, RAHC ആതവനാട് | ഡോ.സുരേഷ്.ബി | 01.04.2018-31.03.2018 |
| 25 | ചീഫ് വെറ്ററിനറി ഓഫീസർ, ജില്ലാ വെറ്ററിനറി മലപ്പുറം | ഡോ.സി.മധു | 01.04.2018-16.05.2018 |
| | | ഡോ.കെ.ഷാജി | 17.05.2018-25.06.2018 |
| | | ഡോ.ബേബി ജോസഫ് | 27.05.2018-31.03.2019 |
| 26 | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | ശ്രീ.പ്രശാന്ത്.കെ | 01.04.2018-01.10.2018 |
| | | ശ്രീ.ശരത് വി.എസ്. | 02.10.2018-31-03-2019 |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | രശീതി ബുക്കുകൾ, സാംഖ്യ രശീതികൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| 13 | കാക്കഞ്ചേരി കിൻഫ്ര പാർക്ക് - വാടക കുടിശ്ശിക - അപാകതകൾ | 1-13 |
| 14 | കെ എസ് ഇ ബി നിക്ഷേപ പ്രവൃത്തികൾ - നിർവ്വഹണത്തിലെ അപാകതകൾ | 1-14 |
| 15 | വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് പ്രവൃത്തി - ബാക്കി തുക തിരികെ വാങ്ങിയിട്ടില്ല | 1-15 |
| 16 | മുൻകൂർ തുക നൽകിയ നിക്ഷേപ പ്രവൃത്തികളുടെ -വിനിയോഗ/ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 1-16 |
| 17 | വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് - സെന്റേജ് ചാർജ്ജ് അധികം നൽകി | 1-17 |
| 18 | സർക്കാർ നിർദ്ദേശങ്ങൾക്ക വിരുദ്ധമായി ദിവസവേതന ജീവനക്കാരെ നിയമിച്ചത് ക്രമപ്രകാരമല്ല | 1-18 |
| 19 | പൊതു വിദ്യാഭ്യാസ യജ്ഞം - ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - പണം നാളിതുവരെ ഉപയോഗിച്ചില്ല | 1-19 |
| 20 | ബോണസ്സ് അനുവദിച്ചതിലെ അപാകത | 1-20 |
| 21 | ഫയലുകൾ ലഭ്യമാക്കിയില്ല - ചെലവു തുക തടസ്സം ചെയ്യുന്നു | 1-21 |
| 22 | ഭിന്നശേഷി സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-22 |
| 23 | സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ എയ്ഡഡ് സ്കൂളുകൾക്ക് ടോയ് ലറ്റ് പണിതു | 1-23 |
| 24 | ജില്ലാ ഹോമിയോ ആശുപത്രി - അധിക നിരക്കിൽ അലക്ക് കൂലി നൽകി | 1-24 |
| 25 | ആതവനാട് പൗൾട്രി ഫാം ദൈനംദിന ചെലവുകൾ - വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല | 1-25 |
| 26 | റോഡ് വർക്ക് - കരാറുകാരന് അധിക തുക നൽകി, ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി | 1-26 |
| 27 | നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കൽ - കളക്ഷൻ ചാർജ് ഈടാക്കിയില്ല | 1-27 |
| 28 | ഗണിത ലാബ് നിർമ്മാണത്തിലെ അപാകതകൾ - ചെലവ് തുക തടസ്സം ചെയ്യുന്നു | 1-28 |
| 29 | ഗുഡ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സ് - ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-29 |
| 30 | ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-30 |
| 31 | സെന്ററിംഗ് -അധിക നിരക്കിൽ തുക നൽകി | 1-31 |
| 32 | സാധാരണ ഡോർ നിർമ്മിച്ചതിന്, സ്ലൈഡിംഗ് ഡോർ നിർമ്മിച്ചതിനുള്ള തുക നൽകി | 1-32 |
| 33 | GMUP സ്കൂൾ വളപുരം പെൺകുട്ടികൾക്ക് വിശ്രമ കേന്ദ്രം - അപാകതകൾ | 1-33 |
| 34 | കരിങ്കൽ പടവ് – അധിക തുക നൽകി | 1-34 |
| 35 | പാറൽ - മണലായ കണ്ടംചിറ റോഡ് പ്രവൃത്തി 217422/-രൂപ- അധികം നൽകി | 1-35 |
| 36 | ഇ- ടെണ്ടർ ഫീ - ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നില്ല | 1-36 |
| | | |

| | | |
|---|---|---|
| 37 | കൺവ്വീനർ പ്രവൃത്തിക്ക് ലാഭ വിഹിതം അനുവദിച്ചു - അധികം നൽകിയ തുക തിരിച്ചടച്ചു | 1-37 |
| 38 | പർലിൻ/സിംഗിൾ സെക്ഷൻ വർക്കുകൾക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചു | 1-38 |
| 39 | അരിയല്ലൂർ വനിതാ ശാക്തീകരണ കേന്ദ്രം - കെട്ടിടം പ്രയോജനപ്പെടുത്തുന്നില്ല | 1-39 |
| 40 | ചരക്ക് സേവന നികുതി - 2% ടി.ഡി.എസ് ഈടാക്കിയില്ല | 1-40 |
| 41 | യഥാസമയം എഗ്രിമെന്റ് വയ്ക്കാത്തതിന് നിയമാനുസൃത നടപടി സ്വീകരിച്ചില്ല | 1-41 |
| 42 | സ്കൂൾ കെട്ടിട നിർമ്മാണം സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിനുള്ള നിരക്ക് നൽകി | 1-42 |
| 43 | റോഡ് വർക്ക് - ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു | 1-43 |
| 44 | വാഴക്കാട് ഹൈസ്കൂൾ ഷീറ്റ് വർക്ക് – അധിക നിരക്ക് നൽകി | 1-44 |
| 45 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല | 1-45 |
| ഭാഗം II<br>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | | |
| ഭാഗം 111<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 46 | സെന്ററിംഗ് - അധിക നിരക്കിൽ തുക നൽകി | 3-1 |
| 47 | സാധാരണ ഡോർ നിർമ്മിച്ചതിന്, സ്ലൈഡിംഗ് ഡോർ നിർമ്മിച്ചതിനുള്ള തുക നൽകി | 3-2 |
| 48 | GMUP സ്കൂൾ വളപുരം പെൺകുട്ടികൾക്ക് വിശ്രമ കേന്ദ്രം - അപാകതകൾ | 3-3 |
| 49 | പാറൽ- മണലായ കണ്ടംചിറ റോഡ് പ്രവൃത്തി- 217422/-രൂപ അധികം ചെലവഴിച്ചു | 3-4 |
| 50 | കരിങ്കൽ പടവ് - അധിക തുക നൽകി | 3-5 |
| 51 | സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് ട്രസ്സ് വർക്കിനുള്ള നിരക്ക് നൽകി | 3-6 |
| 52 | റോഡ് വർക്ക് - ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു | 3-7 |
| 53 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല | 3-8 |
| ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 54 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 55 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-2 |
| 56 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 57 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 58 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 59 | സ്ഥിര നിക്ഷേപങ്ങൾ | 584-6 |

| | | |
|---|---|---|
| 60 | ഓഡിറ്റ് റിക്കവറി | 4-7 |
| 61 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 62 | ചാർജ്, സർചാർജ് നടപടികളുടെ വിവരം | 4-9 |
| 63 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 64 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധങ്ങൾ | |
| 65 | ഓഡിറ്റ് സാക്ഷ്യപത്രം | 1 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്.

2018-19 വർഷത്തെ ബജറ്റ് 28.03.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 28.02.2019 ലെ 2-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 20.05.2019 | - | - |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 12,52,14,516 |
| വരവ് | 1,07,76,85,811 |
| ആകെ | 1,20,29,00,327 |
| ചെലവ് | 1,02,32,82,955 |
| നീക്കിയിരിപ്പ് | 17,96,17,372 |

### 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 683286000 | 683286000 | 503204380 | 180081620 |
| വികസനഫണ്ട് എസ്.സി.പി. | 0 | 221576000 | 221576000 | 97591555 | 123984445 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 16594000 | 16594000 | 4005776 | 12588224 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 247568000 | 247568000 | 197344181 | 50223819 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 115612000 | 115612000 | 86223829 | 29388171 |
| തനത് ഫണ്ട് ബാങ്ക്(എം.ഡി.സി) | 9499 | 6992926 | 7002425 | 2172566 | 4829859 |
| എസ്.ബി.ടി, | 5997110 | 211777 | 6208887 | 1530326 | 4678561 |

| | | | | | |
|---|---|---|---|---|---|
| എസ്.എസ്.എ | | | | | |
| ട്രഷറി നബാർഡ് RIDF | 287100 | 0 | 287100 | 0 | 287100 |
| തനത് ഫണ്ട് ട്രഷറി | 7341910 | 136890615 | 144232525 | 72423560 | 71808965 |
| DPFA-1 | 5999 | 0 | 5999 | 0 | 5999 |
| RMSA -കനറാ ബാങ്ക് | 111267898 | 4357262 | 115625160 | 22515257 | 93109903 |
| TSB- Joint Venture | 305000 | 4704000 | 5009000 | 112015 | 4896985 |
| ബി ഫണ്ട് | 0 | 36560176 | 36560176 | 36560176 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1805 | 1,98,12,02,177 | 693 | 95,90,80,986 | 1094 | 18 | 38.39% |

## 1-6 തൊഴിലുറപ്പ് പദ്ധതി.

ഇല്ല.

## 1-7 ക്ഷേമപദ്ധതികൾ.

ഇല്ല.

## 1-8 ക്യാഷ് പരിശോധന.

കളക്ഷൻ തുക അതാത് ദിവസം ബാങ്കിൽ അടവാക്കുന്നുണ്ട്. ക്യാഷ് ബാലൻസ് ഇല്ല.

## 1-9 ആഭ്യന്തര നിയന്ത്രണം.

1) ജില്ലാ പഞ്ചായത്തിന് വിട്ടു കിട്ടിയ ഫാമുകൾ, ആശുപത്രികൾ, സ്കൂളുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്നുള്ള വരവു ചെലവുകൾ രേഖപ്പെടുത്താൻ Annexure B-II- പ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്ത് തയ്യാറാക്കണമെന്ന് GO(P)No. 177/2006/Fin. Dt. 12-4-2006 Paragraph 26.1-ൽ പരാമർശിക്കുന്നുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് പ്രസ്തുത രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2). സ്ഥാപനങ്ങൾ വിവിധ വരവിനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ, വാർഷിക DCB പത്രിക എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

3). 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 80 പ്രകാരം സെക്രട്ടറി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണെങ്കിലും, ടി രജിസ്റ്റർ ഓഡിറ്റ് വർഷത്തിൽ തയ്യാറാക്കിയിട്ടില്ല.
4) പ്രവൃത്തി ഇനങ്ങൾക്ക് തെറ്റായ സ്പെസിഫിക്കേഷൻ കോഡ് അനുവദിച്ച് മരാമത്ത് പ്രൊജക്ടുകളുടെ എസ്റ്റിമേറ്റുകൾക്ക് സാങ്കേതിക അനുമതി നൽകുന്നുണ്ട്. ഇതുമൂലം തൻവർഷം പ്രൊജക്ടുകളിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.
5). ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ 4 പ്രൊജക്ടുകൾ നടപ്പാക്കി. എന്നാൽ ക്യാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.10.2019 | 2018-19 | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.06.2019 മുതൽ 01.07.2019 വരെ | 2017-18 മുതൽ 2018-19 വരെ | 02.08.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ.

1). വികസന ഫണ്ട് [SCP], സംരക്ഷണ ഗ്രാന്റ് [Non road] എന്നിവയുടെ ചെലവ്, എ.സി.ആർ മായി പൊരുത്തപ്പെടുന്നില്ല.

2). സംയുക്ത പ്രൊജക്ട് ഇനത്തിലെ മുന്നിരിപ്പ് ഫണ്ട് രജിസ്റ്റർ / എ.സി.ആർ മായി പൊരുത്തപ്പെടുന്നില്ല.

| വിവരണം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം (ക്യാപിറ്റൽ) | 3177470 | 2827470 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം (റവന്യൂ) | 1284662 | 1987134 |
| ഗ്രാമപഞ്ചായത്ത് വിഹിതം (ക്യാപിറ്റൽ) | 667336 | 4297412 |
| ഗ്രാമപഞ്ചായത്ത് വിഹിതം (റവന്യൂ) | 1387134 | 0 |

3). ഗുണഭോക്തൃ വിഹിതം ഇനത്തിലെ നീക്കിയിരുപ്പ് (3407498) ഡിപ്പോസിറ്റ് രജിസ്റ്ററിലെ തുക (820297) മായി പൊരുത്തപ്പെടുന്നില്ല.

4). ചുവടെ ചേർത്തിട്ടുള്ള ഡിപ്പോസിറ്റുകളുടെ മുന്നിരുപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| Discription | As per AFS | As perRegister |
|---|---|---|
| Bidders EMD | 133278 | 191193 |
| Suppliers EMD | 95260 | 103510 |
| Contractors EMD | 71172 | 62275 |
| Bidders SD | 9675 | 3250 |
| Suppliers SD | 79850 | 73650 |
| Contractors SD | 22195 | 13645 |
| Other deposit | 94323 | 43156 |
| Auction deposit | 500 | 1000 |

5). Issue ചെയ്ത ചെക്കുകളിൽ കാലാഹരണപ്പെട്ടവ സ്റ്റെയിൽ ചെക്ക് ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല.

[Ex.Chq.No.196437/15.10.16, 1544807/5.10.16]

6). വാടക രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7). ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

8). 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികയിന്മേലുള്ള പരിശോധനയിൽ രേഖപ്പെടുത്തിയ അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-12 രശീതി ബുക്കുകൾ, സാംഖ്യ രശീതികൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.

അതാത് വർഷത്തെ സ്റ്റേഷനറി ഇനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ തന്നെയാണ് ജില്ലാ പഞ്ചായത്തിലെ രശീതി ബുക്കുകൾ, സാഖ്യ രശീതികൾ എന്നിവയുടെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ഈ സ്റ്റോക്ക് രജിസ്റ്ററിൽ തന്നെ ആവശ്യമുള്ളത്ര പേജുകൾ തുടർച്ചയായി ഒഴിച്ചിടാതെ ഒരു പേജ് കഴിയുമ്പോൾ രജിസ്റ്ററിലെ മറ്റൊരു ഭാഗത്ത്

ക്യാരി ഓവർ ചെയ്താണ് ബാക്കിയുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ഇത് കൊണ്ട് തന്നെ ഒരു വർഷത്തെ രശീതി ബുക്കുകൾ, സാംഖ്യ രശീതികൾ എന്നിവയുടെ സ്റ്റോക്ക് വിവരങ്ങൾ പരിശോധിക്കുന്നതിന് പോലും രണ്ടോ അതിലധികമോ സ്റ്റോക്ക് രജിസ്റ്ററുകളുടെ വ്യത്യസ്ത ഭാഗങ്ങൾ പരിശോധിക്കേണ്ടി വരുന്നു (പേജ് നമ്പറുകൾ രേഖപ്പെടുത്തി ഇൻഡക്സ് തയ്യാറാക്കിയിട്ടുമില്ല). മുൻ വർഷങ്ങളിലെ സ്റ്റോക്ക് വിവരങ്ങൾ പരിശോധിക്കുന്നതിനും ക്യാരി ഓവർ ചെയ്ത് എഴുതുന്ന സ്റ്റോക്കിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിനും ഇത് പ്രയാസം സൃഷ്ടിക്കുന്നുണ്ട്. രശീതി ബുക്കുകൾ, സാംഖ്യ രശീതികൾ എന്നിവയുടെ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, തുടർ വർഷങ്ങളിലെ സ്റ്റോക്ക്, ഇഷ്യൂ വിവരങ്ങൾ അതിന്റെ തുടർച്ചയായി എഴുതേണ്ടതുമാണ്.

### 1-13 കാക്കഞ്ചേരി കിൻഫ്ര പാർക്ക് - വാടക കുടിശ്ശിക - അപാകതകൾ.

ജില്ലാ പഞ്ചായത്തിന്റെ 2003-04 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ടെക്നോപാർക്ക് എന്ന പ്രൊജക്ടിന്റെ ഭാഗമായി കാക്കഞ്ചേരി കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിലെ നിയോ സ്പേസ് കെട്ടിടത്തിന്റെ മൂന്നാം നിലയിൽ 4000 ചതുരശ്ര അടി സ്ഥലം ജില്ലാ പഞ്ചായത്ത് കിൻഫ്രയിൽ നിന്നും 30 വർഷത്തേക്ക് പാട്ടത്തിനെടുക്കുകയും പാട്ടക്കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. പാട്ടത്തുക ഒരു ചതുരശ്ര അടിക്ക് 800 രൂപ നിരക്കിൽ 32 ലക്ഷം രൂപയും രജിസ്ട്രേഷൻ ഫീസ് 5,000 രൂപയും കിൻഫ്രക്ക് മുൻകൂറായി നൽകിയതിന് ശേഷമാണ് കരാർ ഒപ്പ് വെച്ചിട്ടുള്ളത്. ഐ.ടി അനുബന്ധ വ്യവസായങ്ങൾ നടത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 13 സംരംഭകർക്ക് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും സംരംഭകരും തമ്മിലുള്ള കരാർ പ്രകാരം 3500 ച.അടി സ്ഥലം അനുവദിച്ചുനൽകുകയും അനുവദിക്കപ്പെട്ട വിസ്തീർണ്ണത്തിനനുസൃതമായി വാടക നിശ്ചയിക്കുകയും ചെയ്തു. 500 ച.അടി സ്ഥലം സംരംഭകർക്ക് പൊതുവായി ഉപയോഗിക്കാനുള്ളതുമാണ്.

ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള വ്യവസായകേന്ദ്രങ്ങളിൽനിന്നുള്ള വാടകപിരിവ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ജില്ലാ വ്യവസായകേന്ദ്രം മാനേജർ ആണ്. സംരംഭകർ ഒടുക്കേണ്ട വാടക, സംരംഭകരിൽ നിന്നും ജില്ലാ വ്യവസായ കേന്ദ്രത്തിൽ ശേഖരിക്കുകയും തുടർന്ന് ജില്ലാപഞ്ചായത്തിലേക്ക് അടവാക്കുകയുമാണ് ചെയ്യേണ്ടത്. ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ഹാജരാക്കിയ വാടക രജിസ്റ്ററിൽ പൂർണ്ണവിവരങ്ങൾ ലഭ്യമല്ല. ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ വരവ് ചെലവുകൾ രേഖപ്പെടുത്താൻ ജി.ഒ.(പി) നം.177/2006/ഫിൻ.തീയതി 12-04-2006 പ്രകാരം നിഷ്കർഷിച്ച Annexure B-II രജിസ്റ്റർ ജില്ലാ പഞ്ചായത്ത് ഓരോ ഗുണഭോക്താവിൽ നിന്നും ഓരോ മാസവും ലഭിക്കേണ്ട വാടക, വാടക ലഭിച്ചതിന്റെ വിവരം, കുടിശ്ശിക സംബന്ധിച്ച കണക്കുകൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയോ പ്രത്യേകം പട്ടികപ്പെടുത്തിയോ സൂക്ഷിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രകാരം 3 സംരംഭകർ തുക അടവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പേരും വിലാസവും. | അടവാക്കിയ തുക | ജില്ലാ വ്യവസായ കേന്ദത്തിൽ ഈടാക്കിയ രശീതി നമ്പർ / തിയ്യതി/തുക | വ്യവസായ കേന്ദ്രം ജില്ലാ പഞ്ചായത്തിൽ അടവാക്കിയ രശീതി നമ്പർ /തിയ്യതി/തുക |
|---|---|---|---|---|
| 1 | ശ്രീ.പി.വിനോദ്, മണ്ണാറയിൽ ഹൗസ്, ചേലേമ്പ്ര.പി.ഒ | 6,084 | 825/14 തി.15.05.2018 6084/-രൂപ | 118060100029 / 15.05.2018 6084/-രൂപ |
| 2 | ശ്രീ.പ്രകാശ്.പി, തത്തൻകോട്ടിൽ | 6,084 | 825/15 തി.21.05.2018 | 118060100033 / 22.05.2018 |

| | | | | |
|---|---|---|---|---|
| | ഹൗസ്, വൈദ്യരങ്ങാടി, രാമനാട്ടുകര. | | 6084/-രൂപ | 6084/-രൂപ |
| 3 | ശ്രീ.ഹംസ, അഞ്ച് മുക്കിൽ ഹൗസ്, രണ്ടത്താണി.പി.ഒ | 8,626 | 825/16 തി.21.05.2018 8626/-രൂപ | 118060100032 / 22.05.2018 8626/-രൂപ |

എന്നാൽ ഈ തുകയുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഓരോ വർഷത്തേയും മാസം തിരിച്ചുള്ള ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക വിവരങ്ങൾ രേഖപ്പെടുത്തേണ്ടതിന് പകരം വാടക ഡിമാന്റ് രജിസ്റ്ററിൽ അടച്ച തുക, ജില്ലാ വ്യവസായ കേന്ദ്രത്തിൽ അടവാക്കിയ രശീതി നമ്പർ/തിയ്യതി, ജില്ലാ പഞ്ചായത്തിൽ അടവാക്കിയ രശീതി നമ്പർ /തിയ്യതി എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡി.സി.ബി സ്റ്റേറ്റ്മെന്റും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

കമ്പ്യൂട്ടറിൽ തയ്യാറാക്കി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഭീമമായ തുക വാടക ഇനത്തിൽ പിരിച്ചെടുക്കാൻ കുടിശ്ശികയുണ്ട്. എന്നാൽ ഇതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിനായുള്ള യാതൊരു വിവരങ്ങളും വാടക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം കുടിശ്ശികയായി ലഭിക്കുവാനുള്ള തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നമ്പർ (1) | പേര് (2) | എഗ്രിമെന്റ് പ്രകാരം വാടക അടവാക്കി തുടങ്ങേണ്ട തിയതി (3) | അനുവദിച്ച വിസ്തീർണ്ണം (4) | പ്രതിമാസ വാടക (5) | ആകെ വാടക (കോമൺ ഫെസിലിറ്റി ചാർജ്+ സർവ്വീസ് ടാക്സ്, പലിശ) ഉൾപ്പെടെ) അടവാക്കേണ്ട തുക (2020 ഫെബ്രുവരി വരെ) (6) | അടവാക്കിയ തുക (7) | കുടിശ്ശിക-വാടക സ്റ്റേറ്റ്മെന്റ് പ്രകാരം (2020 ഫെബ്രുവരി വരെ) (8) |
|---|---|---|---|---|---|---|---|
| 1 | അബ്ദുൾ റസാഖ് വരിക്കോടൻ | 19.09.2008 | 350 | 1540 | 330067 | 85993 | 244074 |
| 2 | രാജേഷ് കരുവത്ത് | 19.09.2008 | 350 | 1540 | 330067 | 313787 | 16280 |
| 3 | മുജീബ് കക്കോടി | 19.09.2008 | 350 | 1540 | 330067 | 313787 | 16280 |
| 4 | ഫസൽ വരിക്കോടൻ | 19.09.2008 | 350 | 1540 | 330067 | 85993 | 244074 |
| 5 | നാഫിഹ്.പി | 19.09.2008 | 320 | 1411 | 301775 | 286872 | 14903 |
| 6 | അബ്ദുൾ ഗഫൂർ .കെ | 19.09.2008 | 320 | 1411 | 301775 | 78756 | 223019 |
| 7 | ജഹ്സൽ | 19.09.2008 | 320 | 1411 | 301775 | 286872 | 14903 |
| 8 | കിളിയമണ്ണിൽ യാക്കൂബ് | 19.09.2008 | 320 | 1411 | 301775 | 78756 | 223019 |
| 9 | ഹംസ അഞ്ചുമുക്കിൽ | 29.07.2008 | 150 | 662 | 79941 | 76895 | 3046 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | വിനോദ്.പി | 29.07.2008 | 100 | 441 | 54088 | 22360 | 31728 |
| 11 | പ്രകാശ്.പി | 29.07.2008 | 100 | 441 | 54088 | 51267 | 2821 |
| 12 | മുഹമ്മദ് അഷീർ.എൻ | 29.07.2008 | 100 | 441 | 54088 | 46069 | 8019 |
| 13 | മുഹമ്മദ് സഫീർ.എ | 29.07.2008 | 370 | 1632 | 200142 | 126137 | 74005 |
| ആകെ | | | | | 2969715 | 1853544 | 1116171 |

അനുവദിച്ച സ്ഥലത്തിന്റെ വാടക, മറ്റ് കാര്യങ്ങൾ എന്നിവ സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരത്തിനും കൂട്ടിച്ചേർക്കലുകൾക്കുമായി 29.01.2019 ന് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിലും വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാലുള്ള പലിശ, വാടക വർദ്ധന നിരക്ക് എന്നിവ സംബന്ധിച്ച് യാതൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ബൈലോയ്ക്ക് ജില്ലാ പഞ്ചായത്ത് അംഗീകാരം നൽകിയതായും കാണുന്നില്ല. ബൈലോ അംഗീകരിക്കാത്തതിന്റെ കാരണം സെക്രട്ടറി വിശദീകരിക്കേണ്ടതാണ്. 10 വർഷം മുമ്പ് നിശ്ചയിച്ച വാടകയാണ് നിലവിലും ബാധകമാക്കിയിരിക്കുന്നത്. ഈ കാലയളവിൽ വാടക പുതുക്കി നിശ്ചയിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.36/08.07.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് കൃത്യമായ ഡിമാന്റ്, കളക്ഷന്, കുടിശ്ശിക വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-14 കെ എസ് ഇ ബി നിക്ഷേപ പ്രവൃത്തികൾ - നിർവ്വഹണത്തിലെ അപാകതകൾ.

2018-19 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം ചെയ്ത ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ലൈൻ മാറ്റി സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, കെ എസ് സി ബി യിൽ സി ഡി അടവാക്കൽ, ലൈൻ വലിക്കൽ (പ്രോജക്ട് നമ്പർ :1919/19 )പ്രോജക്ട് വഴി താഴെ പറയുന്ന പ്രവൃത്തികൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലേക്ക് മുൻകൂറായി തുകകൾ കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ/ തിയ്യതി/ തുക | പ്രവർത്തിക്കായി മുൻകൂർ നൽകിയ തുക | മുൻകൂർ നൽകിയ സ്ഥാപനം | പ്രവൃത്തി |
|---|---|---|---|---|
| 1 | 40/18-19/ 17.11.18 (2605035) | 432079 | കെ എസ് ഇ ബി വെന്നിയൂർ സബ് സെക്ഷൻ. | കോഴിച്ചെന കാതൽ റോഡ് പ്രദേശത്ത് 100കെവിഎ ട്രാൻസ്ഫോർമർ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും |
| 2 | | 680569 | കെ എസ് ഇ ബി എടരിക്കോട് ഇലക്ട്രിക്കൽ സബ് സെക്ഷൻ. | മൂച്ചിക്കൽ പ്രദേശത്ത് 100 കെ വി എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ |
| 3 | | 330747 | കെ എസ് ഇ ബി എടരിക്കോട് ഇലക്ട്രിക്കൽ സബ് സെക്ഷൻ . | ക്ലാരി സൗത്ത് പ്രദേശത്തെ 100 കെ വി എ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ |
| 4 | | 192499 | കെ എസ് ഇ ബി എടരിക്കോട് ഇലക്ട്രിക്കൽ സബ് സെക്ഷൻ . | പെരുമണ്ണ ക്ലാരി പഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ പറമ്പിൻപീടിക-ഇന്ദിരാജി റോഡ് പ്രദേശത്ത് ത്രീഫേസ് ലൈൻ വലിക്കൽ |
| 5 | | 751690 | കെ എസ് ഇ ബി വെന്നിയൂർ | പെരുമണ്ണ അംഗൻവാടി പ്രദേശത്ത് 100കെവിഎ ട്രാൻസ്ഫോർമർ സ്ഥാപിക്കലും അനുബന്ധ |

| | | | | |
|---|---|---|---|---|
| | | | ഇലക്ട്രിക്കൽ സബ് സെക്ഷൻ . | പ്രവൃത്തികൾ |
| 6 | | 217451 | കെ എസ് സി ബി കൊളത്തൂർ ഇലക്ട്രിക്കൽ സബ് സെക്ഷൻ. | മുല്ലപ്പാറക്കുന്ന കീഴ്ശേരി വെങ്ങാട് പ്രദേശത്ത് 130 മീറ്റർ പുതിയ ത്രീഫേസ് വലിക്കലും 390 മീറ്റർ സിംഗിൾ ഫേസ് ത്രീ ഫേസാക്കലും പ്രവൃത്തികൾ |
| 7 | 48/18-19/ 28.11.2018 (2900036) | 178251 | കെ എസ് സി ബി തിരൂരങ്ങാടി ഇലക്ട്രിക്കൽ സബ് സെക്ഷൻ. | നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ പ്രവാസി നഗർ തോട്ടുങ്ങൽ എം ജി റോഡ് പ്രദേശത്ത് 700 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കൽ പ്രവൃത്തികൾ |
| 8 | | 463528 | കെ എസ് സി ബി താനൂർ ഈസ്റ്റ് ഇലക്ട്രിക്കൽ സബ് സെക്ഷൻ. | കല്ലത്താണി പ്രദേശത്ത് 100 കെ വി എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. |
| 9 | | 1620000 | കെ എസ് സി ബി പുഴക്കാട്ടിരി ഇലക്ട്രിക്കൽ സബ് സെക്ഷൻ . | മൂച്ചിക്കൽ മുതൽ ചന്തപറമ്പ് വരെയുള്ള 11 കെവി ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി |
| 10 | | 141831 | കെ എസ് സി ബി കുന്നുംപുറം ഇലക്ട്രിക്കൽ സബ് സെക്ഷൻ. | വേങ്ങര ഗ്രാമ പഞ്ചായത്തിൽ പാക്കടപ്പുറായ നമ്പിമഠം ഏരിയയിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ. |
| 11 | | 496426 | കെ എസ് സി ബി വേങ്ങര ഇലക്ട്രിക്കൽ സബ് സെക്ഷൻ. | വേങ്ങര ഗ്രാമ പഞ്ചായത്തിൽ 14ആം വാർഡിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ |
| 12 | 46/18-19/ 16.11.18 (1856372) | 129783 | കെ എസ് സി ബി കുന്നംപുറം ഇലക്ട്രിക്കൽ സബ് സെക്ഷൻ . | ഏ ആർ നഗർ ഗ്രാമ പഞ്ചായത്തിൽ പുതിയത്ത് പുറായ എരഞ്ഞിപ്പുറം റോഡ് പ്രദേശത്ത് വോൾട്ടേജ് കൂട്ടുന്നതിനായി 250മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കൽ |
| 13 | | 221570 | കെ എസ് സി ബി കുന്നംപുറം ഇലക്ട്രിക്കൽ സബ് സെക്ഷൻ. | കുർക്കൻ പറമ്പ് ചെങ്ങാനിക്കുണ്ട് റോഡ് പ്രദേശത്ത് വോൾട്ടേജ് കൂട്ടുന്നതിനായി 475 മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കൽ |
| 14 | | 179527 | കെ എസ് സി ബി കുന്നംപുറം ഇലക്ട്രിക്കൽ സബ് സെക്ഷൻ | മീമാട്ടു പാറ പ്രദേശത്ത് വോൾട്ടേജ് കൂട്ടുന്നതിനായി 220 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കലും 165 മീ ത്രീ ഫേസ് ലൈൻ വലിക്കലും |
| 15 | | 112914 | കെ എസ് സി ബി കുന്നംപുറം ഇലക്ട്രിക്കൽ സബ് സെക്ഷൻ. | വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി വീരാശ്ശേരി പുറായാ പ്രദേശത്ത് 190മീ ത്രീ ഫേസ് ലൈൻ വലിക്കൽ |
| 16 | | 163851 | കെ.എസ്.ഇ.ബി കുന്നംപുറം ഇലക്ട്രിക്കൽ സബ് സെക്ഷൻ. | വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി മീമാറ്റുപാറ തടത്തിൽ എസ് സി കോളനി പ്രദേശത്ത് 400മീ ത്രീ ഫേസ് ലൈൻ വലിക്കൽ |

| | | | | |
|---|---|---|---|---|
| 17 | | 78665 | കെ എസ് സി ബി കുന്നംപുറം ഇലക്ട്രിക്കൽ സബ് സെക്ഷൻ . | ഏ ആർ നഗർ ഗ്രാമ പഞ്ചായത്തിൽ കോഴിച്ചെന പ്രദേശത്ത് വോൾട്ടേജ് കൂട്ടുന്നതിനായി 240 മീ സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ആക്കൽ |
| 18 | | 274452 | കെ എസ് സി ബി എടരിക്കോട് ഇലക്ട്രിക്കൽ സബ് സെക്ഷൻ . | പുതുപ്പറമ്പിലെ വിവിധ പ്രദേശങ്ങളിലെ സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലൂടെയുള്ള ഇലക്ട്രിക് ലൈൻ റോഡിലൂടെ മാറ്റൽ |
| 19 | | 249806 | കെ എസ് സി ബി എടരിക്കോട് ഇലക്ട്രിക്കൽ സബ് സെക്ഷൻ. | എടരിക്കോട് പഞ്ചായത്തിലെ വാർഡ് 12 ൽ 1.5 കി മീ സ്ട്രീറ്റ് മെയിൻ വലിക്കൽ |
| 20 | | 445804 | കെ എസ് സി ബി എടരിക്കോട് ഇലക്ട്രിക്കൽ സബ് സെക്ഷൻ. | എടരിക്കോട് പഞ്ചായത്തിലെ വാർഡ് 1,2,3,16,5 എന്നിവയിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ |

മേൽ പ്രവൃത്തികളുടെ നിർവ്വഹണത്തിലെ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

I). ക്രമ നമ്പർ 1,5,9 എന്നീ പ്രവർത്തികളുടെ പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

II). ക്രമ നമ്പർ 4,6,7,10,12,13,14,17,22,23എന്നീ പ്രവൃത്തികൾ നിലവിലുള്ള വൈദ്യുതി വിതരണത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ളതാണ്. നിശ്ചിത വോൾട്ടേജിൽ വൈദ്യുതി വിതരണവും, വോൾട്ടേജ് ക്ഷാമം പരിഹരിക്കലും KSEB-യുടെ ചുമതലയിൽപ്പെട്ടതാണ്. ആയതിനാൽ മേൽ പ്രവൃത്തിക്ക് പദ്ധതി വിഹിതം ചെലവഴിച്ചത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. പദ്ധതി മാർഗ്ഗ രേഖ(സ. ഉ(കൈ)നം.11/2018/തസ്വഭവ,തിരുവനന്തപുരം, തിയ്യതി:29.01.2018) ഖണ്ഡിക 5.3.1(2) പ്രകാരം വൈദ്യുതി എത്താത്ത മുഴുവൻ പ്രദേശങ്ങളിലേക്കും വൈദ്യുതി എത്തിക്കുന്നതിനായി ലൈൻ ദീർഘിപ്പിക്കൽ , ഗാർഹിക വൈദ്യുതീകരണം എന്നിവക്കാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ മേൽ പ്രവർത്തികൾ പ്രകാരം വോൾട്ടേജ് ക്ഷമത വർദ്ധിപ്പിക്കുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇത്തരം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. പദ്ധതി മാർഗ്ഗ രേഖക്ക് വിരുദ്ധമായാണ് പ്രൊജക്ടുകൾ നടപ്പാക്കിയത്.

III).ക്രമ നമ്പർ 1,2,5,8 പ്രവൃത്തികൾ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും, ക്രമ നമ്പർ 3 ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ളതാണ്. കെ എസ് ഇ ബി യുടെ ചുമതലയിൽപെട്ട ഇത്തരം പ്രവർത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടില്ല.

IV).ക്രമ നമ്പർ 9,18 എന്നീ പ്രവൃത്തികൾ ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായുള്ളതാണ്. സ്വകാര്യ വ്യക്തികളുടെ സ്ഥലത്തിലൂടെ , അവരുടെ കൺസെന്റ് ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ഇലക്ട്രിക് ലൈൻ വലിക്കുന്നത്. ആയത് മാറ്റി സ്ഥാപിക്കുന്നതിന് സ്വകാര്യ വ്യക്തി കെ എസ് സി ബി യിലേക്ക് പണം അടവാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നത് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് തുല്യമാണ്. ചുമതലയിൽ പെടാത്ത ഇത്തരം പ്രവർത്തികൾ ഏറ്റെടുത്തതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടില്ല.

മേൽ അപാകതകൾ കാണിച്ച് നൽകിയ എൻക്വയറിക്ക്(10/02.07.2020) ന് ക്രമ നമ്പർ I അപാകതയിൽ സൂചിപ്പിച്ച് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് നൽകുന്നതാണെന്നും ക്രമ നമ്പർ II,III, IV അപാകതകൾക്ക് നിലവിൽ സർക്കാർ ഉത്തരവുകളൊന്നും ലഭ്യമല്ലെന്നും സർക്കാർ സാധൂകരണം ലഭ്യമാവുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. അപാകതകൾ പരിഹരിക്കുന്നതു വരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയ ക്രമ നമ്പർ 11,19,20 എന്നീ പ്രവർത്തികൾ ഒഴികെയുള്ള പ്രവർത്തികളുടെ ചെലവു തുക 6169407/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-15 വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് പ്രവൃത്തി - ബാക്കി തുക തിരികെ വാങ്ങിയിട്ടില്ല.

പ്രോജക്റ്റ് : 821/19 ഐലശ്ശേരി മധുമല കുടിവെള്ള പദ്ധതി നീട്ടൽ- കാളികാവ്

ബിൽ നമ്പർ : 28/18-19/29.09.18 (500000/-)

ബിൽ നമ്പർ : 31/18-19/24.10.18 (500000/-)

കാളികാവ് ഗ്രാമപഞ്ചായത്തിലെ ഐലശ്ശേരി മധുമല കുടിവെള്ള പദ്ധതി - പൈപ്പ്ലൈൻ നീട്ടൽ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിയിൽ പണം ഡെപ്പോസിറ്റ് ചെയ്ത മേൽപ്രവർത്തി 830176/- രൂപക്ക് പൂർത്തീകരിച്ചതായി വാട്ടർ അതോറിറ്റി വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം (എ.ബി 2/5461/09 തിയ്യതി 12.06.2019) . 169824/-രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നതായും ആയത് തിരിച്ചടക്കാൻ തയ്യാറാണെന്നും വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. എന്നാൽ ടി തുക പ്രസ്തുത പ്രദേശത്ത് തന്നെ പൈപ്പ് ലൈൻ നീട്ടുന്ന പ്രവർത്തിക്കായി ഉപയോഗിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ കൈയ്യിൽ തന്നെ നിലനിർത്താവുന്നതാണെന്ന് 26.06.2019 ലെ ഭരണസമിതി മീറ്റിംഗിൽ തീരുമാനിക്കുകയും (തീരുമാനം നമ്പർ 8(3)) ആയത് വാട്ടർ അതോറിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഒരു പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ സ്ഥാപിക്കൽ ആ ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തിനെ സഹായിക്കുന്നതിനായി പ്രോജക്റ്റ് നടപ്പാക്കാൻ, പദ്ധതി മാർഗ്ഗരേഖ പ്രകാരം ജില്ലാ പഞ്ചായത്തിന് അനുമതിയുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ അനുമതി വേണം എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ അനുമതി, സോഴ്സ്, ടാങ്ക് എന്നിവ സ്ഥാപിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ എന്നിവയൊന്നും പരിശോധനക്കായി ലഭ്യമാക്കിയില്ല.

കേരള വാട്ടർ അതോറിറ്റിയുമായുള്ള കരാർ പ്രകാരം പ്രവൃത്തിയുടെ ഫൈനൽ ബില്ലിന്റെ പകർപ്പ് കേരള വാട്ടർ അതോറിറ്റി ജില്ലാ പഞ്ചായത്തിന് നൽകേണ്ടതാണ്. എന്നാൽ ഇത് ലഭ്യമാക്കിയതായി കാണുന്നില്ല. ഫൈനൽ ബില്ലും, ചെലവഴിക്കാതെ ബാക്കി വന്ന തുക ഉപയോഗിച്ച് പുതിയ പ്രൊജക്റ്റ് നടപ്പാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി .( 11/02.07.2020 ) വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. അവശേഷിക്കുന്ന തുകക്ക് നാളിതുവരെ പ്രൊജക്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തുക തിരികെ ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിൽ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 മുൻകൂർ തുക നൽകിയ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണം ചെയ്ത വിവിധ പ്രൊജക്റ്റുകളിലായി വിവിധ സ്ഥാപനങ്ങളിലേക്ക് മുൻകൂറായി തുകകൾ നൽകിയിട്ടുണ്ട്. അവയുടെ വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. പൂർത്തീകരിച്ച പ്രവൃത്തികളിൽ അവശേഷിക്കുന്ന തുക തിരികെ അടവാക്കിയിട്ടുമില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

### (1) കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികൾ

കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതിനായി മുൻകൂർ പണം നൽകിയ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് പൂർത്തികരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രവൃത്തി | ബിൽ നമ്പർ/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 62/19 അമരമ്പലം ഗ്രാമ പഞ്ചായത്തിലെ തോട്ടേക്കാട് പുതിയക്കോട് റോഡ് കുളിക്കുന്ന് കുടിവെള്ള പദ്ധതി | 64/18-19/19.03.19 | 1000000 | സ്ഥലം കൈമാറി 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 2 | 2119/19 നിറമരുതൂർ പഞ്ചായത്തിലെ 1,16,17 വാർഡുകളിലേക്ക് റൈഡർ മെയിൻ വാങ്ങൽ | 71/18-19/20.03.19 | 1420000 | സ്ഥലം കൈമാറി 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 3 | 279/19തിരുനാവായ ത്വരിത കുടിവെള്ള പദ്ധതി മാറാക്കര പഞ്ചായത്തിലെ വിവിധ എസ് സി കോളനികളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 37/18-19/24.10.18 | 2000000 | സ്ഥലം കൈമാറി 12 മാസത്തിനകം പ്രവൃത്തി |

| | | | | |
|---|---|---|---|---|
| | | | | പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 4 | 673/19പനമ്പാലം കുടിവെള്ള പദ്ധതിക്ക് വേണ്ടി റോഡ് കട്ടിംഗിന് തുക അടവാക്കൽ | 17/18-19/ 31.08.18 | 362925 | സ്ഥലം കൈമാറി 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 5 | 848/19ചീക്കോട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ- പുളിക്കൽ പഞ്ചായത്തിലെ 15,17,18,20 എന്നീ വാർഡുകൾ ഉൾക്കൊള്ളു ന്ന പ്രദേശങ്ങൾ | 45/18-19/16.11.18 | 2000000 | സ്ഥലം കൈമാറി 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 6 | 724/19തിരുനാവായ ത്വരിത കുടിവെള്ള പദ്ധതി തിരുനാവായ പഞ്ചായത്തിലെ 6,7,8,11,15,16,17,19 വാർഡുകളിലേക്ക് പൈപ്പ് ലൈൻ | 49/18-19/30.11.18<br>54/18-19/29.12.18 | 500000<br>570000 | സ്ഥലം കൈമാറി 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 7 | 708/19 തിരുത്തുമ്മൽ കുടിവെള്ള പദ്ധതി-ചെറിയമുണ്ടം | 50/18-19/13.12.18<br>55/18-19/29.12.18 | 500000<br>500000 | സ്ഥലം കൈമാറി 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 8 | 851/19തിരുനാവായ ത്വരിത കുടിവെള്ള പദ്ധതി തിരുനാവായ പഞ്ചായത്തിലെ 1,2,3,20,21,22,23 എന്നീ വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 38/18-19/24.10.18 | 2450000 | സ്ഥലം കൈമാറി 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 9 | 901/19മോങ്ങം കുഴിലംകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം- മൊറയൂർ | 45/18-19/18.01.19 | 1000000 | സ്ഥലം കൈമാറി 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 10 | 1084/19മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിലെ ഹാജിയാർ പടി കുഴിഞ്ഞോളം പൈപ്പ് ലൈൻ നീട്ടൽ | 47/18-19/16.11.18<br>54/18-19/29.12.18 | 1000000<br>570000 | സ്ഥലം കൈമാറി 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 11 | 1772/19തിരുനാവായ ത്വരിത കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ആതവനാട് പഞ്ചായത്തിലെ 11,18,13,5 വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 36/18-19/24.10.18 | 1500000 | സ്ഥലം കൈമാറി 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 12 | 1764/19തിരുനാവായ ത്വരിത കുടിവെള്ള പദ്ധതി ആതവനാട് പഞ്ചായത്തിലെ 2,4 വാർഡുകളിലേക്ക് പൈപ്പ് ലൈൻ | 42/18-19/16.11.18 | 1040000 | സ്ഥലം കൈമാറി 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 13 | 2074/19തിരുനാവായ ത്വരിത കുടിവെള്ള പദ്ധതി ആതവനാട് പഞ്ചായത്തിലെ പറക്കുന്ന് എസ് സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 82/18-19/29.03.19 | 999000 | സ്ഥലം കൈമാറി 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 14 | 1698/19കുറിയപ്പാടം, ചാലിപ്പാടം കോളനികളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ-വള്ളിക്കുന്ന് | 63/18-19/14.03.19 | 2200000 | സ്ഥലം കൈമാറി 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 15 | 1773/19 ചീക്കോട് കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി മുതുവല്ലൂർ പഞ്ചായത്തിലെ | 41/18-19/16.11.19 | 1000000 | സ്ഥലം കൈമാറി 12 മാസത്തിനകം |

| | | | | |
|---|---|---|---|---|
| | ചെറിച്ചിക്കമ്പ് വാഴങ്ങോട് പ്രദേശത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | | | പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 16 | 1407/19കണ്ണമംഗലം പഞ്ചായത്തിൽ KWA വഴി നടപ്പിലാക്കുന്ന പദ്ധതിയിൽ വിവിധ എസ് സി കോളനികളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് തുക അടവാക്കൽ | 01/18-19/16.05.18 | 2500000 | സ്ഥലം കൈമാറി 10 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാർ നിബന്ധന |
| 17 | 885/19 മൂർക്കനാട് മേജർ കുടിവെള്ള പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടൽ-മക്കരപ്പറമ്പ് | 75/18-19/26.03.19 | 500000 | ബഹുവർഷ പ്രോജക്ട് 2019-20 ൽ 500000/- രൂപ കൂടി (ബിൽ നമ്പർ 16/19-20/16.09.19) ഈ പ്രോജക്ടിനായി അടവാക്കിയിട്ടുണ്ട്. |
| | | | 23611925 | |

മേൽ പ്രോജക്ടുകളിലെല്ലാം തന്നെ കരാർ നിബന്ധനപ്രകാരം സ്ഥലം കൈമാറി നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നാണ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം കൈമാറിയതിന്റെ വിവരം ഫയലിൽ ഇല്ല. പ്രവൃത്തി കൃത്യസമയത്ത് പൂർത്തീകരിച്ചിട്ടുണ്ടോ എന്ന പരിശോധിക്കുന്നതിന് സ്ഥലം കൈമാറിയ വിവരം ലഭ്യമാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ സ്ഥാപിക്കൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തിനെ സഹായിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കാൻ, പദ്ധതി മാർഗ്ഗരേഖ പ്രകാരം ജില്ലാ പഞ്ചായത്തിന് അനുമതിയനൽകിയിട്ടുണ്ടെങ്കിലും ആയതിന് ഗ്രാമപഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള അനുമതി ഫയൽ ലഭ്യമല്ല. മാത്രവുമല്ല കുടിവെള്ള പദ്ധതിയുടെ സോഴ്സ്, ടാങ്ക് എന്നിവ സ്ഥാപിച്ചിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകളും ഫയലിൽ ലഭ്യമല്ല.

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം , നിലവിലെ അവസ്ഥ എന്നിവ അറിയിക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 12/02.07.2020) പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് KWA ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാവുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ/ പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക 23611925/- രൂപ തടസ്സം ചെയ്യുന്നു.

## (2) വിവിധ സ്ഥാപനങ്ങളിൽ മുൻകൂർ നൽകിയ തുകയുടെ വിവരം

സെക്രട്ടറി നിർവ്വഹണം ചെയ്ത വിവിധ പ്രോജക്ടുകളിലായി വിവിധ സ്ഥാപനങ്ങളിലേക്ക് മുൻകൂറായി തുകകൾ കൈമാറിയിട്ടുണ്ട്. പദ്ധതികളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/ തിയ്യതി | പ്രോജക്ട് | തുക | മുൻകൂർ നൽകിയ സ്ഥാപനം | വിനിയോഗ വിവരം |
|---|---|---|---|---|---|
| 1 | 34/18-19/ 24.10.2018 | 1915/19 കരിപ്പോൾ ജി എച്ച് എസ് കോമ്പൗണ്ടിലൂടെ കടന്ന് പോകുന്ന ലൈൻ മാറ്റി സ്ഥാപിക്കൽ - പുത്തനത്താണി ഫീഡർ | 243306 | കെ എസ് സി ബി, ഇലക്ട്രിക്കൽ സെക്ഷൻ കാടാമ്പുഴ | ലഭ്യമല്ല |
| 2 | 05/18-19/ 16.06.2018 | 04/19 എസ് എസ് എ ജില്ലാ പഞ്ചായത്ത് വിഹിതം 18-19 | 10000000 | എസ് എസ് എ ഡിസ്ട്രിക്ട് പ്രോജക്ട് മിഷൻ | ലഭ്യമല്ല |
| 3 | 56/18-19/29.12.18 | 2071/19 പെരുവള്ളൂർ CHC യിൽ മുലയൂട്ടൽ കേന്ദ്രം- തിരൂരങ്ങാടി ബ്ലോക്കിന് വിഹിതം നൽകൽ | 500000 | തിരൂരങ്ങാടി ബ്ലോക്ക് | ലഭ്യമല്ല |
| 4 | 80/18-19/29.3.19 | 2118/19 പൊതു ശ്മശാനം | 2900000 | മാറാക്കര | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | | നിർമ്മിക്കൽ | | പഞ്ചായത്ത്. | |
| 5 | 57/18-19/29.12.18 | 2011/19 ചീക്കോട് പഞ്ചായത്ത് അട്ടൂരപ്പറമ്പ് അംഗൻവാടിക്ക് മുകളിൽ വനിതാ തൊഴിൽ പരിശ്ശീലന കേന്ദ്രം നിർമ്മാണത്തിന് ചീക്കോട് പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 1000000 | ചീക്കോട് ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല |
| 6 | 33/18-19/24.10.18 | 968/19 കളിയാട്ടമുക്ക് കിക്കരങ്ങാട്ട് കുളിക്കടവ് നിർമ്മാണം -മുന്നിയൂർ ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 1000000 | മുന്നിയൂർ ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല |
| 7 | 32/ 18-19/ 24.10.18 | 1938/19 ചേലാരിപ്പറമ്പ് ഡ്രൈനേജ് നിർമ്മാണത്തിന് -മുന്നിയൂർ ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ-മുന്നിയൂർ | 1000000 | മുന്നിയൂർ ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല |
| 8 | 61/18-19/29.12.18 | 2009/19 മാതക്കോട് അംഗൻവാടി നിർമ്മാണത്തിന് അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ-അരീക്കോട്.<br><br>(ബഹു വർഷ പ്രോജക്ട് (1084/20) | 500000 | അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല |
| 9 | 27/18-19/27.09.18 | 1765/19പരപ്പിൽ പാലവും അനുബന്ധ റോഡും ഏ ആർ നഗർ ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 1450000 | ഏ ആർ നഗർ ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല |
| 10 | 81/ 18-19/ 29.03.19 | 2077/19 വല്ലംകുളം പാങ്ങ് കുളം നിർമ്മാണത്തിന് കുറുവ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 1500000 | കുറുവ ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല |
| 11 | 16/18-19/29.08.18 | 1769/19 കാലവർഷക്കെടുതി ദുരിതാശ്വാസ പ്രവർത്തനങ്ങൾ | 1000000 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി | ലഭ്യമല്ല |
| 12 | 70/ 18-19/ 13.03.19 | 1088/19 കാളിക്കാവ് പുഴക്ക് അമ്പലക്കടവ് പാലത്തിന് താഴെ തടയണ നിർമ്മാണത്തിന് കാളികാവ് ബ്ലോക്ക് പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 688296 | കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല |
| 13 | ചെക്ക് നം. 5023228/12.09.18 | 1100/19 കണ്ടംകുളം അണ്ടിക്കാട് പാത്ത് വേക്ക് (സ്ലാബ് നിർമ്മാണം)പുൽപ്പറ്റ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 700000 | പുൽപ്പറ്റ ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല |
| 14 | 78/18-19/29.3. 19 | 2146/19 ചീക്കോട് പഞ്ചായത്തിലെ പൊന്നാട് സി എച്ച് സി യിൽ ജറിയാടിക് വാർഡ് നിർമ്മിക്കുന്നതിന് അരീക്കോട് | 1500000 | അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | | ബ്ലോക്ക് പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | | | |
| 15 | 60/ 18-19/ 01.02.19 | 2008/19 കുഴിമണ്ണ ബി ആർ സി കെട്ടട നിർമ്മാണംഅരീക്കോട് ബ്ലോക്ക് പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 500000 | അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല |
| 16 | 76/ 18-19/ 12.03.19 | ഐ കെ എം ന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 917456 | ഇൻഫർമേഷൻ കേരള മിഷൻ | ലഭ്യമല്ല |
| 17 | 21/ 18-19/06.9.18 | 1718/19 ആമയൂർ സബ്സെന്ററിന് പുതിയ കെട്ടിടം, വാർഡ് 2 നിർമ്മിക്കുന്നതിന് തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 500000 | തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല |
| 18 | 20/ 18-19/06.9.18 | 1763/19 മരത്താണി പൊതുകുളം നിർമ്മാണത്തിന് തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 1000000 | തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല |
| 19 | 65/18-19/19.03.19 | 571/19 ചേരിപ്പറമ്പ് ചെറുമാൻ കുന്ന് എസ് സി കോളനിയിലും താഴിയോട്ടിൽ എസ് സി കോളനിയിലും മൈക്രോ വാട്ടർ സപ്ലൈസ്കീം (എടപ്പറ്റ) | 448700 | ഭൂജല വകുപ്പ് | ലഭ്യമല്ല<br><br>(2019-20 വർഷത്തിൽ462200/- രൂപയും (ബിൽ നമ്പർ 12/19-20/16.07.19) പ്രോജക്റ്റ് നമ്പർ 1894/20) ബഹുവർഷ പ്രോജക്ടായ പദ്ധതിക്ക് കൈമാറിയിട്ടുണ്ട്.) |
| | | | 27347758 | | |

മേൽ പ്രവർത്തികളുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(ഓഡിറ്റ് എൻക്വയറി 57/10.07.2020)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക 27347758/- രൂപ തടസ്സത്തിൽ വെക്കുന്നു.

## (3) അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കിയില്ല

മുൻകൂറായി തുക നൽകിയ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയെങ്കിലും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കിയില്ല. വിശദ വിവരം ചുവടെ

| ക്രമ | ബിൽ നമ്പർ/ തിയ്യതി | പ്രോജക്റ്റ് | മുൻകൂർ നൽകിയ തുക | മുൻകൂർ നൽകപ്പെട്ട സ്ഥാപനം | ചെലവഴിച്ച തുക | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | വിനിയോഗ വിവരം |
|---|---|---|---|---|---|---|---|
| 1 | 74/18-19/ 27.03.19 | 2010/19 ചീക്കോട് ഗ്രാമ പഞ്ചായത്തിലെ പൊന്നാട് ബഡ്സ് സ്കൂളിന് കെട്ടിടം നിർമ്മാണത്തിന് ചീക്കോട് ഗ്രാമ പഞ്ചായത്തിന് ജില്ലാ | 1000000 | ചീക്കോട് ഗ്രാമ പഞ്ചായത്ത് | 609764 | 390236 | 609764/- രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കി. 390236/- രൂപ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പഞ്ചായത്ത് വിഹിതം നൽകൽ | | | | | തിരിച്ചടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 2 | 58/ 18-19/ 19.02.19 | 2078/19ബ്ഡ്സ് സ്കൂൾ റീഹാബിലിറ്റേഷൻ സെന്റർ (സ്വപ്നക്കൂട്) കെട്ടിട നിർമ്മാണത്തിന് അരീക്കോട് ഗ്രാമപഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 1000000 | അരീക്കോട് ഗ്രാമ പഞ്ചായത്ത് | 896087 | 103913 | 896087/- രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കി 103913/- രൂപയുടെ വിനിയോഗ വിവരം കൂടി ലഭ്യമാക്കേണ്ടതാണ്. |
| 3 | 22/ 18-19/06.9.18 | 1717/19 എളംകൂർ പി എച്ച് സി യിൽ അമ്മമാർക്ക് മുലയൂട്ടൽ കേന്ദ്രവും, സ്ത്രീകൾക്ക് വിശ്രമ മുറിയും നിർമ്മിക്കുന്നതിന് തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 1000000 | തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് | 714172 | 285828 | 714172/- രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കി. 285828/- രൂപ തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| | | | | | | 779977 | |

ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചീടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. അതുവരെ തുക 779977/- രൂപ തടസ്സം ചെയ്യുന്നു.

## 1-17 വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് - സെന്റേജ് ചാർജ്ജ് അധികം നൽകി.

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയ്ക്കുള്ള 2.5 % സെന്റേജ് ചാർജ്ജ് ഈടാക്കാൻ പാടില്ല എന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.04.2018 ലെ GO(RT) /1069/2018 നമ്പർ ഉത്തരവിൽ നിർദേശിച്ചതാണ്. എന്നാൽ 2018-19 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ പണം ഡെപ്പോസിറ്റ് ചെയ്ത താഴെ പറയുന്ന പ്രവൃത്തികളിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയ്ക്കുള്ള 2.5 % ഉൾപ്പെടെ സെന്റേജ് ചാർജ്ജ് നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തി | കരാർ തിയ്യതി | എസ്റ്റിമേറ്റ് തുക(Lumpsum-round off ഒഴികെ) | സെന്റേജ് ചാർജ്ജിനത്തിൽ നൽകിയ തുക(12.5%) | നൽകേണ്ടിയിരുന്ന തുക (10%) | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 821/19 ഐലശ്ശേരി മധുമല കുടിവെള്ള പദ്ധതി നീട്ടൽ<br><br>ബിൽ നമ്പർ:28/18-19/29.09.18(500000) | 26.09.18 | 791866.47 | 98983.33 | 79186.64 | 19796.69 |

| | | | | | | |
|---|---|---|---|---|---|---|
| | ബിൽ നമ്പർ:31/18-19/24.10.18(500000) | | | | | |
| 2 | 279/19 തിരുനാവായ ത്വരിത കുടിവെള്ള പദ്ധതി മാറാക്കര പഞ്ചായത്തിലെ വിവിധ എസ് സി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- മാറാക്കര ഗ്രാമ പഞ്ചായത്ത്<br>ബിൽ നമ്പർ:37/18-19/24.10.18(2000000) | 26.09.18 | 1768328.79 | 221041.09 | 176832.87 | 44208.21 |
| 3 | 885/19 മൂർക്കനാട് മേജർ കുടിവെള്ള പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടൽ- മക്കരപ്പറമ്പ്<br>(ബിൽനമ്പർ 75/18-19/26.03.19(500000)+ 16/19-20/16.09.19 (500000) | 28.02.19 | 785160.53 | 98145.16 | 78516.05 | 19629.11 |
| | | | | | | 83634.01 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി 13/02.07.2020)

## 1-18 സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ദിവസവേതന ജീവനക്കാരെ നിയമിച്ചത് ക്രമപ്രകാരമല്ല

2018-19 സാമ്പത്തിക വർഷത്തിൽ, മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ താൽക്കാലിക ജീവനക്കാരെ നിയമിക്കുകയും, ഇപ്പോഴും ജോലിയിൽ തുടരുന്നതായും കാണുന്നു. ജില്ലാ പഞ്ചായത്ത് കാര്യാലയത്തിൽ 9 പേരും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 3 പേരുമാണ് ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നത്. ഇവർ മുൻ വർഷങ്ങളിലും ഇപ്രകാരം ജോലി ചെയ്തവരാണെന്ന് രേഖകളിൽ നിന്നും വ്യക്തമാണ്. വർഷങ്ങളായി ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | തസ്തിക | കാര്യാലയം |
|---|---|---|
| ബൽക്കീസ്.ടി. | ക്ലർക്ക് | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| മുഹമ്മദ് അബു സൂഫിയാൻ | ക്ലർക്ക് | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| മുഹമ്മദ് ഷരീഫ് | ക്ലർക്ക് | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| അബ്ദുള്ളക്കുട്ടി | ക്ലർക്ക് | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| ആബിദ.കെ | സ്വീപ്പർ | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| അനീസ് മോൻ.പി.പി. | ഡ്രൈവർ<br>(Vice president ) | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| ദിനേഷ് ടി | ഡ്രൈവർ (പ്രസിഡണ്ട്) | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| നൗഷാദലി .പി. | ഡ്രൈവർ (സെക്രട്ടറി) | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| | | |

| | | |
|---|---|---|
| അബ്ദുൽ ബഷീർ | വാച്ച് മാൻ | ജില്ലാ പഞ്ചായത്ത് കാര്യാലയം |
| മുഹമ്മദ് ഷാഫി ആമിയാൻ | ടൈപ്പിസ്റ്റ് | എക്സികൃൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം |
| മുഹമ്മദ് സജീർ | ക്ലർക്ക് | എക്സികൃൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം |
| വിനോദ്.എം. | ഓവർസിയർ | എക്സികൃൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം |

സ്ഥിരം ജീവനക്കാരുടെ ഒഴിവിലോ, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലോ അല്ല, മേൽപ്പറഞ്ഞവരെ നിയമിച്ചതെന്ന കാണുന്നു.ജി.ഒ.(പി)28/2016/ഫിൻ തീയതി 26/02/16 പ്രകാരം, അടിയന്തിര ഘട്ടങ്ങളിൽ, കരാർ വ്യവസ്ഥയിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുമ്പോൾ 179 ദിവസത്തിൽ അധികരിക്കരുത് എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. മേൽ തസ്തികകൾ തുടർന്ന കൊണ്ടു പോകുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതിയും ആവശ്യമാണ്. മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടാൽ, നിയമനം നടത്തിയ ഉദ്യോഗസ്ഥരും, വേതനം നൽകിയ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം ജീവനക്കാർക്ക് വേതനം നൽകുന്നതിന് ഓരോ മാസവും വലിയ സംഖ്യ ചെലവഴിക്കുന്നുണ്ട്. 2018-19 വർഷത്തിൽ (01.04.18 മുതൽ 31.03.2019വരെ ) ഇത്തരത്തിൽ ചെലവഴിച്ച വേതന വിവരം താഴെ ചേർക്കുന്നു.

| മാസം | വൗച്ചർ നമ്പർ/തിയ്യതി | ആകെ വേതനയിനത്തിലെ ചെലവ് |
|---|---|---|
| 2018 ഏപ്രിൽ | 21800011/10.04.2018 | 152510 |
| | 21800012/10.04.2018 | 59640 |
| 2018 മെയ് | 21800076/03.05.2018 | 138950 |
| | 21800089/07.05.2018 | 47570 |
| 2018 ജൂൺ | 21800140/01.06.2018 | 135240 |
| | 21800150/05.06.2018 | 51830 |
| 2018 ജൂലൈ | 21800205/05.07.2018 | 123940 |
| | 21800219/06.07.2018 | 49700 |
| 2018 ആഗസ്റ്റ് | 21800283/03.08.2018 | 51475 |
| | 21800293/03.08.2018 | 136645 |
| 2018 സെപ്റ്റംബർ | 21800357/04.09.2018 | 116715 |
| | 21800358/04.09.2018 | 46400 |
| 2018 ഒക്ടോബർ | 21800414/01.10.2018 | 44950 |
| | 21800425/04.10.2018 | 128465 |
| 2018 നവംബർ | 21800495/07.11.2018 | 131675 |
| | 21800501/07.11.2018 | 50025 |
| 2018 ഡിസംബർ | 21800599/03.12.2018 | 129570 |
| | 21800603/05.12.2018 | 50025 |
| 2019 ജനുവരി | 21800681/04.01.2019 | 139190 |
| | 21800697/07.01.2019 | 49300 |
| 2019 ഫെബ്രുവരി | 21801366/01.02.2019 | 129765 |
| | 21801378/02.02.2019 | 46400 |
| 2019 മാർച്ച് | 21801455/01.03.2019 | 47850 |
| | 21801456/01.03.2019 | 122290 |
| ആകെ | | 2180120 |

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (54/10.07.2020 ) മറുപടിയിൽ ജില്ലാ പഞ്ചായത്തിന് പഞ്ചായത്ത് ഡയറക്ടർ അനുവദിച്ച 7 സീനിയർ ക്ലാർക്ക് തസ്തികയിൽ മാത്രമാണ് നിലവിൽ ക്ലാർക്കുമാരുള്ളത് എന്നും പുനർ വിന്യസിച്ച നൽകിയ 5 ക്ലർക്ക് തസ്തികയിൽ നിലവിൽ ആരും ജോലി ചെയ്യുന്നില്ല എന്നും പുനർ വിന്യാസ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ കഴിയാത്തതിനാലാണ് താത്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയതെന്നും വിശദീകരിച്ചു. ജില്ലാ പഞ്ചായത്തിൽ 4 വാഹനങ്ങൾ ഉണ്ടായിരിക്കെ ഒരു സ്ഥിര ഡ്രൈവർ തസ്തിക മാത്രമാണ് ഉള്ളതെന്നും സ്വീപ്പിംഗ് ഏരിയ കൂടുതലായതിനാലാണ് ഒരു സ്വീപ്പറെ കൂടി താത്കാലികമായി നിയമിച്ചതെന്നും 4 ഔദ്യോഗിക വാഹനങ്ങൾ ഉള്ള ഓഫീസിൽ മറ്റ് ക്രമീകരണങ്ങൾ ഇല്ലാത്തതിനാലാണ് സെക്യൂരിറ്റി ഉദ്യോഗസ്ഥനെ താത്കാലികാടിസ്ഥാനത്തിൽ നിയമിച്ചതെന്നും മറുപടിയിൽ പറയുന്നു.

മുൻ റിപ്പോർട്ടിൽ ഇക്കാര്യം സംബന്ധിച്ചുള്ള പരാമർശത്തിന് സ്റ്റാഫ് പാറ്റേൺ വളരെ കുറവായതിനാലാണ് ഇത്തരത്തിൽ താത്ക്കാലിക നിയമനം നടത്തേണ്ടിവന്നതെന്ന മറുപടിയാണ് നൽകിയത്. ജില്ലാ പഞ്ചായത്തിന്റെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കേണ്ടതിനാവശ്യമായ കാര്യങ്ങൾ ബോധ്യപ്പെടുത്തുന്ന വിധത്തിൽ വിശദമായ ഭരണസമിതി തീരുമാന സഹിതം സർക്കാരിനെ സമീപിച്ച് പുതിയ തസ്തിക അനുവദിച്ച് കിട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
താത്കാലിക ജീവനക്കാരെ നിയമിച്ച് തുടർന്ന് പോരുന്നതിന് സർക്കാരിന്റെ പ്രത്യക അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും , ദിവസ വേതനാടിസ്ഥാനത്തിലുള്ള ജീവനക്കാരെ തുടർന്നും നിയമിക്കാൻ ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയതും , മേൽ ജീവനക്കാരുമായി കരാർ വെച്ചതിന്റെ രേഖകളും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 2180120 തടസ്സം ചെയ്യുന്നു.

## 1-19 പൊതു വിദ്യാഭ്യാസ യജ്ഞം - ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ- പണം നാളിതുവരെ ഉപയോഗിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി, ജില്ലാ പഞ്ചായത്ത്
പ്രോജക്ട് നമ്പർ 1406/19 പൊതു വിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി ഹൈടെക്കായി ഉയർത്തിയ സ്കൂളുകൾക്ക് ടോയ് ലൈറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിന് ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി 2017-18 ലെ പ്രോജക്ട് നമ്പർ 1901/18 സ്പിൽ ഓവറായി 2018-19 ൽ നടപ്പിലാക്കിയ പദ്ധതിയാണ്. പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി 3 കോടിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകൾക്ക് 5 ലക്ഷം രൂപയും 10 കോടിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകൾക്ക് 10 ലക്ഷം രൂപയും ടോയ്ലെറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതം നൽകുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. 44 സ്കൂളുകൾക്ക് നൽകുന്നതിനാണ് 26500000/- രൂപ വകയിരുത്തി 2017-18 ൽ പദ്ധതി അംഗീകാരം നേടിയത്. 2017-18 ൽ ടി പദ്ധതി പ്രകാരം 27 സ്കൂളുകൾക്കായി 1,90,00,000/- രൂപ കൈമാറിയിട്ടുണ്ട്. 2018-19 ൽ താഴെ പറയും പ്രകാരം 7500000 രൂപയും സ്കൂളുകളുടെ ഹെഡ്മാസ്റ്റർമാരുടെ പേരിലുള്ള ട്രഷറി STSB അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ/ തിയ്യതി | തുക | മുൻകൂർ നൽകിയ സ്ഥാപനം | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| 1 | 02/18-19/16.05.2018 | 1000000 | GHSS Kadungupuram | 500000 |
| | | | GHSS Pullangode | 500000 |
| 2 | 51/18-19/ 13.12.2018 | 6500000 | GHSS Perassannur | 1000000 |
| | | | GHSS Thuvvur | 1000000 |
| | | | GHSS Pandikkad | 500000 |
| | | | GHSS Peruvallur | 1000000 |
| | | | GHSS Kalpakancheri | 1000000 |
| | | | GHSS Edappal | 500000 |
| | | | GMHSS Calicut Uty Campus | 500000 |
| | | | Wandoor GVHSS | 1000000 |

ഫയൽ പരിശോധിച്ചതിൽ 2017-18 വർഷത്തിൽ തുക അനുവദിച്ച സ്കൂളുകൾക്കു തന്നെയാണ് ക്രമ നമ്പർ 2 ബിൽ പ്രകാരം തുക നൽകിയിട്ടുള്ളതെന്ന് കാണുന്നു. ജില്ലാ പഞ്ചായത്ത് ഭരണ സമിതി യുടെ 30.10.2018 ലെ 7(3) നമ്പർ തീരുമാനം പ്രകാരമാണ് ഈ സ്കൂളുകളെ രണ്ടാം ഗഡു നൽകുന്നതിനായി തെരെഞ്ഞെടുത്തത്. ഇത്തരത്തിൽ തുക അനുവദിക്കണമെന്ന് സ്കൂൾ മേലധികാരി ആവശ്യപ്പെട്ട വിവരം ഫയലിൽ ഇല്ല. ഇതിന് ആധാരമാക്കിയ രേഖകൾ

ആവശ്യപ്പെട്ടതിൽ പൊതു വിദ്യാഭ്യാസയജ്ഞം കോ- ഓർഡിനേറ്ററിൽ നിന്നും ലഭിച്ച വിവരങ്ങളാണ് ലഭ്യമാക്കിയത്. എന്നാൽ ഇതു പ്രകാരമുള്ള തുകകൾ ആദ്യഗഡുവായി നൽകിയിട്ടുള്ളതാണ്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് ഭരണ സമിതി തീരുമാന പ്രകാരം രണ്ടാം ഗഡു നൽകിയത്. സ്കൂളുകളിൽ നിന്ന് ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചതിൽ താഴെ പറയുന്ന സ്കൂളുകൾ തുക നാളിതുവരെ വിനിയോഗിച്ചില്ലെന്നാണ് അറിയിട്ടിട്ടുള്ളത്.

| ക്രമ നമ്പർ | സ്കൂൾ | 2017-18 ൽ നൽകിയ വിഹിതം | 2018-19 ൽ നൽകിയ വിഹിതം | വിനിയോഗ വിവരം |
|---|---|---|---|---|
| 1 | Wandoor GHSS | 500000 | 1000000 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. തുക നാളിതുവരെയായി ഉപയോഗിക്കേണ്ടി വന്നില്ല |
| 2 | GMHSS Calicut Uty Campus | - | 500000 | നാളിതുവരെ ഉപയോഗിച്ചില്ല.<br>ഉപയോഗിക്കുന്ന മുറക്ക് വിനിയോഗ വിവരം ലഭ്യമാക്കുന്നതാണ്. |
| 3 | GHSS Kalpakancheri | 1000000 | 1000000 | നാളിതുവരെ ഉപയോഗിച്ചില്ല.<br>ഉപയോഗിക്കുന്ന മുറക്ക് വിനിയോഗ വിവരം ലഭ്യമാക്കുന്നതാണ്. |
| 4 | GHSS Pandikkad | 1000000 | 500000 | നാളിതുവരെ ഉപയോഗിച്ചില്ല.<br>ഉപയോഗിക്കുന്ന മുറക്ക് വിനിയോഗ വിവരം ലഭ്യമാക്കുന്നതാണ്. |
| 5 | GHSS Perassannur | 1000000 | 1000000 | നാളിതുവരെ ഉപയോഗിച്ചില്ല.<br>ഉപയോഗിക്കുന്ന മുറക്ക് വിനിയോഗ വിവരം ലഭ്യമാക്കുന്നതാണ്. |

Wandoor GHSS ഹെഡ്മിസ്ട്രസ്സ് ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ 4കോടി 39 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതെങ്കിലും ആയത് 3 കോടി രൂപയിൽ പ്രവർത്തി അവസാനിച്ചതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ തുകകൾ നിർമ്മാണ പ്രവർത്തനത്തിന് എടുത്തിട്ടില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. ഇത് യഥാർത്ഥത്തിൽ ആവശ്യമുള്ള സ്കൂളുകൾക്കു തന്നെയാണോ ഫണ്ട് അലോട്ട് ചെയ്തതെന്ന് സംശയമുളവാക്കുന്നു.

സ്കൂളുകൾക്ക് മുൻകൂറായി പണം നൽകുന്നതിന് ജില്ലാ പഞ്ചായത്തിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭിച്ചതായി രേഖകൾ ഇല്ല. മാത്രമല്ല മുൻകൂർ തുക നൽകുമ്പോൾ കൈപ്പറ്റിയ സ്ഥാപനവുമായി കരാർ വെക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ സ്കൂളുകളുടെ പ്രധാനാധ്യാപകരുമായി കരാർ ചമച്ചിട്ടില്ല. താഴെ പറയുന്ന സ്കൂളുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായി ലഭ്യമാക്കിയിട്ടുമില്ല.

| ക്രമ നമ്പർ | സ്കൂൾ | 2017-18 ൽ നൽകിയ വിഹിതം | 2018-19 ൽ നൽകിയ വിഹിതം | വിനിയോഗ വിവരം |
|---|---|---|---|---|
| 1 | GHSS Kadungupuram | - | 500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 2 | GHSS Thuvvur | 1000000 | 1000000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 3 | GHSS Edappal | 500000 | 500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 4 | GHSS | - | 500000 | വിനിയോഗ |

| | | | | |
|---|---|---|---|---|
| | Pullangode | | | സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 5 | GHSS Peruvallur | 1000000 | 1000000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| | | | | |

നൽകിയ ആദ്യഗഡു തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സ്കൂളുകൾക്ക് രണ്ടാം ഗഡു തുക കൈമാറിയത് ക്രമപ്രകാരമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (14/02.07.2020)ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം സ്കൂൾ അധികൃതരുടെയും കോ-ഓർഡിനേറ്ററുടെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനപ്രകാരമാണ് തുക കൈമാറിയതെന്നാണ് അറിയിച്ചത്. നിലവിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ അക്കൗണ്ടിൽ തന്നെ ഉണ്ടോ എന്നത് അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതിപ്പണം യഥാർത്ഥത്തിൽ ചെലവഴിക്കാതെ ഒരക്കൗണ്ടിൽ നിന്നും മറ്റൊരു അക്കൗണ്ടിലേക്ക് മാറ്റി പദ്ധതി ചെലവ് പെരുപ്പിച്ച കാണിച്ചത് ശരിയായ നടപടിയല്ല. പദ്ധതിപ്പണം അതാത് ആവശ്യങ്ങൾക്ക് ചെലവഴിച്ചതിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതും, ചെലവഴിക്കാത്ത തുക തിരിച്ചീടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതു വരെ 2018-19 വർഷം ചെലവ് ചെയ്ത 7500000/- രൂപ തടസ്സം ചെയ്യുന്നു.

### 1-20 ബോണസ്സ് അനുവദിച്ചതിലെ അപാകത

2018-19 ലെ ഓണം ബോണസ്സ് തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് 124/2018/ഫിൻ.തിയ്യതി 08.08.2018 പ്രകാരം 31.03.2018 ന് 26000/- രൂപയോ, അതിൽ കുറവോ വേതനം വാങ്ങുന്ന, 31.03.2018 ന് സർവ്വീസിലുള്ള, 2017-18 വർഷത്തിൽ 6 മാസമെങ്കിലും തുടർച്ചയായ സർവ്വീസുള്ള ജീവനക്കാർക്കാണ് ബോണസ്സിനർഹതയുള്ളത്.

വൗച്ചർ നമ്പർ 21800311 തിയ്യതി 20.08.2018 പ്രകാരം 5 പേർക്ക് ബോണസ്സ് തുക 4000 രൂപ വീതം നൽകിയിട്ടുണ്ട്. ആയതിൽ 17.04.2018 ന് സേവനത്തിൽ പ്രവേശിച്ച ശ്രീ അബ്ദുന്നാസർ എം(ഡ്രൈവർ ഗ്രേഡ് II) എന്നവരും ഉൾപ്പെടുന്നു. 31.03.2018 ന് ശേഷം സർവ്വീസിൽ വന്നവർക്ക് പ്രത്യേക ഉത്സവ ബത്ത (2750/-)ക്കാണ് അർഹത . അധികം നൽകിയ തുക തിരിച്ചീടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 52/10.07.2020 പ്രകാരം അപാകത ശ്രദ്ധയിൽ പെടുത്തിയെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ല.

### 1-21 ഫയലുകൾ ലഭ്യമാക്കിയില്ല- ചെലവു തുക തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവു രേഖകൾ നാളിതു വരെ ലഭ്യമാക്കിയില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ചെലവ് തുക | ബിൽ നമ്പർ/ തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | 280/19 ജി എച്ച് എസ് എസ് പുതുപ്പറമ്പ്-ടോയ്ലറ്റ് ബ്ലോക്ക് - എടരിക്കോട് | 600000 | 04/18-19/ 11.06.2018 | വികസന ഫണ്ട്- ജനറൽ |
| 2 | 997/19 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിന് ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 500000 | 27/18-19/ 27.09.2018 | വികസന ഫണ്ട്- എസ് സി പി |
| | | 1100000 | | |

ഫയലുകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ 55/10-07-20 നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഫയലുകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 1100000 രൂപ തടസ്സം ചെയ്യുന്നു.

### 1-22 ഭിന്നശേഷി സ്കോളർഷിപ്പ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

സെക്രട്ടറി നിർവഹണം നടത്തിയ ഭിന്നശേഷിയുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് - ഗ്രാമപഞ്ചായത്തുകൾക്ക് നൽകാനുള്ള ജില്ലാ പഞ്ചായത്ത് വിഹിതം (പ്രോജക്ട് നം. 03/2019) പ്രകാരം മലപ്പുറം ജില്ലയിലെ 80 പഞ്ചായത്തുകൾക്കായി ജില്ലാ പഞ്ചായത്ത് വിഹിതം മുൻകൂറായി കൈമാറിയിട്ടുണ്ട്. ഇതിൽ താഴെ പരാമർശിച്ച ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/ തിയ്യതി | ആകെ ബിൽ തുക | ഗ്രാമ പഞ്ചായത്ത് | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻഅവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | 07/18-19/18.07.18 | 3185310 | പെരുമ്പടപ്പ് | 250000 | 166900 | 83100 |
| 2 | 25/18-19/ 27.9.18 | 6519101 | കുറ്റിപ്പുറം | 300000 | 250000 | 50000 |
| 3 | 29/18-19/ 29.09.18 | 4999950 | തലക്കാട് | 500000 | 499500 | 500 |
| | | | വേങ്ങര | 500000 | 384000 | 116000 |
| 4 | 59/18-19/30.01.19 | 1865000 | മങ്കട | 275000 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 275000 |
| | | | വെട്ടം | 365000 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 365000 |
| | | | | | | 889600 |

ക്രമ നമ്പർ 1,2,3 പ്രകാരമുള്ള പഞ്ചായത്തുകളിൽ നിന്ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ക്രമ നമ്പർ 4 ൽ പരാമർശിച്ച മങ്കട , വെട്ടം പഞ്ചായത്തുകളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 889600/- രൂപ തടസ്സം ചെയ്യുന്നു.ഓഡിറ്റ് എൻക്വയറി 15/02.07.2020 പ്രകാരം അപാകത ശ്രദ്ധയിൽ പെടുത്തി എങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.

### 1-23 സർക്കാർ നിർദ്ദേശം പാലിക്കാതെ എയിഡഡ് സ്കൂളിൽ ടോയ്‌ലെറ്റ് പണിതു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അഞ്ചാം പട്ടികയിൽ വിവരിച്ചിട്ടുള്ള, ജില്ലാ പഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ ചുമതലകൾ സർക്കാർ ഹൈസ്കൂളുകൾ, സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾ, സർക്കാർ സാങ്കേതിക സ്കൂളുകൾ, സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളും പോളിടെക്നിക്കുകളും, സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകൾ, വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ജില്ലാ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയുടെ നടത്തിപ്പും വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്ര സംസ്ഥാന സ്പോൺസേഡ് പരിപാടികൾ ഏകോപിപ്പിക്കലുമാണ്. എയിഡഡ് സ്കൂളുകൾ ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലല്ല.

എന്നാൽ, പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖയായ സ.ഉ (കൈ) 11/2018/തസ്വഭവ തി: 29.01.18 ഖണ്ഡിക 7.6 ക്രമ നം. (8) ൽ, എല്ലാ സർക്കാർ സ്കൂളുകളിലും

നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും വാഷ്ബെയിസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിനു ശേഷം എയിഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ജില്ലയിലെ എല്ലാ സർക്കാർ സ്കൂളുകളിലും മേൽപ്പറഞ്ഞ മതിയായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്താതെ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി എയിഡഡ് സ്കൂളിൽ ടോയ്‌ലെറ്റ് പണിതു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി<br>പ്രോജക്ട് നം.<br>എസ്റ്റിമേറ്റ് തുക<br>കൺവീനറുടെ പേര് | ബിൽ നം./ തിയതി | ചെലവു തുക |
|---|---|---|---|
| 1 | KMHSS കുറ്റൂർ നോർത്ത് പെൺകുട്ടികൾക്ക് ടോയ്‌ലെറ്റ് നിർമ്മാണം- വേങ്ങര ഗ്രാ.പ<br>S 1434/19<br>400000 രൂപ (വികസന ഫണ്ട്-ജനറൽ)<br>ശ്രീ. പി.ബി. അനിൽ കുമാർ, ഹെഡ് മാസ്റ്റർ | 532/18-19<br>21.03.19 | 336339 |
| 2 | KMHSS കുറ്റൂർ നോർത്ത് ആൺകുട്ടികൾക്ക് ടോയ്‌ലെറ്റ് നിർമ്മാണം- വേങ്ങര ഗ്രാ.പ<br>1454/19<br>400000 രൂപ (വികസന ഫണ്ട്-ജനറൽ)<br>ശ്രീ. പി.ബി. അനിൽ കുമാർ, ഹെഡ് മാസ്റ്റർ | 530/18-19<br>21.03.19 | 338978 |
| 3 | KMHSS കുറ്റൂർ നോർത്ത് ഹൈസ്കൂളിൽ<br>ആൺകുട്ടികൾക്ക് ടോയ്‌ലെറ്റ് നിർമ്മാണം- വേങ്ങര ഗ്രാ.പ<br>1453/19<br>400000 രൂപ (വികസന ഫണ്ട്-ജനറൽ)<br>ശ്രീ. പി.ബി. അനിൽ കുമാർ, ഹെഡ് മാസ്റ്റർ | 560/18-19<br>21.03.19 | 345468 |
| ആകെ | | | 10,20,785 |

മേൽപ്പറഞ്ഞ അപാകതക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 45/09.07.2020) മറുപടിയായി, ഭരണസമിതിയുടെ 26.01.19 ലെ 2(59) നം. തീരുമാനപ്രകാരമാണ് എയിഡഡ് സ്കൂളുകളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയതെന്ന് അറിയിച്ചു. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലൊന്നുംതന്നെ മേൽ സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് സ്കൂൾ അധികൃതർ രേഖാമൂലം റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് നിരീക്ഷിച്ചാണ് ഭരണസമിതി ഇപ്രകാരം തീരുമാനമെടുത്തത്.

സർക്കാർ സ്കൂൾ അധികൃതരിൽ നിന്ന് അപേക്ഷ ലഭിക്കാത്തത് കൊണ്ട് എയിഡഡ് സ്കൂളിൽ ടോയ്‌ലെറ്റ് പണിയാൻ ഭരണസമിതി കൈക്കൊണ്ട തീരുമാനം ക്രമത്തിലല്ല. ജില്ലയിൽ വളരെയധികം എയിഡഡ് സ്കൂളുകൾ ഉണ്ടായിരിക്കെ ഈയൊരു സ്കൂളിനെ മാത്രം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡവും വ്യക്തമല്ല.

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലെ പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും എണ്ണം, ആനുപാതികമായി ഓരോ വിഭാഗത്തിനും ഉണ്ടായിരിക്കേണ്ട മൂത്രപ്പുര, കക്കൂസ് , വെള്ളം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ, നിലവിലുള്ള സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച വ്യക്തമായ സ്ഥിതിവിവര കണക്കുകൾ ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഒരു സ്കൂളിലെ ഒരേയിനം പ്രവൃത്തിക്ക് മൂന്ന് പ്രൊജക്ടുകൾ തയ്യാറാക്കി പ്രവൃത്തി നടത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് നിയമങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി നടത്തിയ ചെലവുകൾക്ക് ജില്ലയിലെ സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ എന്നിവയുടെ പ്രധാനാധ്യാപകരിൽ നിന്നും സ്കൂൾ കുട്ടികൾക്ക് ആനുപാതികമായി ടോയ്‌ലെറ്റ് സൗകര്യം ലഭ്യമാണ് എന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക തടസ്സം ചെയ്യുന്നു.

## 1-24 ജില്ലാ ഹോമിയോ ആശുപത്രി - അധിക നിരക്കിൽ അലക്ക് കൂലി നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ | 889/19 |
| ബിൽ നമ്പർ / തിയ്യതി | 01/2018-19 തിയ്യതി. 16.11.2018 – 12,623/- രൂപ. |
| | 03/2018-19 തിയ്യതി. 27.11.2018 – 6,870/- രൂപ. |
| | 07/2018-19 തിയ്യതി. 21.02.2019 – 76,395/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, മലപ്പുറം. |

ജില്ലാ ഹോമിയോ ആശുപത്രിയുടെ ദൈനംദിന ചെലവുകൾക്ക് വേണ്ടിയുള്ള മേൽ പ്രൊജക്ട് പ്രകാരം ആശുപത്രിയിലെ 537 ബെഡ് ഷീറ്റുകൾ, 408 ടവ്വലുകൾ, 195 തലയിണ കവറുകൾ എന്നിവയുടെ അലക്ക് കൂലിയിനത്തിൽ 23,546/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് മലപ്പുറം ജില്ലാ ഓഫീസ് 09.07.2018 ലെ B4-107/2015/ഡി.ഒ.ഇ.എസ്.എം നമ്പർ കത്ത് മുഖേന ഡയറ്ററി പ്രൈസിലെ മലപ്പുറം സെന്ററിലെ അലക്കുകൂലി നിരക്കുകൾ ആശുപത്രി സൂപ്രണ്ടിനെ അറിയിച്ചിട്ടുണ്ടെങ്കിലും ആയതിൽ നിന്നും 10% അധികരിച്ച നിരക്കിലാണ് അലക്ക് കൂലി നൽകിയിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | അംഗീകൃത നിരക്ക് | അനുവദിച്ച നിരക്ക് |
|---|---|---|---|
| 1 | ടവൽ ഒന്നിന് (വലുത്) | 20 രൂപ | 22 രൂപ |
| 2 | ബെഡ് ഷീറ്റ് ഒന്നിന് | 25 രൂപ | 27.50 രൂപ |
| 3 | തലയിണ ഉറ ഒന്നിന് | 10 രൂപ | 11 രൂപ |

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെയും, ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെയും അനുമതിയോടെയാണോ ഇപ്രകാരം ചെയ്തത് എന്ന് വ്യക്തമല്ല. അധിക നിരക്ക് നൽകാനിടയായ സാഹചര്യം വിശദമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നമ്പർ :21/06.07.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 ആതവനാട് പൗൾട്രി ഫാം ദൈനംദിന ചെലവുകൾ - വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 1022/19 ആതവനാട് പൗൾട്രി ഫാം ദൈനംദിന ചെലവുകൾ |
| വകയിരുത്തിയ തുക | 52,00,000/- രൂപ. |
| വിനിയോഗിച്ച തുക | 52,00,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ പൗൾട്രി ഫാം, ആതവനാട് |

ജില്ലാ പൗൾട്രി ഫാമിന്റെ ദൈനംദിന ചെലവുകൾക്ക് വേണ്ടിയുള്ള മേൽ പ്രൊജക്ട് പ്രകാരം 52,00,000/- രൂപ 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ ബില്ലുകളിലായി ലവഴിച്ചിട്ടുണ്ട്. ഈ പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന പ്രകാരം വാഹന വാടക അനുവദിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | വാഹനത്തിന്റെ നമ്പർ. | അനുവദിച്ച തുക | ചെക്ക് നമ്പർ & തിയ്യതി | റിമാർക്സ്. |
|---|---|---|---|---|
| 1 | KL 11 X 1526 | 2,610/- | ചെക്ക് നമ്പർ.2352135 തി.17.11.2018 – 8,21,932/- രൂപ (വൗച്ചർ നമ്പർ.24) | 22.01.2018 ന് ആർ.പി.എഫ് ചാത്തമംഗലം ഫാമിൽ നിന്ന് ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ ആതവനാട് ജില്ലാ കോഴി വളർത്തൽ കേന്ദ്രത്തിലേക്ക് കൊണ്ടു വന്നതിന് ശ്രീ.അബ്ദുൾ കരീം, പൊയിലത്ത് ഹൗസ്, വലിയകുന്ന് എന്നവർക്ക് നൽകിയത്. |
| 2 | KL 11 X 1526 | 2,670/- | ചെക്ക് നമ്പർ.2555515 | 11.10.2018 ന് മണ്ണുത്തി അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽ നിന്ന് മുട്ടക്കോഴി കുഞ്ഞുങ്ങളെ ആതവനാട് ജില്ലാ കോഴി വളർത്തൽ |

| | | | | |
|---|---|---|---|---|
| | | | തി.17.11.2018 – 8,21,932/- രൂപ. വൗച്ചർ നമ്പർ.14/18-19 | കേന്ദ്രത്തിലേക്ക് കൊണ്ടു വന്നതിന് ശ്രീ.അബ്ദുൾ കരീം, പൊയിലത്ത് ഹൗസ്, വലിയകുന്ന് എന്നവർക്ക് നൽകിയത്. |
| 3 | KL10A 8296 | 2,150/- | ചെക്ക് നമ്പർ.2515165 തി.30.07.2018 – 5,24,222/- രൂപ. (വൗച്ചർ നമ്പർ.DE-17A/18-19) | 18.04.2018 ന് ആതവനാട് കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ചാത്തമംഗലം പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിലേക്ക് വിരിയിക്കാനുള്ള മുട്ടകൾ കൊണ്ടു പോയതിന് ശ്രീ.മുഹമ്മദാലി, പൂഴിത്തറ ഹൗസ്, കരിപ്പോൾ എന്നവർക്ക് നൽകിയ തുക. |
| 4 | KL55 23295 | 6,080/- | ചെക്ക് നമ്പർ.280643 തി.28.02.2019 – 3,82,618/- രൂപ. (വൗച്ചർ നമ്പർ.24) | 25.01.2019 ന് മുണ്ടയാട്ട് റീജിയണൽ പൗൾട്ടി ഫാമിൽ നിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ ആതവനാട് ജില്ലാ കോഴി വളർത്തൽ കേന്ദ്രത്തിലേക്ക് കൊണ്ടു വന്നതിന് ശ്രീ.ഹൈറുദ്ദീൻ, പാലക്കൽ വീട്, എടയൂർ.പി.ഒ, പൂക്കാട്ടിരി എന്നവർക്ക് നൽകിയ തുക. |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ:23/06.07.2020) മറുപടി ലഭ്യമാക്കിയിട്ടില്ല). വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-26 റോഡ് വർക്ക് കരാറുകാരന് അധിക തുക നൽകി. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വടമുക്ക് ഒളമ്പക്കടവ് റോഡ് (1887/19) എന്ന പ്രവൃത്തിയുടെ ഭാഗമായി റോഡിന്റെ ഇരുവശത്തും കോൺക്രീറ്റ് ചെയ്യുതിന് DSR 16.42 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിംഗ് & ഷട്ടറിംഗിനുള്ള നിരക്ക് ഉൾപെടുന്നുണ്ട്. എന്നാൽ 20 cm കനത്തിൽ മണ്ണെടുത്ത പ്രതലത്തിലാണ് കോൺക്രീറ്റ് ചെയ്യുന്നത് എന്നതിനാൽ ഇവിടെ സെന്ററിംഗ് & ഷട്ടറിംഗ് പ്രവൃത്തി ആവശ്യമായി വരുന്നില്ല. ആയതിനാൽ സെന്ററിംഗ് & ഷട്ടറിംഗിനുള്ള നിരക്ക് കുറവ് ചെയ്താണ് കോൺക്രീറ്റ് പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്.

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 4/25.6.2020 നൽകിയതിനെ തുടർന്ന് ഈ ഇനത്തിൽ അധികം നൽകിയ 16,966/- രൂപ 120060100058/8.7.2020 നമ്പർ രശീത് പ്രകാരം ജില്ലാ പഞ്ചായത്തിൽ തിരിച്ചടക്കുകയുണ്ടായി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കൽ - കളക്ഷൻ ചാർജ് ഈടാക്കിയില്ല.

1996 ലെ The Building and other construction workers' welfare cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building and other construction workers' welfare cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ജില്ലാ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ഗണിത ലാബ് നിർമ്മാണത്തിലെ അപാകതകൾ - ചെലവ് തുക തടസ്സം ചെയ്യുന്നു.

പ്രോജക്ട് - അഞ്ചച്ചവിടി സ്കൂൾ ഗണിത ലാബ്-കാളികാവ് - S1922/2019

അടങ്കൽ - 10,00,000 (MG-NR)

ബിൽ നം. 08/26-03-2019 : 5,00,000

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ജി.എച്ച്.എസ്. അഞ്ചച്ചവിടിയിൽ ഗണിത ലാബ് സെറ്റ് ചെയ്യുന്നതിനായി സംരക്ഷണ ഗ്രാൻറ് (റോഡിതരം)ൽ നിന്നും 5,00,000 ലക്ഷം രൂപ പിൻവലിച്ച് ജി.എച്ച്.എസ്. അഞ്ചച്ചവിടിയുടെ പേരിൽ നൽകിയിട്ടുണ്ട്. ആയതിന്റെ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1). പ്രവൃത്തി നിർവ്വഹണം നടത്തുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പകരം, കരാർ വെച്ച് ഹെഡ്മിസ്ട്രസ്, ജി.എച്ച്.എസ്. അഞ്ചച്ചവിടിയെ നിർവ്വഹണത്തിന് ചുമതലപ്പെടുത്തുകയാണ് ചെയ്തത്. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല.

2). പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പ്രകാരമുള്ള തുകയായിരിക്കും കരാർ തുക എന്ന് കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ്, പ്രൊജക്ട് റിപ്പോർട്ട് ഇവയൊന്നും തയ്യാറാക്കാതെയാണ് തുകകൾ ചെലവഴിച്ചിട്ടുള്ളത്.

3). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/തസ്വഭവ/08-11-2010 പ്രകാരം 1,00,000 രൂപയിൽ കൂടുതൽ മതിപ്പുവില ഉള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട്. കൂടാതെ, 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ജി.ഒ.(കൈ)നം.318/2013/LSGD/28-09-2013 ഉത്തരവ് പ്രകാരം ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത്തരം നടപടികൾ സ്വീകരിച്ചതിന്റെ രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4). 14 ഇനങ്ങളിലായി 5,05,843 രൂപയുടെ ചെലവ് സംക്ഷിപ്തം, കാഷ് ബില്ലുകളുടെ പകർപ്പുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ മേൽപ്രകാരം പിൻവലിച്ച 5,00,000 രൂപ ഏതൊക്കെ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയുടെ അക്കൗണ്ടുകളിലേക്ക് എത്ര വീതം നൽകി എന്നതിന്റെ രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. തുകകളുടെ കൈപ്പറ്റ് രശീതിയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5). സ്കിൽഡ് ലേബർ ഇനത്തിൽ 1,21,000 രൂപ ചെലവഴിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ മസ്റ്റർറോൾ, അക്കൗണ്ടുകളിലേക്ക് തുക നൽകിയതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6). വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7). സംരക്ഷണ ഗ്രാൻറിൽ നിന്നും പിൻവലിച്ച 5,00,000 രൂപ നിക്ഷേപിച്ച ജി.എച്ച്.എസ്. അഞ്ചച്ചവിടിയുടെ കനറാ ബാങ്ക് വണ്ടൂർ ശാഖയുടെ 085101069012 നമ്പർ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെൻറ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
29/6-7-2020നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 5,00,000 രൂപ തടസ്സം ചെയ്യുന്നു.

## 1-29 ഗുഡ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ് സ്- ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

പ്രൊജക്ട് : അക്ഷര ശ്രീ 2018-19 നമ്പർ : S1002/19

അടങ്കൽ - 26,96,500 (തനത് ഫണ്ട്)

ചെക്ക് നം. 2525581/27-03-2019 : 12,26,688

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൻ കീഴിൽ 601 തുല്യതാ പഠിതാക്കൾക്ക് 'ഗുഡ് ഇംഗ്ലീഷ് ' സർട്ടിഫിക്കറ്റ് കോഴ്സിൽ ചേരുന്നതിനായി ഓരോ പഠിതാവിനുമുള്ള കോഴ്സ് ഫീസ് ആയി 2000 രൂപ വീതം ആകെ (601X2000) 12,02,000 രൂപ മേൽ ചെക്ക് പ്രകാരം പിൻവലിച്ച തുകയിൽ നിന്ന് ഡയറക്ടർ, കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ കൈപ്പറ്റ് രശീതി പരിശോധനക്ക് ലഭ്യമായിട്ടില്ല. 601 പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയോ, സർട്ടിഫിക്കറ്റ് ലഭിച്ചതിന്റേയോ വിവരം ഫയലിലില്ല.

56/10-7-2020നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 12,02,000 രൂപ തടസ്സം ചെയ്യുന്നു.

### 1-30 ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ -പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്റ്റ് - ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ നമ്പർ - S0013/2019
നിർവ്വഹണ ഉദ്യോഗസ്ഥൻ: ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ

അടങ്കൽ - 81,92,000 (വികസനഫണ്ട് - ജനറൽ)

ബിൽ നം.02/18-12-2018 : 41,35,060

ബിൽ നം.04/22-03-2019 : 1638420

ബിൽ നം.05/22-03-2019 : 1638420

ബിൽ നം.07/28-03-2019 : 780200

ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ നിർവ്വഹണം നടത്തിയ ഈ പ്രൊജക്റ്റ് പ്രകാരം 78,020 രൂപ വീതം വിലയുള്ള, സൈഡ് വീലോട് കൂടിയ 105 സ്കൂട്ടർ വാങ്ങുന്നതിനായി മേൽ ബില്ലുകൾ പ്രകാരം 81,92,100 രൂപ കെൽട്രോൺ, കുറ്റിപ്പുറത്തിന് നൽകിയിട്ടുണ്ട്. MKTG/TRD/0061/2018-19/11-12-2018, MKTG/TRD/0084/2018-19/08-02-2019, MKTG/TRD/0085/2018-19/15-02-2019, MKTG/TRD/0093/2018-19/16-02-2019 എന്നീ നമ്പറുകളിലുള്ള ഇൻവോയ്സുകൾ പ്രകാരം 105 സ്കൂട്ടറുകൾ കെൽട്രോൺ ലഭ്യമാക്കിയിട്ടുണ്ട് . പ്രസ്തുത സ്കൂട്ടറുകൾ 105 ഗുണഭോക്താക്കളും കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രൊജക്റ്റ് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. വാങ്ങിയ സ്കൂട്ടറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. ഇൻവോയ്സുകളിൽ സ്റ്റോക്കിലെടുത്ത വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. സ്കൂട്ടറുകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഫോട്ടോ, ആധാർ നമ്പർ ഉൾപ്പെടെ ചേർത്ത് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുടർ വർഷങ്ങളിൽ അതേ ഗുണഭോക്താക്കൾക്ക് തന്നെ സ്കൂട്ടർ വിതരണം ചെയ്യാൻ സാധ്യതയുണ്ട്.

3. 105 ഗുണഭോക്താക്കളുടേയും ആർ.സി. ബുക്ക് പകർപ്പ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. 105 ഗുണഭോക്താക്കളിൽ 9 പേരുടേതൊഴികെ (ശ്രീ. അബ്ദുൽ ഖാദർ.എം, ശ്രീ.നസീർ അലി.എൻ, ശ്രീ. മുഹമ്മദ് സഫീർ, ശ്രീമതി ഹബിത, ശ്രീ.പ്രദോഷ് മോൻ, ശ്രീ. ഇമ്പിച്ചിക്കോയ തങ്ങൾ, ശ്രീ. സാദിഖലി.വി.കെ, ശ്രീ.അബ്ദുറഹ്മാൻ, ശ്രീ.അബ്ദുൽ ഗഫൂർ) ലൈസൻസ്/ലേണേഴ്സ് ലൈസൻസ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
5. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പൂർണ്ണവിവരം അതാത് ഗ്രാമപഞ്ചായത്തുകളെ അറിയിച്ച വിവരവും ലഭ്യമാക്കേണ്ടതാണ്.
അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് പരാമർശിച്ച് നൽകിയ 47/9-7-2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 81,92,100 രൂപ തടസ്സം ചെയ്യുന്നു

### 1-31 സെന്ററിംഗ് -അധിക നിരക്കിൽ തുക നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുറുവ പഞ്ചായത്തിലെ കൊഹിനൂർ SC കോളനി പുരയിട സംരക്ഷണവും റോഡ് സംരക്ഷണ ഭിത്തി നിർമ്മാണവും എന്ന പ്രവൃത്തിയുടെ (1457/19) ഇനം 7 ആയി സംരക്ഷണ ഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR 5.9.6 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് DSR 5.9.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. DSR 5.9.6 പ്രകാരമുള്ള നിരക്ക് കോളം, പില്ലർ, അബട്ട്മെന്റ് എന്നിവയുടെ സെന്ററിംഗ് പ്രവൃത്തിക്കുള്ള നിരക്കാണ്. ഇപ്രകാരം തെറ്റായ നിരക്ക് നൽകിയത് വഴി ജില്ലാ പഞ്ചായത്തിന് 23,844/- രൂപയുടെ അധിക ചെലവുണ്ടായി. അധിക തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖ.3-1 ആയി ഉൾപെടുത്തിയിട്ടുണ്ട്.

## 1-32 സാധാരണ ഡോർ നിർമിച്ചതിന്, സ്ലൈഡിങ്ങ് ഡോർ നിർമിച്ചതിനുള്ള തുക നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആലിപ്പറമ്പ് GHS സ്കൂളിൽ ഗേൾസ് റെസ്റ്റ് റൂം നിർമ്മാണം എന്ന പേരിലുള്ള (1230/19 )പ്രൊജക്റ്റിന്റെ ഭാഗമായുള്ള പ്രവൃത്തിയിൽ പ്രവൃത്തിയുടെ ഇനം 16 ആയി MS ഷീറ്റ് ഉപയോഗിച്ച് സ്ലൈഡിങ് ഡോർ, വിൻഡോ എന്നിവ നിർമ്മിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥലം നേരിട്ട് പരിശോധിച്ചപ്പോൾ ഈ പ്രവൃത്തി ചെയ്തിട്ടില്ലെന്ന് ബോധ്യമായി. പകരം MS ഷീറ്റ് ഉപയോഗിച്ചുള്ള സാധാരണ ഡോർ മാത്രമാണ് ഇവിടെ നിർമ്മിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ ഇക്കാര്യം സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഈ ഇനത്തിൽ അധികം തുക നൽകിയത് ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ഖ.3-2 ആയി ഉൾകൊള്ളിച്ചിട്ടുണ്ട്.

## 1-33 GMUP സ്കൂൾ വളപുരം പെൺകുട്ടികൾക്ക് വിശ്രമ കേന്ദ്രം - അപാകതകൾ

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭ വിഹിതം നൽകി.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ GMUP സ്കൂൾ വളപുരം പെൺകുട്ടികൾക്ക് വിശ്രമ കേന്ദ്രം എന്ന പ്രവൃത്തി ( 118/19) ഗുണഭോക്തൃ സമിതി മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. 5% ഓവർഹെഡ് ചാർജ്, കരാറുകാരന്റെ ലാഭവിഹിതം 10% എന്നിവ ഉൾപെടുത്തിയാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് മാത്രം ഉൾപെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഇപ്രകാരം തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചത് വഴി 69640 രൂപ ജില്ലാ പഞ്ചായത്തിന് അധിക ചെലവ് വന്നിട്ടുണ്ട്. അധിക തുക ഈടാക്കേണ്ടതാണ്.
വിശദാംശങ്ങൾ ഖണ്ഡിക 3.3 ആയി ഉൾപെടുത്തിയിട്ടുണ്ട്.

## 1-34 കരിങ്കൽ പടവ് - അധിക തുക നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കരിങ്ങുളത്ത് മാട് കോളനി ഭവന സുരക്ഷ ( 1666/19) എന്ന പ്രവൃത്തിയുടെ ഇനം 2 ആയി ചെയ്ത കരിങ്കൽ പടവിന്റെ അളവ് തെറ്റായി രേഖപ്പെടുത്തിയത് വഴി ജില്ലാ പഞ്ചായത്തിന് 18208 രൂപ അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ഖ. 3-5 ആയി ഉൾപെടുത്തിയിട്ടുണ്ട്.

## 1-35 പാറൽ- മണലായ കണ്ടംചിറ റോഡ് പ്രവൃത്തി-217422/-രൂപ അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

1). പാറൽ- മണലായ കണ്ടംചിറ റോഡ് (1509/19) എന്ന പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 3 ആയി റോഡ് ഉയർത്തുന്നതിന് ക്വാറി മക്ക് നിറച്ചതിന്റെ അളവ് കണക്ക് കൂട്ടലിൽ തെറ്റ് വന്നത് കാരണം 42046 രൂപ ജില്ലാ പഞ്ചായത്തിന് അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2). ഈ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 11 ആയി റോഡ് സൈഡിലെ നിലവിലുള്ള ജി.ഐ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി പൈപ്പിനുള്ള തുകയും ട്രഞ്ചിങ് & റീഫില്ലിങ്ങിനുള്ള നിരക്കും നൽകിയതുമൂലം അധിക തുക ചെലവായിട്ടുണ്ട്. അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ 10323/-രൂപ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

3). ഈ പ്രവൃത്തിയുടെ ഇനം 3 ആയി റോഡ് വീതി കൂട്ടുന്നതിന് വേണ്ടി മണ്ണെടുത്ത ഭാഗത്ത് ഗ്രാനുലർ സബ് ബെയ്സ് തയ്യാറാക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ 4.11.2 പ്രകാരമുള്ള 2171.85/$m^3$ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ജില്ലാ പഞ്ചായത്ത് ഓഡിറ്റ് വർഷം ഭൂരിഭാഗം പ്രവൃത്തികളിലും ഗ്രാനുലർ സബ് ബെയ്സ് തയ്യാറാക്കുന്നതിന് പ്രാദേശികമായി ലഭ്യമായ ക്വാറി മക്ക് ഉപയോഗിക്കുന്നതിനുള്ള നിരക്ക് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം ഉയർന്ന നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ 165053/-രൂപ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

4). ഈ പ്രവൃത്തിയുടെ അവസാന ഇനമായി ചെയ്ത റോഡ് സൈഡിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.ചെർപുളശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ 51000 രൂപ അടവാക്കിയതിന് കരാറുകാരന് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. തുക അടച്ച രസീത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്കായി KSEB ലഭ്യമാക്കിയ എസ്റ്റിമേറ്റ്, പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല. ആയവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ഖ.3-4 ആയി നൽകിയിട്ടുണ്ട്.

## 1-36 ഇ- ടെണ്ടർ ഫീ - ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നില്ല

1. G.O(Ms)No.232/2013/LSGD/25-6-2013
2. G.O(Ms)No.318/2013/LSGD/28-9-2013
3. G.O(RT)No.1288/15/LSGD/30-4-2015
4. G.O.(Rt)No.2137/15/LSGD/15-7-2015
5. 17-11-15 ലെ സ.ഉ.(പി)524/2015/ധനം, തീയതി 17-11-2015 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷം രൂപയും അതിന് മുകളിലുമുള്ള എല്ലാ പ്രവൃത്തികളും ഇലക്ട്രോണിക് ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിലെയും, ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയും ഇ- ടെണ്ടർ വഴി നിർവ്വഹിക്കുന്ന പൊതുമരാമത്ത് പ്രൊജക്ടുകളുടെ ടെണ്ടർ ഫോം വിലയും, ജി.എസ്.ടി യും ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനിയറുടെ പേരിൽ എസ്.ബി.ഐ- യിൽ ആരംഭിച്ചിട്ടുള്ള 67249227580 നമ്പർ അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. സർക്കുലർ നമ്പർ DB1/7942/2010/CE/LSGD/17-8-2017 പ്രകാരവും മുകളിൽ പറഞ്ഞ സർക്കാർ ഉത്തരവുകൾ പ്രകാരവും, മറ്റു രണ്ടു തലത്തിലുമുള്ള പഞ്ചായത്തുകളുടെ ടെണ്ടർ ഫോം ഫീസുകൾ അവർക്കു കൈമാറേണ്ടതിന്റെ നടപടിക്രമങ്ങൾ വിശദീകരിച്ചിട്ടുണ്ട്.ഓഡിറ്റിന് ഹാജരാക്കിയ ഈ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 01-04-2018 -ന് 1,97,02,143/-രൂപ മുന്നിരിപ്പുണ്ട്. തൻ വർഷത്തെ വരവ് 3,39,87,192 രൂപയും പിൻവലിച്ച തുക 1,20,59,596 രൂപയുമാണ്. 31-03-2020 -ന് 2,19,27,596 രൂപ നീക്കിയിരിപ്പുണ്ട്.

പ്രസ്തുത അക്കൗണ്ടിൽ വരവു വച്ച തുകകൾ ഏത് സ്ഥാപനത്തിൽ നിന്നുള്ളതാണെന്നും, പിൻവലിച്ച തുകകൾ ഏത് സ്ഥാപനങ്ങൾക്കാണ് നൽകിയതെന്നും ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമല്ല. ആയതിനാൽ, പ്രസ്തുത കാര്യങ്ങൾ പരിശോധിക്കുന്നതിന് താഴെ പറയുന്ന രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് 09-07-2020-ന് 46 -ാം നമ്പർ ഓഡിറ്റ് നൽകിയിരുന്നു.

1. വരവ്, പിൻവലിക്കൽ വിവരം എന്നിവ രേഖപ്പെടുത്താനായി പ്രത്യേകം രജിസ്റ്റർ/ ഫയൽ

2. തുകകൾ കൈമാറാൻ അഭ്യർത്ഥിച്ചുകൊണ്ട് വിവിധ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ജില്ലാപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും 2018-19 ൽ ലഭിച്ച ഡിമാന്റ് ലെറ്ററുകൾ.

3. വിവിധ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാപഞ്ചായത്തിനും 2018-19 ൽ തുകകൾ അനുവദിച്ചുകൊണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ പുറപ്പെടുവിച്ച ഉത്തരവുകളും, ബന്ധപ്പെട്ട ഫയലുകളും.

എന്നാൽ മേൽ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വരവ് രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്നും വിവിധ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് തുക ആവശ്യപ്പെട്ട് കൊണ്ട് 14 അപേക്ഷകൾ 18-19 -ൽ ലഭ്യമായിട്ടുണ്ടെന്നും തുകകൾ അനുവദിച്ചുകൊണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ പുറപ്പെടുവിച്ച ഉത്തരവുകളും,ഫയൽ/രേഖകളും സൂക്ഷിക്കുന്നുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.തുടർന്ന് 28-07-2020 -ന് പരിശോധനക്കായി ഹാജരാക്കിയ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം തൻവർഷം 70,00,765 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ/ തീയതി | തുക | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തുക പിൻവലിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 602346/ 19-02-18 | 77500 | 09-04-18 | ശ്രീ.സാജിത്.പി, കോൺട്രാക്ടർക്ക് ഇ.എം.ഡി റീഫണ്ട് നൽകിയത് |
| 2 | 602347/ 08-03-18 | 4981331 | 09-04-18 | ടെണ്ടർ ഫീ ഇനത്തിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് |
| 3 | 602349/ 08-03-18 | 103854 | 17-05-18 | ജി.എസ്.ടി ഇനത്തിൽ അടവാക്കാനുള്ള തുക ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് |
| 4 | 602351/ 11-04-18 | 202140 | 18-05-18 | ജി.എസ്.ടി ഇനത്തിൽ അടവാക്കാനുള്ള തുക ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് |

| | | | | |
|---|---|---|---|---|
| | | | | നൽകിയത് |
| 5 | 602350/ 11-04-18 | 1684500 | 18-05-18 | ടെണ്ടർ ഫീ ഇനത്തിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് |
| 6 | 602352/ 22-11-18 | 2333800 | 03-12-18 | ടെണ്ടർ ഫീ ഇനത്തിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് |
| 7 | 602353/ 22-11-18 | 280050 | 03-12-18 | ജി.എസ്.ടി ഇനത്തിൽ അടവാക്കാനുള്ള തുക ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് |
| 8 | 602355/ 05-01-19 | 209232 | 15-01-19 | ജി.എസ്.ടി ഇനത്തിൽ അടവാക്കാനുള്ള തുക ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് |
| 9 | 602354/ 05-01-19 | 1743600 | 15-01-19 | ടെണ്ടർ ഫീ ഇനത്തിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് |
| 10 | 602356/ 18-01-19 | 21000 | 14-02-19 | ടെണ്ടർ ഫീ ഇനത്തിൽ വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് |
| 11 | 602358/ 08-03-19 | 20000 | 12-03-19 | ഇ ടെണ്ടർ ചെയ്യപ്പോൾ 29-02-16 -ൽ ഇ.എം.ഡി തുകയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റായ തുക തിരികെ നൽകിയത് |
| 12 | 602357/ 08-03-19 | 402589 | 14-03-19 | ടെണ്ടർ ഫീ ഇനത്തിൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, അരീക്കോട് ബ്ലോക്കിന് നൽകിയത് |
| ആകെ | | 12059596 | | |

അപാകതകൾ

I- ക്രമ നമ്പർ 1- ൽ ശ്രീ.സാജിത്.പി, കോൺട്രാക്ടർക്ക് ഇ.എം.ഡി റീഫണ്ട് ഇനത്തിൽ 77500 രൂപ നൽകിയതായി ചെക്ക് കൗണ്ടർഫോയിലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇ.എം.ഡി റീഫണ്ടിന്റെ ആധികാരികത വ്യക്തമാകാൻ തുക അടവാക്കിയ രസീത്, ഡെപ്പോസിറ്റ് രജിസ്റ്റർ, തുക തിരികെ നൽകാൻ ഭരണ സമിതി തീരുമാനിച്ചതിന്റെ വിവരം എന്നിവ പരിശോധിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടില്ല.

II- ക്രമ നമ്പർ 8- ൽ ഇ ടെണ്ടർ ചെയ്യപ്പോൾ 29-02-16 -ൽ ഇ.എം.ഡി തുകയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റായ തുക തിരികെ നൽകിയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമല്ല.

III- വരവ് സംബന്ധിച്ച വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല. മാത്രമല്ല,13-06-18 മുതലുള്ള ബാങ്ക് സ്റ്റേറ്റ്മെന്റിൽ കോൺട്രാക്ടറുടെ പേരോ പ്രവൃത്തിയുടെ പ്രൈസ് ഐ.ഡിയോ ലഭ്യമല്ലാത്തതിനാൽ തുക തിരിച്ച് നൽകാൻ കഴിയാത്ത അവസ്ഥയാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ആയത് പരിഹരിക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

IV-വിവിധ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് തുക ആവശ്യപ്പെട്ട് കൊണ്ട് 14 അപേക്ഷകൾ 18-19 -ൽ ലഭ്യമായിട്ടുണ്ടെങ്കിലും തുകകൾ അനുവദിച്ചുകൊണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ പുറപ്പെടുവിച്ച ഉത്തരവുകളും,ഫയൽ/രേഖകളും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.
V- സർക്കാർ ഉത്തരവ് പ്രകാരം ആരംഭിച്ച ബാങ്ക് അക്കൗണ്ടിലെ വരവു ചെലവ് വിവരങ്ങൾ ക്യാഷ് ബുക്കിൽ ചേർക്കാത്തത് ഗുരുതരമായ അപാകതയാണ്.
VI- ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിയമാനുസൃതം അർഹമായ തുകകൾ യഥാസമയം അനുവദിക്കാതിരുന്നാൽ ആയതിനുള്ള പിഴപ്പലിശ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകേണ്ടി വരുന്ന അവസ്ഥ വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-37 കൺവ്വീനർ പ്രവൃത്തിക്ക് ലാഭ വിഹിതം അനുവദിച്ചു.അധികം നൽകിയ തുക തിരിച്ചടച്ചു

പ്രൊജക്റ്റ് നം : 1702/19 ജി.എച്ച്.എസ്.മുണ്ടേരിയിൽ ക്ലാസ് റൂം നവീകരണവും റിടെയ്നിംഗ് വാൾ നിർമ്മാണവും

ചെലവ് :573486.00 ബിൽ നമ്പർ :428/19.3.19

എംബുക്ക് നം: 3823/18-19

നിർവ്വഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

കൺവീനർ മുഖേനെയാണ് ഈ പ്രൊജക്ടിന്റെ നിർവ്വഹണം നടത്തിയിട്ടുള്ളത്. എന്നാൽ പ്രൊജക്ടിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഡാറ്റ പരിശോധിച്ചതിൽ 10% കോൺട്രാക്ടറുടെ ലാഭ വിഹിതവും, 5% ഓവർഹെഡും ഉൾപ്പെടുന്ന നിരക്കുകളാണ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ളത്. DSR ഡാറ്റ പ്രകാരമുള്ള നിരക്കുകളിൽ 10% കോൺട്രാക്ടേഴ്സ് പ്രോഫിറ്റും 5% ഓവർഹെഡും ഉൾപ്പെടുന്നുണ്ട്. കൺവ്വീനർ പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് അനുവദനീയമാണ്. എന്നാൽ കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് അനുവദനീയമല്ല. ഈ അപാകത നിമിത്തം കൺവ്വീനർക്ക് 37401.26 രൂപ അധികം തുക നൽകിയിട്ടുണ്ടായിരുന്നു. പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി നമ്പർ 5/25.6,2020 പ്രകാരം ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് അധികം കൈപ്പറ്റിയ തുക, 37401 രൂപ, കൺവ്വീനർ രസീതി നമ്പർ 120060100069/ പ്രകാരം ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. സമാന അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 പർലിൻ/സിംഗിൾ സെക്ഷൻ വർക്കുകൾക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചു.

നിർവ്വഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

720/19, 1320/19, 118/19,856/19, എന്നീ പ്രവൃത്തികളിൽ സിംഗിൾ/ പർലിൻ വർക്ക്, എന്നിവക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 50.10.1 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ സിംഗിൾ സെക്ഷൻ/പർലിൻ പ്രവൃത്തിക്ക് 50.10.2, കോഡ് പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്. ഇപ്രകാരം തെറ്റായ സ്പെസിഫിക്കേഷൻ അനുവദിച്ചതുമൂലം ഈ പ്രവൃത്തികളിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-6 ക്രമ നമ്പർ 1, 2, 3, 5 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-39 അരിയല്ലൂർ വനിതാ ശാക്തീകരണ കേന്ദ്രം - കെട്ടിടം പ്രയോജനപ്പെടുത്തുന്നില്ല

| | |
|---|---|
| പ്രൊജക്ട് നം : 1318/19 | അടങ്കൽ : 10,00,000.00 |
| ചെലവ് :731048.00 ബിൽ നമ്പർ :510/27.3.19 | കരാർ : AEE/LSGD/DIV/MPM/83/17-18 Dtd.22.06.18 |
| എംബുക്ക് നം: 2934/17-18 | TS N0 : 76177/2017-2018 , (DSOR 2016, COl.37.25%) |
| കരാറുകാരൻ : മൊയ്തീൻ കോയ.ഇ.കെ | നിർവ്വഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രൊജക്ട് 08.7.2020 ന് ഭൗതികമായി പരിശോധിച്ചു. പ്രസ്തുത പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1). എസ്റ്റിമേറ്റിലെ ഇനം.27 പ്രവൃത്തി 0.50mm കനമുള്ള പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ച് കെട്ടിടത്തിന്റെ മേൽക്കൂര മേയലാണ്. ആയത് 162.71m2 അളവിൽ നിർമ്മിച്ചതായി അളവ് പുസ്തകത്തിലെ പേജ് നമ്പർ 7 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അളവ് 161.83m2 ൽ പരിമിതപ്പെടുത്തി 750.42/m2 നിരക്കിൽ 121440.00 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഷീറ്റ് ഭൗതികമായി പരിശോധിച്ചതിൽ ഷീറ്റിന്റെ ബ്രാന്റും, കനവും വ്യക്തമാക്കുന്ന ഒരു രേഖപ്പെടുത്തലും കണ്ടില്ല. ഗുണ നിലവാരമുള്ള ബ്രാൻഡഡ് ഷീറ്റുകളിൽ ആയതിന്റെ പേരും കനവും വ്യക്തമാക്കുന്ന പ്രിന്റ് സാധാരണ ഉൾഭാഗത്ത് രേഖപ്പെടുത്തിയിട്ടുണ്ടാകും. ഇതിൽനിന്നും, ഈ പ്രവൃത്തിയിൽ ഉപയോഗിച്ച ഷീറ്റ് നിശ്ചിത ഗുണനിലവാരവും കനവും ഉള്ളതല്ല എന്ന് വ്യക്തമാണ്.

2). കെട്ടിടത്തിൽ വാട്ടർ ടാങ്ക് സ്ഥാപിക്കൽ ഉൾപ്പെടെയുള്ള പ്ലംബിംഗ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ മോട്ടോർ സ്ഥാപിക്കാത്തതിനാൽ ഇതുകൊണ്ടുള്ള ഗുണം നാളിതുവരെ ലഭ്യമായിട്ടില്ല.

3). 731048.00 രൂപ ചെലവ് ചെയ്ത് 21.12.2018ന് കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ഒരാവശ്യത്തിനും ഉപയോഗിച്ചിട്ടില്ല. ശുചിയാക്കാത്തതിനാൽ കെട്ടിടത്തിന്റെ ഉൾവശം ആകെ പൊടിമൂടി കിടക്കുകയാണ്. കെട്ടിടം ഉപയോഗിക്കാത്തതിനാൽ ഇതിന് വേണ്ടി ചെലവ് ചെയ്ത തുക മുഴുവനും വെറുതെ മുടങ്ങിക്കിടക്കുകയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (നം.41/09.7.2020, 13.7.2020 ന്) താഴെ പറയും പ്രകാരം അസി.എക്സി.എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

1. ചില പ്രൊഫൈൽ ഷീറ്റുകളുടെ പേരും, കനത്തെക്കുറിച്ചുള്ള വിവരങ്ങളും ഷീറ്റിന്റെ മുകളിലാണ് രേഖപ്പെടുത്താറ്. പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ഷീറ്റിന്റെ ഗുണ നിലവാരവും കനവും പരിശോധിച്ച് ബോധ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്.

2. മോട്ടോർ സ്ഥാപിച്ച് കെട്ടിടം ഉപയോഗപ്പെടുത്തുന്നതിന് വേണ്ട പ്രവൃത്തി ഏറ്റെടുക്കാൻ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. കെട്ടിടം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും, തുടർപരിപാലനം നടത്തുന്നതിനും വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിന് കൈമാറുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്.

മേൽ മറുപടി പരിശോധിച്ചു. ഇവ സംബന്ധിച്ച് സ്വീകരിക്കുന്ന തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-40 ചരക്ക് സേവന നികുതി - 2% ടി.ഡി.എസ് ഈടാക്കിയില്ല.

സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് & കസ്റ്റംസിന്റെ 13.9.2018 ലെ 50/18 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 1.10.2018 തീയ്യതി മുതൽ കരാറുകാർക്ക് നൽകുന്ന 250000 രൂപക്ക് മുകളിലുള്ള ബില്ലുകളിൽ നിന്ന് GST ഇനത്തിൽ 2% തുക കിഴിവ് വരുത്തേണ്ടതുണ്ട്. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രവൃത്തികളുടെ ബിൽ തുക നൽകിപ്പോൾ 2% തുക കിഴിവ് വരുത്താതെയാണ് കരാറുകാർക്ക് ബിൽ നൽകിയിട്ടുള്ളത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ട തുക 2% |
|---|---|---|---|
| 1 | കൊട്ടപ്പുറം ഗവ. ഹൈസ്കൂൾ ബോയ്സ് ടോയ്‌ലറ്റ് നിർമ്മാണം ( 1450/19)<br>ബിൽ 301 /30.11.2018 തുക 304448<br>കൺവീനർ ശ്രീ. എൻ.എം ചന്ദ്രൻ നായർ<br>അളവ് പുസ്തകം 2006/16-17 | 304448 | 6089 |
| 2 | കൊട്ടപ്പുറം ഗവ. ഹൈസ്കൂൾ ഡയ്നിംഗ് ഹാൾ മെയിന്റനൻസ് ( 1378/19)<br>ബിൽ 300 /30.11.2018 തുക 417915<br>കൺവീനർ ശ്രീ. എൻ.എം ചന്ദ്രൻ നായർ<br>അളവ് പുസ്തകം 2004/16-17 | 417915 | 8358 |
| 3 | കൊട്ടപ്പുറം ഗവ. ഹൈസ്കൂൾ ഗേൾസ് ടോയ്‌ലറ്റ് നിർമ്മാണം ( 1432/19)<br>ബിൽ 302 /30.11.2018 തുക 302732<br>കൺവീനർ ശ്രീ. എൻ.എം ചന്ദ്രൻ നായർ<br>അളവ് പുസ്തകം 2003/16-17 | 302732 | 6055 |
| 4 | ചേരിയം ഗവ. ഹൈസ്കൂൾ റിപ്പയർ (675/19)<br>ബിൽ 258 /16.11.2018 തുക 499145<br>കൺവീനർ ശ്രീ. KK.രവീന്ദ്രൻ<br>അളവ് പുസ്തകം 3375/18-19 | 499145 | 9983 |
| 5 | കണ്ണയിൽ തായംകുളം സംരക്ഷണം ( 152/19)<br>ബിൽ 290 /30.11.2018 തുക 860643<br>കരാറുകാരൻ ശ്രീ.ഐ.ടി സജീഷ് | 860643 | 17213 |

| | | | |
|---|---|---|---|
| | അളവ് പുസ്തകം 2279/16-17 | | |
| 6 | വട്ടംകുളം ചെകന്നൂർ റോഡ് (1346/49)<br><br>ബിൽ 260 /16.11.2018 തുക 665961<br><br>കരാറുകാരൻ ശ്രീ.മുഹമ്മദ് ഇഖ്ബാൽ<br><br>അളവ് പുസ്തകം 2257/16-17 | 665961 | 13319 |
| 7 | ജി.വി.എച്ച്. എസ്.എസ് ഗേൾസ് ബി.പി.അങ്ങാടി മെയിന്റനൻസ്(1364/18)<br><br>ബിൽ 263/18-19/15.11.2018 തുക 396831<br><br>കരാറുകാരൻ ശ്രീ. മുഹമ്മദ് കുട്ടി പി.കെ<br><br>അളവ് പുസ്തകം 2906/17-18 | 396831 | 7937 |
| 8 | കൊളപ്പുറം സൗത്ത് രാജീവ് ഗാന്ധി റോഡ്-എ.ആർ നഗർ ഗ്രാ.പ (259/19)<br><br>ബിൽ 228/18-19/20.10.2018 തുക 629286<br><br>കരാറുകാരൻ ശ്രീ. മുഹമ്മദ് റഹീസ് ഇ.കെ<br><br>അളവ് പുസ്തകം 2835/17-18 | 629286 | 12586 |
| | ആകെ | | 81540 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 /06.07.2020, നം. 49/9.7.20 എന്നിവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-41 യഥാസമയം എഗ്രിമെന്റ് വയ്ക്കാത്തതിന് നിയമാനുസൃത നടപടി സ്വീകരിച്ചില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012, സെക്ഷൻ 2009.6 പ്രകാരം, കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തിയ്യതി നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി കരാർ വെക്കാം. 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വെക്കാത്ത പക്ഷം കരാർ വാഗ്ദാനം റദ്ദാക്കണം, EMD കണ്ട്കെട്ടി ടെണ്ടർ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റ നടപടികളും സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും പ്രവൃത്തി നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യണം. ഇത് സാധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യണം.

എന്നാൽ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയ വൈരങ്കോട് മൈലാടിയിൽ തിരുനാവായ റോഡ് (പ്രോജക്ട് നം. 388/19) പ്രവൃത്തിയിൽ മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചില്ല.

കരാറുകാരനായ ശ്രീ. കെ. മുഹമ്മദ് റിയാസിന് സെലക്ഷൻ നോട്ടീസ് ഡെസ്പാച്ച് ചെയ്തത് 01.08.2018 നാണ്. എന്നാൽ ടിയാൾ കരാർ വെച്ചത് 29.08.2018 നാണ്. (കരാർ നം. AEE/LSGD-DIV/MPM/189/18-19 തി: 29.08.2018). ബിൽ നം. 481/ 18-19 പ്രകാരം ടിയാൾക്ക് തുക അനുവദിച്ചപ്പോൾ കരാർ തുകയുടെ (24,48,552) ഒരു ശതമാനം 24486 രൂപ പിഴ ഈടാക്കിയിട്ടുമില്ല. ആയത് കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/07.07.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-42 സ്കൂൾ കെട്ടിട നിർമ്മാണം - സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ GHS സ്കൂൾ എടപ്പാൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി ( 1257/19) യുടെ ഇനം 10 ആയി കെട്ടിടത്തിന്റെ മേൽക്കൂര പണിയുന്നതിന്റെ ഭാഗമായി പർലിൻ പ്രവൃത്തി ചെയ്തതിന് പ്രൈസ് സോഫ്റ്റ് വെയറിൽ ലഭ്യമായ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.1 പ്രകാരമുള്ള നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ പർലിൻ/സിംഗിൾ സെക്ഷൻ പ്രവത്തിക്ക് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്. 50.10.1 പ്രകാരമുള്ള നിരക്ക് ട്രസ്സ് വർക്കിന് നൽകാവുന്ന

നിരക്കാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.
വിശദാംശങ്ങൾ ഖണ്ഡിക 3-6 ക്രമ നമ്പർ 4 ആയി നൽകിയിട്ടുണ്ട്.

## 1-43 റോഡ് വർക്ക് ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു

-

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നിർവഹിച്ച താഴെ കാണിച്ച റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 (Using 40 mm) Cement Concreting ചെയ്തതിന് DSR കോഡ് 16.42 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിൽ 1:2:4 (Using 40 mm) Cement Concreting ചെയ്യുന്നതിന് സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്തതിനാൽ സൈഡ് ഷട്ടറിംഗ് കുറച്ച നിരക്കാണ് കരാറുകാർക്ക് അനുവദിക്കേണ്ടത്. (പ്രവൃത്തികളുടെ ഫയലിൽ നിന്നും ലഭ്യമായ ഫോട്ടോകളിൽ നിന്നും സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു. മാത്രവുമല്ല ടാർ റോഡിനോട് ചേർന്ന് കിടക്കുന്ന ഭാഗത്ത് ഷട്ടറിംഗ് ചെയ്യൽ പ്രായോഗികമല്ല.)

| പ്രവൃത്തി | കരാറുകാരന് അധികം അനുവദിച്ച തുക |
|---|---|
| വാരിയത്ത് പടി തിരുനിലം റോഡ് ടാറിംഗ് & ഐറിഷ് ഡ്രൈനേജ്<br>(1250/19) | 5462 |
| പുറമണ്ണൂർ ചെനക്കപ്പറമ്പ് റോഡ് ടാറിംഗ് & ഐറിഷ് ഡ്രൈനേജ്<br>(1508/19)8 | 2403 |
| മംഗലം കുട്ടായി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് റോഡ് ടാറിംഗ് & ഐറിഷ് ഡ്രൈനേജ്<br>(258/19) | 2971 |
| | 10836 |

10836 രൂപ അധികം നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No.40 / 9.7.20) മറുപടി ലഭ്യമാക്കിയില്ല. വിശദ വിവരം ഖണ്ഡിക 3-7 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-44 വാഴക്കാട് ഹൈസ്കൂൾ ഷീറ്റ് വർക്ക് - അധിക നിരക്ക് നൽകി.

പ്രവൃത്തിയുടെ ഇനം 3 പ്രകാരം ക്ലാസ്സ് റൂമിന് AC sheet റൂഫിംഗിന് വിരിക്കുന്നതിന് വേണ്ടിയുള്ള ട്രസ്സ് വർക്ക്, GI pipe ഉപയോഗിച്ച് window Shutter frame എന്നിവ ചെയ്യുന്നതിന് പർലിൻ/സിംഗിൾ സെക്ഷൻ ഉൾപെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 128.49/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 50.10.1). എന്നാൽ ഈ പ്രവൃത്തിയിൽ 444.64 kgവരുന്ന window Shutter frame പ്രവൃത്തികൾക്കും 550.8 kg വരുന്ന പർലിൻ പ്രവൃത്തികൾക്കും സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 50.10.2 കോഡ് പ്രകാരമുള്ള 104.63/kg രൂപയാണ്.

പ്രവൃത്തിയിൽ കൺവീനർക്ക് അധികം നൽകിയ 23751 രൂപയുടെ വിശദ വിവരം ഖണ്ഡിക 3-6 ക്രമ നമ്പർ 6 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അധികം നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ 50 / 09.07.2020

ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

### 1-45 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല.

അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഏതാനം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്. പിഴ ഈടാക്കാത്തത് മൂലം 8015 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-8 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സെന്ററിംഗ് - അധിക നിരക്കിൽ തുക നൽകി.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കുറുവ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ കൊഹിനൂർ SC കോളനി പുരയിട സംരക്ഷണവും റോഡ് സംരക്ഷണ ഭിത്തി നിർമ്മാണവും എന്ന പ്രവൃത്തിയുടെ (1457/19) ഇനം 7 ആയി സംരക്ഷണ ഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR 5.9.6 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് DSR 5.9.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. DSR 5.9.6 പ്രകാരമുള്ള നിരക്ക് കോളം, പില്ലർ, അബട്ട്മെന്റ് എന്നിവയുടെ സെന്ററിംഗ് പ്രവൃത്തിക്കുള്ള നിരക്കാണ്. ഇപ്രകാരം തെറ്റായ നിരക്ക് നൽകിയത് വഴി ജില്ലാ പഞ്ചായത്തിന് 23,844/- രൂപയുടെ അധിക ചെലവുണ്ടായി. അധിക തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക @641.58/M2 | നൽകാവുന്ന തുക @519.19/M2 | അധികം നൽകിയ തുക |
|---|---|---|---|---|
| കൊഹിനൂർ SC കോളനി പുരയിട സംരക്ഷണവും സംരക്ഷണ ഭിത്തി നിർമ്മാണവും (1457/19)<br>സാങ്കേതികാനുമതി. 96096/17-18 തീയ്യതി 31.12.2017<br>കരാർ AEE/LSGD-DIV/MPM/486/17-18 തീയ്യതി 5.3.2018 (17.5% കുറവ്)<br>ബിൽ 399/15.3.2019 തുക 12,36,055<br>(വികസന ഫണ്ട് -എസ്.സി.പി. )<br>അളവ് പുസ്തകം 3224/17-18<br>കരാറുകാരൻ. ശ്രീ.മുഹമ്മദ് ജുറൈജ്. കെ.കെ<br>കോസ്റ്റ് ഇൻഡക്സ് 37.25% DSR-2016 | 236.15$m^2$ | 1,24,994<br>@529.30/$m^2$<br>17.5% ടെണ്ടർ കുറവിന് ശേഷം | 1,01,150<br>@428.33<br>17.5% ടെണ്ടർ കുറവിന് ശേഷം | 23,844 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 3/25.6.2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അധിക തുക തിരിച്ചടക്കാൻ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക അടവാക്കിയിട്ടില്ലാത്തതിനാൽ നഷ്ട തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ, എസ്റ്റിമേറ്റ് മേൽ പരിശോധന നടത്തി സാങ്കേതികാനുമതിക്കായി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ തുല്യ ബാധ്യതയായി ചുമത്തുന്നു.

## 3-2 സാധാരണ ഡോർ നിർമ്മിച്ചതിന്, സ്ലൈഡിംഗ് ഡോർ നിർമ്മിച്ചതിനുള്ള തുക നൽകി

പ്രോജക്ട്: ആലിപ്പറമ്പ് GHS സ്കൂളിൽ റെസ്റ്റ് റൂം നിർമാണം (1320/19)
കൺവീനർ: ശ്രീമതി. മഹിജാബി
ടി.എസ്.നം.91303/17-18
അളവ് പുസ്തകം-3493/18-19
ബിൽ:474/21-3-2020-1414761/-രൂപ (വികസന ഫണ്ട് – ജനറൽ )
DSR 2016-കോസ്റ്റ് ഇൻഡക്സ്-37.25%

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് 1320/19 ആലിപ്പറമ്പ് GHS സ്കൂളിൽ ഗേൾസ് റെസ്റ്റ് റൂം നിർമ്മാണം എന്ന പേരിലുള്ള പ്രവൃത്തിയുടെ ഇനം 16 ആയി MS ഷീറ്റ് ഉപയോഗിച്ച് സ്ലൈഡിംഗ് ഡോർ, വിൻഡോ എന്നിവ നിർമ്മിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിതുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി സ്ഥലം ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാനിധ്യത്തിൽ പരിശോധിച്ചപ്പോൾ ഈ പ്രവൃത്തി ചെയ്തിട്ടില്ലെന്ന് ബോധ്യമായി. പകരം MS ഷീറ്റ് ഉപയോഗിച്ചുള്ള സാധാരണ ഡോർ മാത്രമാണ് ഇവിടെ നിർമ്മിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ ഇക്കാര്യം സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി | അളവ് | നൽകിയ തുക<br>DSR 10.4 | നൽകാവുന്നത്<br>DSR 10.5.1 | അധികം |
|---|---|---|---|---|---|
| 16 | MS ഷീറ്റ് ഉപയോഗിച്ച് സ്ലൈഡിംഗ് ഡോർ, വിൻഡോ | 19.92m$^2$ | 84,134<br>@4223.60/m$^2$ | 73,355<br>@3682.50/m$^2$ | 10,779 |

അധികം നൽകിയ തുക അടവാക്കണമെന്ന് ആവശ്യപ്പെട്ട് 38/9.7.2020 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് , അധിക തുക അടവാക്കണമെന്ന് ആവശ്യപ്പെട്ട് കൺവീനർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

നഷ്ട തുക പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ തുല്യ ബാധ്യതയായി ചുമത്തുന്നു.

## 3-3 GMUP സ്കൂൾ വളപുരം. പെൺകുട്ടികൾക്ക് വിശ്രമ കേന്ദ്രം -അപാകതകൾ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ GMUP സ്കൂൾ വളപുരം (പുലാമന്തോൾ ഗ്രാമ പഞ്ചായത്ത്) പെൺകുട്ടികൾക്ക് വിശ്രമ കേന്ദ്രം എന്ന പ്രവൃത്തി ( 118/19) ഗുണഭോക്തൃ സമിതി മുഖേനെയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 5% ഓവർഹെഡ് ചാർജ്, കരാറുകാരന്റെ ലാഭവിഹിതം 10% എന്നിവ ഉൾപെടുത്തിയാണ് . എന്നാൽ ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് മാത്രം ഉൾപെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ച ശേഷം ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് 5% ഓവർഹെഡ് ചാർജ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം (ആകെ 8%) എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതും, നികുതികൾ ഈടാക്കിയതിലെ അപാകതകൾ കാരണമായും 69640 രൂപ ജില്ലാ പഞ്ചായത്തിന് അധിക ചെലവ് വന്നിട്ടുണ്ട്. അധിക തുക ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | 15% CP ഉൾപെടെ ആകെ | 7.5% ഓവർഹെഡ് ചാർജ് മാത്രം | നികുതികൾ (8%) കുറച്ച ശേഷം | കൺവീനർക്ക് നൽകിയ തുക | അധികം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | പ്രവൃത്തി മൂല്യം | നൽകിയാൽ പ്രവൃത്തി മൂല്യം | കൺവീനർക്ക് നൽകാവുന്ന തുക | | |
| GMUP സ്കൂൾ വളപുരം പെൺകുട്ടികൾക്ക് വിശ്രമ കേന്ദ്രം ( 118/19) സാങ്കേതികാനുമതി 93017/17-18 തീയ്യതി11.12.2017<br><br>ബിൽ 282/29.11.2018 തുക 1386874 (വികസന ഫണ്ട്ജനറൽ) ( ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് 6.5% OH കുറവ് ചെയ്ത ശേഷമുള്ള തുകയാണ് പിൻവലിച്ചിട്ടുള്ളത് )<br><br>കൺവീനർ ശ്രീ. എ.കെ അച്ചുതാനന്ദൻ (ഹെഡ്മാസ്റ്റർ)<br><br>അളവ് പുസ്തകം 2209/16-17 കോസ്റ്റ് ഇൻഡക്സ് 37.25% DSR 2016 | 1483288 | 1386552 | 1275628 | 1345268 | 69640 |

ഇപ്രകാരമുള്ള എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ച ശേഷം ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് അഞ്ച് ശതമാനം ഓവർഹെഡ് ചാർജ് രണ്ട് ശതമാനം ആദായ നികുതി ഒരു ശതമാനം നിർമാണതൊഴിലാളി ക്ഷേമനിധി എന്നിവയുടെ തുക എട്ട് ശതമാനം കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്.

വിശദീകരണം ആവശ്യപ്പെട്ട് 30/07.07.2020 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് - പ്രവൃത്തി നിർവ്വഹിച്ച ഗുണഭോക്തൃ സമിതി കൺവീനറോട് തുക തിരിച്ചടവാക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. അധികം നൽകിയതുക ഈടാക്കേണ്ടതാണ്. നഷ്ട തുക 69640 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് മേൽ പരിശോധന നടത്തി സാങ്കേതികാനുമതിക്കായി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരുടെ തുല്യ ബാധ്യതയായി ചുമത്തുന്നു.

3-4 പാറൽ- മണലായ കണ്ടംചിറ റോഡ് - 217422 രൂപ അധികം ചെലവഴിച്ചു

| | |
|---|---|
| പ്രവൃത്തി: പാറൽ- മണലായ കണ്ടംചിറ റോഡ് (1509/19) | സാങ്കേതികാനുമതി. 67518/18-19 തീയ്യതി 28.8.2018 |
| ബിൽ 222/തീയ്യതി 01.10.2018 | തുക 1869308 (മെയിന്റെനൻസ് ഗ്രാന്റ് ) |
| ബിൽ 165/17-18 തീയ്യതി 25.3.2018 | തുക 1868028 (2017-18 ൽ നൽകിയത് ) |
| കരാർ-AEE/LSGD/DIV/MPM/135/17-18 തീയ്യതി 13.11.2017 | അളവ് പുസ്തകം - 2772/17-18, 3112/17-18, 3110/17-18 |
| കരാറുകാരൻ ശ്രീ. മുഹമ്മദ് റഫീഖ്. ടി | DSR2016, കോസ്റ്റ് ഇൻഡക്സ് 40.2% |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പാറൽ- മണലായ കണ്ടംചിറ റോഡ് (ബഹുവർഷ പ്രോജക്റ്റ്) പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 3 ആയി റോഡ് ഉയർത്തുന്നതിന് ക്വാറി മക്ക് നിറച്ചതിന്റെ അളവ് കൂട്ടിയിട്ടതിൽ തെറ്റ് വന്നത് കാരണം 42046 രൂപ ജില്ലാ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1. അളവുകൾ രേഖപ്പെടുത്തിയതിൽ പിഴവ്

15x8.00 [(0.25+0.10)/2] = 21$m^3$ എന്നതിന് പകരം 75 $m^3$ എന്ന് തെറ്റായി രേഖപ്പെടുത്തി 54 $m^3$ ന് അധിക തുക നൽകിയതായി അളവ് പുസ്തകം നം.2772/17-18 പേജ് 44,45,46 രേഖപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| നൽകിയ തുക 75 $m^3$ | നൽകാവുന്ന തുക 21$m^3$ | അധികം 54$m^3$ |
| 58397 @778.62/$m^3$ | 16351 @778.62/$m^3$ | 42046 |

ഓഡിറ്റ് എൻക്വയറി 48/9.7.2020 നൽകിയതിന് തുക അടവാക്കണമെന്ന് കാണിച്ച് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. തുകയുടെ തിരിച്ചടവ് വിവരം ലഭ്യമാക്കേണ്ടതാണ്. 42046 രൂപ പ്രവൃത്തിയുടെ അളവെടുത്ത അസി.എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ തുല്യ ബാധ്യതയായി ചുമത്തുന്നു.

## 2.ജി.ഐ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ. അധിക തുക നൽകി

റോഡ് വീതി കൂട്ടുന്നതിന് വേണ്ടി, ഈ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 11 ആയി റോഡ് സൈഡിലെ നിലവിലുള്ള ജി.ഐ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി (15mm dia pipe - 28*2.50=70M) DSR 18.12.1 പ്രകാരമുള്ള 224.60/M നിരക്ക് കരാറുകാരന് നൽകിയിട്ടുണ്ട്. DSR 18.12.1 ഡാറ്റ പ്രകാരമുള്ള നിരക്കിൽ പൈപ്പിനുള്ള വിലയും, ട്രഞ്ചിങ് & റീഫില്ലിങ്ങിനുള്ള നിരക്കും ഉൾപ്പെടുന്നുണ്ട്. എന്നാൽ ഇവിടെ ജി.ഐ പൈപ്പ് സ്ഥലം മാറ്റി ഫിറ്റ് ചെയ്യുക മാത്രമാണ് പ്രവൃത്തി. ആയതിനാൽ പൈപ്പിനുള്ള തുകയും ജി.ഐ പൈപ്പ് ആയതിനാൽ ട്രഞ്ചിങ് & റീഫില്ലിങ്ങിനുള്ള നിരക്കും നൽകേണ്ടതില്ല. അടിസ്ഥാന നിരക്കിൽ നിന്ന് പൈപ്പിന്റെ ഡാറ്റ പ്രകാരമുള്ള വിലയും, ട്രഞ്ചിങ് & റീഫില്ലിങ്ങിനുള്ള നിരക്കും കുറവ് ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ. അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരമുള്ള അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|
| 69.60M | 13832<br>@198.73/m<br>(11.52% ടെണ്ടർ കിഴിവിന് ശേഷമുള്ള നിരക്ക്.)<br>(അടിസ്ഥാന നിരക്ക് 224.60/m) | 3509<br>@50.42/M<br>(11.52%ടെണ്ടർ കിഴിവിന് ശേഷമുള്ള നിരക്ക്)<br>(അടിസ്ഥാന നിരക്ക് @56.98/M) | 10323 |

DSR 18.12.1 പ്രകാരമുള്ള നിരക്കിൽ നിന്ന് ജി.ഐ പൈപ്പിന്റെയും, ട്രഞ്ചിങ് &റീ ഫില്ലിങ് എന്നിവയുടെയും നിരക്ക് കുറവ് ചെയ്ത് കരാറുകാരന് നൽകാവുന്ന ശരിയായ നിരക്ക് കണക്കാക്കിയതിന്റെ ഡാറ്റാ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 9999 | White lead,hemp,oil etc. | L.S | 5.33 | 1.73 | 9.22 |
| 0116 | Fitter(grade 1) | Day | 0.08 | 487.00 | 38.96 |
| 114 | Beldar | Day | 0.16 | 368.00 | 58.88 |
| 114 | Beldar | Day | 0.66 | 368.00 | 242.88 |
| Total | | | | | 349.94 |
| Cost for 10 Metre | | | | | 349.94 |
| Cost for 1 Metre | | | | | 34.994 |
| Add water charge1% | | | | | 0.35 |
| Total | | | | | 35.344 |
| Add CPOH 15% | | | | | 5.301 |
| | | | | | 40.645 |
| Cost index 40.2% | | | | | 16.339 |
| Total | | | | | 56.984 |

ഓഡിറ്റ് എൻക്വയറി 48/9.7.2020 നൽകിയതിന് – ജി.ഐ പൈപ്പുകൾ മാറ്റി സ്ഥാപിക്കുക (Shifting water supply pipe) എന്നാണ് എസ്റ്റിമേറ്റിലുള്ളതെങ്കിലും നിലവിലുള്ള മെയിൻ പൈപ്പ് ലൈനിൽ നിന്നുള്ള കണക്ഷൻ ലൈനുകൾ നീട്ടുന്ന പ്രവൃത്തിയാണ് യഥാർത്ഥത്തിൽ ചെയ്തതെന്നും ഇപ്രകാരം അധിക നീളത്തിൽ സ്ഥാപിച്ച പൈപ്പിന്റെ നീളമാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോഴാണ് എക്സ്ട്ര ഇനമായി പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുക എന്ന ഇനം ഉൾപെടുത്തിയിട്ടുള്ളത്. ഒരു പ്രവൃത്തി നടന്ന് കൊണ്ടിരിക്കെ ഏതെങ്കിലും ഇനത്തിൽ അളവുകൾ മാറ്റം വരുമ്പോഴോ പുതിയ ഇനം ഉൾപെടുത്തേണ്ടി വരുമ്പോഴോ ആണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. മറുപടിയിൽ പറഞ്ഞ പ്രകാരം പൈപ്പ് ലൈൻ നീളം കൂട്ടിയതാണെങ്കിൽ അതായിരുന്നു റിവൈസ്ഡ് എസ്റ്റിമേറ്റിൽ കാണിക്കേണ്ടിയിരുന്നത്. എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുള്ളത് പൈപ്പുകൾ മാറ്റി സ്ഥാപിക്കുക എന്നാണ്. പ്രസ്തുത രേഖപ്പെടുത്തലുകൾക്ക് വിരുദ്ധമായി ഇപ്പോൾ ലഭ്യമാക്കിയ മറുപടി സ്വീകാര്യമല്ല. അധികം നൽകിയതുക ഈടാക്കേണ്ടതാണ്. നഷ്ട തുക 10323 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റ് മേൽ പരിശോധന നടത്തി സാങ്കേതികാനുമതിക്കായി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , സാങ്കേതികാനുമതി നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## <u>3.ജി.എസ്.ബി തയ്യാറാക്കുന്നതിന് അധിക നിരക്ക് നൽകി</u>

ഈ പ്രവൃത്തിയുടെ ഇനം രണ്ട് ആയി റോഡ് വീതി കൂട്ടുന്നതിന് വേണ്ടി മണ്ണെടുത്ത ഭാഗത്ത് ഗ്രാനുലർ സബ് ബെയ്സ് തയ്യാറാക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ 4.11.2 പ്രകാരമുള്ള 2171.85/$m^3$ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ജില്ലാ പഞ്ചായത്ത് ഓഡിറ്റ് വർഷം നിർവ്വഹിച്ച ഭൂരിഭാഗം പ്രവൃത്തികളിലും ഗ്രാനുലർ സബ് ബെയ്സ് തയ്യാറാക്കുന്നതിന് പ്രാദേശികമായി ലഭ്യമായ ക്വാറി മക്ക് ഉപയോഗിക്കുന്നതിനുള്ള നിരക്ക് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ( അംഗികൃത ഒബസർവ്ഡ് ഡാറ്റ 51.2.3 @892.40/$m^3$). കേവലം 80cm മാത്രം വീതിയിൽ മണ്ണെടുത്ത ഭാഗങ്ങളിൽ ഗ്രാനുലർ സബ് ബെയ്സ് തയ്യാറാക്കുന്നതിന് ഇപ്രകാരം ഉയർന്ന നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരമുള്ള അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

| പ്രവൃത്തി ചെയ്ത അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|
| 145.8m3 | 280177<br>@ 1921.65<br>11.52% ടെണ്ടർ കുറവിന് ശേഷം | 115124<br>@789.60<br>11.52% ടെണ്ടർ കുറവിന് ശേഷം | 165053 |

കുറിപ്പ് - കുമ്മിണി പറമ്പ് ഈത്തച്ചിറ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (289/19) എന്ന പ്രവൃത്തിയിൽ ശരാശരി 4 മീറ്റർ വീതിയിൽ ഗ്രാനുലർ സബ് ബെയ്സ് തയ്യാറാക്കിയതിന് അംഗികൃത ഒബ്സർവ്ഡ് ഡാറ്റ 51.2.3 @892.40/$m^3$ നിരക്ക് മാത്രമാണ് നൽകിയിട്ടുള്ളത്.

എൻക്വയറി 48/9.7.2020 നൽകിയതിന് – ഇത് ആലിപ്പറമ്പ് പഞ്ചായത്തിലെ ഒരു പ്രധാന റോഡ് ആണ് എന്നും, ഈ റോഡിലൂടെ സമീപത്തുള്ള ക്രഷറിലേക്ക് ഭാര വാഹനങ്ങൾ ധാരാളം സഞ്ചരിക്കാറുണ്ട് ആയതിനാലാണ് 10cm കനത്തിൽ ഗ്രാനുലർ സബ് ബെയ്സ് നൽകിയത് എന്നും മറുപടി ലഭ്യമാക്കി.

ഗ്രാനുലർ സബ് ബെയ്സ് തയ്യാറാക്കാൻ അംഗികൃത ഒബ്സർവ്ഡ് ഡാറ്റ 51.2.3 (@892.40/$m^3$ ) പ്രകാരമുള്ള നിരക്ക് നൽകേണ്ടതിന് പകരം ഉയർന്ന് നിരക്ക് നൽകിയതാണ് ഖണ്ഡികയിലെ പരാമർശം. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധിക തുക 165053 ഈടാക്കുകയോ ചെയ്യേണ്ടതാണ്. നഷ്ട തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ, എസ്റ്റിമേറ്റ് മേൽ പരിശോധന നടത്തി സാങ്കേതികാനുമതിക്കായി നൽകിയ അസി. എക്സി.എഞ്ചിനീയർ , സാങ്കേതികാനുമതി നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ തുല്യ ബാധ്യതയായി ചുമത്തുന്നു.

## <u>4. വൈദ്യുതി പോസ്റ്റ് മാറ്റിസ്ഥാപിക്കൽ.പൂർത്തീകരണ വിവരമില്ല.</u>

ഈ പ്രവൃത്തിയുടെ അവസാന ഇനമായി ചെയ്ത റോഡ് സൈഡിലെ ഇലക്ട്രിക്കൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് ചെർപുളശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ 51000 രൂപ അടവാക്കിയതിന് കരാറുകാരന് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. തുകയുടെ രസീത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്കായി KSEB ലഭ്യമാക്കിയ എസ്റ്റിമേറ്റ്, പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല. ആയവ പരിശോധനക്ക്

ലഭ്യമാക്കേണ്ടതാണ്.
അധികം നൽകിയ 217422 രൂപ (42046+10323+165053) ഈടാക്കേണ്ടതാണ്.

### 3-5 കരിങ്കൽ പടവ് - അധിക തുക നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ കനികുളത്തുമാട് കോളനി ഭവന സുരക്ഷ ( 1666/19) എന്ന പ്രവൃത്തിയുടെ ഇനം 2 ആയി ചെയ്ത കരിങ്കൽ പടവിന്റെ അളവ് തെറ്റായി രേഖപ്പെടുത്തിയത് വഴി ജില്ലാ പഞ്ചായത്തിന് 18208 രൂപ അധിക ചെലവുണ്ടായിട്ടുണ്ട്.

ഇനം 1 ആയി 16* 1.20 മീറ്റർ അളവിൽ മണ്ണെടുത്ത ഭാഗത്ത് കരിങ്കൽ പടവ് ചെയ്തതിന്റെ അളവ് രേഖപ്പെടുത്തിയത് 16* 1.40മീറ്റർ എന്നാണ്. കൂടാതെ സൂപ്പർ സ്ട്രക്ചർ ആയി കരിങ്കൽ പടവ് ചെയ്തതിന്റെ വീതി 16 (1.40+0.60)/2 എന്നാണ് രേഖപ്പെടുത്തിയത്. എന്നാ , വീതിയഥാർത്ഥത്തിൽ 16(1.40+0.50)/2 ആണ്.കരിങ്കൽ പടവ് ചെയ്ത മറ്റ് എല്ലാ അളവുകളിലും വീതി മുകളിൽ 0.50 ആണ്. മാത്രമല്ല കരിങ്കൽ പടവിന് മുകളിൽ സിമന്റ് കോൺക്രീറ്റ് ചെയ്തതും ഈ 16 മീറ്റർ ഉൾപെടെ എല്ലാ ലെങ്ത്തിലും 0.50 വീതിയിൽ ആണ്. ആയതിനാൽ ഈ ഇനത്തിൽ നൽകിയ അധിക തുക ഈടാക്കേണ്ടതാണ്.

| പ്രവൃത്തി | യഥാർത്ഥ അളവ് | നൽകാവുന്ന തുക $39.712m^3$ | നൽകിയ തുക $46.72m^3$ | അധികം |
|---|---|---|---|---|
| കനികുളത്തുമാട് മാട് കോളനി ഭവന സുരക്ഷ ( 1666/19)<br>ബിൽ 514/27.3.2019<br>തുക 959891<br>(വികസന ഫണ്ട് എസ്.സി.പി.)<br>അളവ് പുസ്തകം 4102/18 -19<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>DSR 2016<br>കരാറുകാരൻ.<br>ശ്രീ. ഹനീഫ.കെ.വി | $39.712m^3$ | 103179<br>@$2598.17/m^3$ | 121387<br>@$2598.17/m^3$ | 18208 |

അനുവദനീയമായ അളവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അളവ് പുസ്തകത്തിലെ അളവ് | യഥാർത്ഥ അളവ് |
|---|---|
| മൺപണി 16* 1.20*0.60 = 11.52<br>കരിങ്കൽ പടവ്<br>16* 1.40+0.60*2.92=46.72<br>2 | കരിങ്കൽ പടവ് 16* 1.20+0.50*2.92=39.712<br>2 |

വിശദീകരണം ആവശ്യപ്പെട്ട് 26/6.7.2020 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് - പ്രസ്തുത സൈറ്റിലെ അളവുകൾ പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകാൻ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി. എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്, റിപ്പോർട്ട് ലഭ്യമായാലുടൻ മറുപടി നൽകുന്നതാണ് എന്ന് അറിയിച്ചു.
നഷ്ട തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, പ്രവൃത്തി ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ തുല്യ ബാധ്യതയായി ചുമത്തുന്നു.

### 3-6 സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് ട്രസ്സ് വർക്കിനുള്ള നിരക്ക് നൽകി.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ

സിംഗിൾ സെക്ഷൻ പ്രവൃത്തികളിൽ ട്രസ് വർക്കിന്റെ നിരക്ക് (അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.10.1 ) നൽകിയിട്ടുണ്ട്. സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് നൽകാവുന്ന നിരക്ക് 50.10.2 പ്രകാരമുള്ളതാണ്.

| ക്ര നം | പ്രവൃത്തി സംബന്ധിച്ച വിവരം | സിംഗിൾ സെക്ഷൻ പ്രവൃത്തിയുടെ അളവ് | നൽകിയ നിരക്ക് | നൽകാവുന്ന നിരക്ക് | അധികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ആലിപ്പറമ്പ് GHS സ്കൂളിൽ ഗേൾസ് റെസ്റ്റ് റൂം നിർമാണം (720/19)<br>കൺവീനർ: ശ്രീ.സുഭാഷ്കുമാർ<br>ടി.എസ്.നം.74105/2018-19<br>തീയതി: 18-7-18<br>അളവ് പുസ്തകം-3113/ 17-18,3858/18-19<br>ഓഡിറ്റ് എൻക്വയറി നം.38/ 9-7-2020<br>ബിൽ:473/21-3-2020- 1467635/-രൂപ<br>(വികസന ഫണ്ട് – ജനറൽ )<br>DSR 2016,കോസ്റ്റ് ഇൻഡക്സ്- 37.25% | 765.30kg | 128.49/kg<br>98333/- | 104.63/kg<br>80073 | 18260/- | 8.7.20ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാനിധ്യത്തിൽ പ്രവൃത്തി നേരിൽ പരിശോധി ക്കുകയും സിംഗിൾ സെക്ഷൻ പ്രവൃത്തി യാണെന്ന് സമ്മതിക്കു കയും സ്ഥല പരിശോധന റിപ്പോർട്ടിൽ ഇക്കാര്യം അംഗീകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പ് വെക്കുകയും ചെയ്തിട്ടുണ്ട്. |
| 2 | ആലിപ്പറമ്പ് GHS സ്കൂളിൽ റെസ്റ്റ് റൂം നിരമ്മാണം (1320/19)<br>കൺവീനർ: ശ്രീമതി. മഹിജാബി<br>ടി.എസ്.നം.91303/17-18<br>അളവ് പുസ്തകം-3493/ 18-19<br>ബിൽ:474/21-3-2020<br>-<br>1414761/-രൂപ<br>(വികസന ഫണ്ട് – ജനറൽ )<br>DSR 2016-<br>കോസ്റ്റ് ഇൻഡക്സ്- 37.25%<br>ഓഡിറ്റ് എൻക്വയറി നം.38 /9-7-20 | 765.30kg | 128.49/kg<br>98333/- | 104.63/kg<br>80073 | 18260/- | 8.7.20ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാനിധ്യത്തിൽ പ്രവൃത്തി നേരിൽ പരി ശോധിക്കുകയും സിംഗിൾ സെക്ഷൻ പ്രവൃത്തി യാണെന്ന് സമ്മതി ക്കുകയും സ്ഥല പരിശോധന റിപ്പോർട്ടിൽ ഇക്കാര്യം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | അംഗീകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പ് വെക്കുകയും ചെയ്തിട്ടുണ്ട്. |
| 3 | GMUP സ്കൂൾ വളപുരം പെൺകുട്ടികൾക്ക് വിശ്രമകേന്ദ്രം (118/19) കൺവീനർ: ശ്രീ.എ.കെ. അച്ചുതാനന്ദൻ (എച്ച്.എം.) ടി.എസ്.നം.91303/17-18 Dtd 11-12-2017 അളവ് പുസ്തകം-2209/ 16-17 ഓഡിറ്റ് എൻക്വയറി നം. 30/7-7-20 ബിൽ :282/29.11.2018- Rs.1386874/- (വികസന ഫണ്ട് – ജനറൽ ) DSR 2016- കോസ്റ്റ് ഇൻഡക്സ്- 37.25% | ജി.ഐ. റെക്ടാങ്കുലർ പൈപ്പ് 40x40mm 881.712kg | 128.50/kg 113300 | 104.63/kg 92254 | 21046 | |
| 4 | GHS സ്കൂൾ,എടപ്പാൾ-കെട്ടിട നിർമ്മാണം (1257/19) (വട്ടംകുളം പഞ്ചായത്ത്) കരാറുകാരൻ : ശ്രീ.വേലായുധൻ.എം. (11.26% ആകെ ടെണ്ടർ കുറവ്) അളവ് പുസ്തകം-3148/17-18 ഓഡിറ്റ് എൻക്വയറി 2/25-6-2020 ബിൽ:346/21-1-2019- 1994689/-രൂപ (വികസന ഫണ്ട് – ജനറൽ ) DSR 2016,കോസ്റ്റ് ഇൻഡക്സ്- 37.25% | 2011.76കി. | 110/kg (137.46/kg ടെണ്ടർ ബിലോ 19.98% കുറവ് ചെയ്ത ശേഷം) 221294/- | 99.33/kg (111.93/kgയുടെ 11.26% കുറവ് ചെയ്ത ശേഷം ) (ആകെ ടെണ്ടർ കുറവ് ) 199828/- | 21466/- | |
| 5 | ന്യൂട്രിമിക്സ് യൂണിറ്റിന് ബിൽഡിങ്ങ് നിർമ്മാണം (കീഴുപറമ്പ് പഞ്ചായത്ത്) (856/19) ടി.എസ്.നം.69415/ 2018-19 കരാറുകാരൻ . ഫാസിൽ.കെ.പി. ടെണ്ടർ കുറവ് 16.66% അളവ് പുസ്തകം-4373/18-19 | 676.57 kg | 114.55/kg (137.46/kg ടെണ്ടർ ബിലോ 16.66% കുറവ് ചെയ്ത ശേഷം) 77501 | 93.28/kg (111.93/kgയുടെ 16.66% കുറവ് ചെയ്ത ശേഷം ) 63110 | 14391 | ആകെ 2541.153kg പൈപ്പ് വർക്ക്. ഇതിൽ 1864.583kg ട്രസ്സ് വർക്ക് തന്നെയാണ് ചെയ്തിട്ടുള്ളത്. |

| | | | | | | |
|---|---|---|---|---|---|---|
| | ഓഡിറ്റ് എൻക്വയറി നം. 33/7-7-2020 ബിൽ:569/27-03-2019-827620/-രൂപ (വികസന ഫണ്ട് – ജനറൽ ) DSR 2016,കോസ്റ്റ് ഇൻഡക്സ്-37.25% | | | | | |
| 6. | വാഴക്കാട് ഹൈസ്കൂൾ ടൈലിംഗ്, സീലിംഗ് പ്രവൃത്തി (787/19) കൺവീനർ: ശ്രീ.അബ്ദുൾഹമീദ്.പി അളവ് പുസ്തകം-3623/18-19 ഓഡിറ്റ് എൻക്വയറി നം. 50/9-7-20 ബിൽ:411/8-10-2018-676038/-രൂപ (എം.ജി. – നോൺ റോഡ് ) DSR 2016,കോസ്റ്റ് ഇൻഡക്സ്-37.25% | 995.44 | 128.49/kg 127904.086 | 104.63/kg 104152.888 | 23751 | ആകെ 1769.95kg പൈപ്പ് വർക്ക്. ഇതിൽ 774.51kg ട്രസ്സ് വർക്ക് തന്നെയാണ് ചെയ്തിട്ടുള്ളത്. |
| | | | | | 117174 | |

അധിക തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റ് മേൽ പരിശോധന നടത്തി സാങ്കേതികാനുമതിക്കായി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , സാങ്കേതികാനുമതി നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

### 3-7 റോഡ് വർക്ക്-ഷട്ടറിങ്ങ് ആവശ്യില്ലാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ 1:2:4 (Using 40 mm) Cement Concreting ചെയ്തതിന് DSR 2016 കോഡ് 16.42 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിൽ 1:2:4 (Using 40 mm) Cement Concreting ചെയ്യുന്നതിന് സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്തതിനാൽ സൈഡ് ഷട്ടറിംഗ് കുറച്ച നിരക്കാണ് കരാറുകാർക്ക് അനുവദിക്കേണ്ടത്. (പ്രവൃത്തികളുടെ ഫയലിൽ നിന്നും ലഭ്യമായ ഫോട്ടോകളിൽ നിന്നും സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു. മാത്രവുമല്ല ടാർ റോഡിനോട് ചേർന്ന് കിടക്കുന്ന ഭാഗത്ത് ഷട്ടറിംഗ് ചെയ്യൽ പ്രായോഗികമല്ല.) അനുവദിക്കാവുന്ന തുക താഴെ പറയുന്നു. തൻവർഷത്തിൽ ചെയ്ത ഇത്തരത്തിലുള്ള മറ്റ് പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് കുറച്ച നിരക്കാണ് Observed Data ആക്കി കോൺക്രീറ്റിംഗിന് അനുവദിച്ചിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു. ടി പ്രവൃത്തികളിൽ ടാറിംഗിന് ഇരുവശവും കോൺക്രീറ്റ് ചെയ്ത് സൈഡ് വൈഡനിംഗ് (Irish drainage) ആണ് ചെയ്തിട്ടുള്ളത്.

ഉദാ:- 1.പത്തായക്കണ്ടം പറമ്പ് ശിഹാബ് തങ്ങൾ വനിത കോളേജ് റോഡ് (ആതവനാട് ഗ്രാ.പ)

2. ബാവപ്പടി കാട്ടിലങ്ങാടി റോഡ് പുനരുദ്ധാരണം (ആതവനാട് ഗ്രാ.പ)

അധിക നിരക്ക് അനുവദിച്ചുനൽകിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| | പ്രവൃത്തി | കോൺക്രീറ്റിംഗിന് അനുവദിച്ച തുക | അനുവദിക്കാവുന്ന തുക (സൈഡ് ഷട്ടറിംഗ് ഒഴിവാക്കി (Observed Data) | കരാറുകാരന് അധികം അനുവദിച്ച തുക |
|---|---|---|---|---|
| 1 | വാരിയത്ത് പടി തിരുനിലം റോഡ് ടാറിംഗ് & ഐറിഷ് | 38.05 m3 x6000/m3 = 228300 | 38.05 m3 x5856.46/m3 = 222838 | 5462 |

| | | | | |
|---|---|---|---|---|
| | ഡ്രൈനേജ്-ഇരിമ്പിളിയം പഞ്ചായത്ത്(1250/2019)<br>എം. ബുക്ക് - 2850/2017-18<br>മൂല്യനിർണ്ണയം - 797616/-രൂപ (മെയിന്റനൻസ് ഗ്രാന്റ്-റോഡ്)<br>കരാർ - 26/27.10.2017<br>ബിൽ - 154/30.6.2018<br>കരാറുകാരൻ - KM.മൊയ്തീൻ<br>Cost Index-40.2% (2016 DSR) | (അടിസ്ഥാന നിരക്ക് 7716.33/m3-22.25% ടെണ്ടർ കുറവ് =6000/m3)<br>(ടെണ്ടർ കുറവ് 22.25% ) | (7532.43/m3-22.25%=5856.46/m3)<br>(Observed Data 181211/17-18)<br>(Est. No.2017/40750) | |
| 2 | പുറമണ്ണൂർ ചെനക്കപ്പറമ്പ് റോഡ് ടാറിംഗ് & ഐറിഷ് ഡ്രൈനേജ് ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്<br>(1508/2019)<br>എം. ബുക്ക് - 2874/17-2018<br>മൂല്യനിർണ്ണയം - 895260 (മെയിന്റനൻസ് ഗ്രാന്റ്-റോഡ്)<br>കരാർ - 98/7.11.2017<br>ബിൽ - 209/ 6.9.2018<br>കരാറുകാരൻ –<br>K. അബ്ദുൾ അസീസ്<br>Cost Index-40.2%(2016 DSR) | 14.89m3 x6750/m3 = 100507.5<br>(7716.33/m3-12.53%= 6750/m3)<br>(ടെണ്ടർ കുറവ് 12.53%) | 14.89m3 x6588.61/m3 = 98104.49<br>(7532.43/m3-12.53%=6588.61/m3)<br>(OD181211/17-18)<br>(Est. No.2017/40750) | 2403 |
| 3 | മംഗലം കൂട്ടായി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് റോഡ് ടാറിംഗ് & ഐറിഷ് ഡ്രൈനേജ് മംഗലം പഞ്ചായത്ത്-(258/2019)<br>എം. ബുക്ക് - 3717/2017-18<br>മൂല്യനിർണ്ണയം - 856394 (മെയിന്റനൻസ് ഗ്രാന്റ്-റോഡ്)<br>കരാർ - 99/17.7.2018 (എസ്റ്റിമേറ്റ് നിരക്ക്)<br>ബിൽ - 450/ 20.3.2019<br>കരാറുകാരൻ - മുകുന്ദൻ.പി<br>Cost Index-37.25% (2016 DSR) | 16.5m3 x7554/m3 = 124641 | 16.5m3 x7373.94/m3 = 121670<br>(OD65806/18-19)<br>(Est. No.2018/58903) | 2971 |
| | ആകെ അധികം നൽകിയ തുക | | | 10836 |

നിരക്ക് അധികം നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No.40 / 09.07.2020) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ

നിന്നും, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും നഷ്ട തുക തുല്യമായി ഈടാക്കേണ്ടതാണ്.

## 3-8 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 സെക്ഷൻ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 50% പ്രവൃത്തി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ആദ്യ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള 25% കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്. 50%കാലയളവ് കഴിഞ്ഞ് നടത്തുന്ന പ്രവൃത്തികൾ അനധികൃതവുമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | വാരിയത്ത് പടി തിരുനിലം റോഡ് ടാറിംഗ് & ഐറിഷ് ഡ്രൈനേജ്-(1250/19)<br>എം. ബുക്ക് 2850/17-18<br>മൂല്യനിർണ്ണയം-797616/-(മെയിന്റനൻസ് ഗ്രാന്റ്-റോഡ് )<br>PAC-801512<br>കരാർ.26/27.10.17(Estimate)<br>ബിൽ - 154/30.6.18 ,<br>തുക :797616.00 രൂപ<br>കരാറുകാരൻ - KM.മൊയ്തീൻ<br>TS-10,00,000 | 27.10.17 | (4 മാസം) | 27.3.2018 | 8015<br>(28-2-18 മുതൽ 27-3-18 വരെ 8015 രൂപ) |
| | ആകെ | | | | 8015 |

വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചില കരാറുകാരിൽ നിന്ന് പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കുകയും ചിലരുടെ അപേക്ഷ പരിഗണിച്ച് പിഴ ഒഴിവാക്കികൊടുക്കുകയും ചെയ്തിരിക്കുന്നു.

കരാറുകാരുടെ മാത്രം കാരണങ്ങളാൽ പ്രവൃത്തി വൈകി പൂർത്തീകരിച്ചിട്ടും പിഴ ഈടാക്കാതെ കരാറുകാർക്ക് തുക നൽകിയിട്ടുണ്ട്.ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| | പ്രവൃത്തി | കരാർ പ്രകാരം പൂർത്തീകരണ തീയ്യതി/ | ഈടാക്കിയ പിഴ | വൈകിയതിന് കാരണം | കുറിപ്പുകൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | യഥാർത്ഥത്തിൽ പൂർത്തീകരിച്ച തിയ്യതി | | | |
| 1 | മുളൂർ - പാലപ്ര റോഡ് വട്ടംകുളം<br>ബിൽ-277/26.11.2018 തുക 1143540<br>കരാറുകാരൻ. ശ്രീ.മുഹമ്മദ്ഇഖ്ബാൽ<br>കരാർ 279/17-18 തീയ്യതി 29.12.2017 | 28.4.2017<br>15.5.2018 | ഈടാക്കിയില്ല | ഐറിഷ് ഡ്രൈൻ ചെയ്യേണ്ട സ്ഥലത്തെകുറിച്ചുള്ള തർക്കം | 1.1.2108ന് കരാറുകാരൻ പ്രവൃത്തി സ്ഥലം ഏറ്റെടുത്തിട്ടും എസ്റ്റിമേറ്റ് പ്രകാരമുള്ള മറ്റ് പ്രവൃത്തികൾ ആരംഭിച്ചത് 5.4.2018 ന് മാത്രം |
| 2 | കണ്ണയിൽ കായൽ വടക്കേകോന്ന കണ്ടത്ത്താഴം മോട്ടോർ ,പെട്ടി, പറ (1564/19)<br>ബിൽ 469/20.3.2019 തുക 790000<br>കരാറുകാരൻ. ശ്രീ MA.ജയിംസ്<br>കരാർ 52/18-19 തീയ്യതി 26.4.2018 | 26.1.2019<br>7.2.2019 | ഈടാക്കിയില്ല | കരാറുകാരന്റെ അപേക്ഷ ഇല്ല | പ്രവൃത്തി ആരംഭിച്ചത് 26.4.2018 ന് മാത്രം.<br>എടപ്പാൾ ഗ്രാ. പ അസി. എഞ്ചിനീയറുടെ ശുപാർശയിൽ ഫൈൻ ഈടാക്കാതെ സമയ പരിധി നീട്ടി നൽകി.<br>ജില്ലാ പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒപ്പ് / സീൽ ഇല്ല |
| 3 | ചേരിക്കുന്ന് കോളനി ഭവന സുരക്ഷ (286/19<br>ബിൽ 349/21.1.2019 തുക 199768<br>ഒന്നാം പാർട്ട് ബിൽ 506316 (2017-18)<br>കരാറുകാരൻ. ശ്രീ TP.രവി<br>കരാർ 91/2017-18 തീയ്യതി 6.11.2017 | 6.3.2018<br>22.5.2018 | 8225 | ക്വാറി സമരം കാരണം മെറ്റീരിയൽ ലഭിക്കാൻ താമസം നേരിട്ടു | തിരുവാലി ഗ്രാ. പ അസി. എഞ്ചിനീയറുടെ ശുപാർശയിൽ<br>വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി. എഞ്ചിനീയറും ശുപാർശ ചെയ്തു. |

വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No.25/6.7.20, Audit Enquiry No.40 / 9.7.20) (മറുപടി ലഭ്യമാക്കിയില്ല ക്രമ നം 2 ഒഴികെ) പിഴ ഈടാക്കാതെ ബിൽ അനുവദിച്ചതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 8015/-രൂപ പ്രവൃത്തിയുടെ ഫൈനൽ പേമെന്റ് അനുവദിച്ച അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ക്രമ നം 2 ന് മറുപടി ലഭ്യമാക്കിയത് പ്രാദേശിക പ്രശ്നം മൂലം പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞില്ല എന്നാണ്. എന്നാൽ ഏതെല്ലാം പ്രശ്നങ്ങൾ മൂലമാണ് പ്രവൃത്തി വൈകാൻ സാഹചര്യമുണ്ടായതെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ മറുപടി സ്വീകാര്യമല്ല.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച്സർട്ടിഫിക്കറ്റ്നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 16.08.2019 മുതൽ 17.08.2019വരെ | കെ.എസ്.എ.എംപിഎം 23/1887/2019 തിയ്യതി:26.08.2019 |

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 600000 | ഓവുങ്ങൽമാട് കുടിവെള്ള പദ്ധതി. | 600000 | 0 |
| മങ്കട ബ്ലോക്ക് പഞ്ചായത്ത് | 500000 | മക്കരപ്പറമ്പ് – കോഴിക്കോട്ടുപറമ്പ് റോഡ്. | 500000 | 0 |
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 200000 | ഓവുങ്ങൽമാട് കുടിവെള്ള പദ്ധതി. | 0 | 200000 |
| പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | 300000 | തെക്കൻമല കുടിവെള്ള പദ്ധതി | 0 | 300000 |
| മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 1500000 | വെള്ളൂർ പാലക്കലൊടി കളം നിർമ്മാണം. നിർമ്മാണം | 0 | 1500000 |
| പുലാമന്തോൾ ഗ്രാമപഞ്ചായത്ത് | 700000 | വളപുരം ലിഫ്റ്റ് ഇറിഗേഷൻപദ്ധതി | 700000 | 0 |
| തുവ്വൂർ ഗ്രാമപഞ്ചായത്ത് | 444000 | മാത്തോട് തടയണ നിർമ്മാണം. | 444000 | 0 |
| കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് | 400000 | ചെറുവള്ളി പള്ളിക്കുളം കുടിവെള്ള പദ്ധതി. | 0 | 400000 |
| വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് | 600000 | തെക്കൻമല കുടിവെള്ള പദ്ധതി. | 0 | 600000 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | KSEB | പുളിനിക്കാവ് ബൈപാസ് റോഡിൽ മില്ലുംപടി ഭാഗത്ത് ട്രാൻസ്ഫോർമറും ലൈൻ മാറ്റലും. | 21801231 | 205869 | 0 | 205869 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | KSEB | കരിപ്പോൾ ജി.എച്ച്.എസ്.എസ് കോമ്പൗണ്ടിലെ ലൈൻ മാറ്റി സ്ഥാപിക്കൽ. | 21800813 | 243306 | 0 | 243306 |
| 3 | KSEB | 100 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ – മൂച്ചിക്കൽ. | 21801189 | 680569 | 0 | 680569 |
| 4 | KSEB | പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്ത്-വാർഡ് 2 – പറമ്പിൽ പീടിക ഇന്ദിരാഗാന്ധി റോഡ് – ത്രീ ഫേസ് ലൈൻ സ്ഥാപിക്കൽ. | 21801189 | 192499 | 0 | 192499 |
| 5 | KSEB | ക്ലാരി സൗത്തിൽ 100 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. | 21801189 | 330747 | 0 | 330747 |
| 6 | KSEB | മുല്ലപ്പാറക്കുന്ന് കീഴ്മുറി വേങ്ങാടിൽ ത്രീ ഫേസ് ലൈൻ സ്ഥാപിക്കൽ. | 21801189 | 217451 | 0 | 217451 |
| 7 | KSEB | കോഴിച്ചെന കനൽ റോഡ് 100 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. | 21801189 | 432079 | 0 | 432079 |
| 8 | KSEB | പെരുമണ്ണ അംഗൻവാടിക്ക് സമീപം 100 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. | 21801189 | 751690 | 0 | 751690 |
| 9 | KSEB | പ്രൈവറ്റ് പ്രോപ്പർട്ടിയിൽ നിന്ന് എൽ.ടി ലൈൻ പബ്ലിക് റോഡിലേക്ക് സ്ഥാപിക്കൽ. | 21800814 | 274452 | 0 | 274452 |
| 10 | KSEB | എടരിക്കോട് ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ലെ വിവിധ സ്ഥലങ്ങളിലായി നിലവിലുള്ള എൽ.ടി ലൈനിൽ 1.5 കി.മീ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ. | 21800814 | 249806 | 0 | 249806 |
| 11 | KSEB | എടരിക്കോട് ഗ്രാമപഞ്ചായത്തിലെ വാർഡ് 1,2,3,15,16 ൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ. | 21800814 | 445804 | 0 | 445804 |
| 12 | KSEB | വോൾട്ടേജ് ഇംപ്രൂവ്മെന്റിന് വീരശ്ശേരി പൂറായ പ്രദേശത്ത് 190 മീറ്റർ ത്രീ ഫേസ് ലൈൻ സ്ഥാപിക്കൽ. | 21800814 | 112914 | 0 | 112914 |
| 13 | KSEB | മേമാട്ടുപാറ തടത്തിൽ എസ്.സി കോളനി 400 മീറ്റർ സിംഗിൾ ഫേസ് ത്രീ ഫേസാക്കൽ. | 21800814 | 163851 | 0 | 163851 |
| 14 | KSEB | കോഴിച്ചെന ഭാഗത്ത് 240 മീറ്റർ സിംഗിൾ ഫേസ് ത്രീ ഫേസാക്കൽ. | 21800814 | 78665 | 0 | 78665 |
| 15 | KSEB | പുതിയപുറായ – എരണിപ്പുറം റോഡിൽ 250 മീറ്റർ സിംഗിൾ ഫേസ് ത്രീ ഫേസാക്കൽ. | 21800814 | 129783 | 0 | 129783 |
| 16 | KSEB | ചൂർക്കൻ പറമ്പ് – ചങ്ങിണിക്കുണ്ട് റോഡിൽ 475 മീറ്റർ സിംഗിൾ ഫേസ് ത്രീ ഫേസാക്കൽ. | 21800814 | 221570 | 0 | 221570 |
| 17 | KSEB | മേമാട്ട്പാറ 220 മീറ്റർ സിംഗിൾ ഫേസ് ത്രീ ഫേസാക്കൽ. | 21800814 | 179527 | 0 | 179527 |
| 18 | KSEB | പാക്കടപ്പുറായ നമ്പിമാടം പ്രദേശത്ത് വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തി. | 21800815 | 141831 | 0 | 141831 |
| 19 | KSEB | കല്ലത്താണി പ്രദേശത്ത് 100 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. | 21800815 | 463528 | 0 | 463528 |
| 20 | KSEB | പ്രവാസി നഗർ തോട്ടുങ്ങൽ എം.ജി റോഡിൽ 700 മീറ്റർ സിംഗിൾ ഫേസ് 2 വയർ ലൈൻ ത്രീ ഫേസ് 4 വയർ ലൈനാക്കൽ. | 21800815 | 178251 | 0 | 178251 |
| 21 | KSEB | മൂച്ചിക്കൽ മുതൽ ചന്തപ്പറമ്പ് വരെയുള്ള 11 കെ.വി | 21800815 | 1620000 | 0 | 1620000 |

| | | | | | | |
|---|---|---|---|---|---|---|
| | | ലൈൻ മാറ്റി സ്ഥാപിക്കൽ. | | | | |
| 22 | KSEB | വേങ്ങര ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ നിലവിലുള്ള എൽ.ടി ലൈനിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ. | 21800815 | 496426 | 0 | 496426 |
| 23 | KWA | കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികജാതി കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ. | 21800715 | 2500000 | 0 | 2500000 |
| 24 | KWA | പനമ്പാലം കുടിവെള്ള പദ്ധതിക്ക് റോഡ് കട്ടിംഗിന് തുക ഡെപ്പോസിറ്റ് ചെയ്യൽ. | 21800801 | 362925 | 0 | 362925 |
| 25 | KWA | കാളികാവ് ഗ്രാമപഞ്ചായത്തിലെ ഐലശ്ശേരി മധുമല കുടിവെള്ള പദ്ധതി. | 21801232<br>21801234 | 500000<br>500000 | 0 | 1000000 |
| 26 | KWA | തിരുന്നാവായ കുടിവെള്ള പദ്ധതി വാർഡ് 5,8,11,13 | 21801238 | 1500000 | 0 | 1500000 |
| 27 | KWA | തിരുന്നാവായ കുടിവെള്ള പദ്ധതി – വിവിധ പട്ടികജാതി കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ – മാറാക്കര ഗ്രാമപഞ്ചായത്ത്. | 21800811 | 2000000 | 0 | 2000000 |
| 28 | KWA | തിരുന്നാവായ കുടിവെള്ള പദ്ധതി – വാർഡ് 1,2,3,20,21,22,23 തിരുന്നാവായ ഗ്രാമപഞ്ചായത്ത്. | 21801235 | 2450000 | 0 | 2450000 |
| 29 | KWA | കാളികാവ് ഗ്രാമപഞ്ചായത്തിലെ ഐലശ്ശേരി മധുമല കുടിവെള്ള പദ്ധതി. | 21801234 | 500000 | 0 | 500000 |
| 30 | KWA | ആതവനാട് ഗ്രാമപഞ്ചായത്തിലെ 2,4 വാർഡുകളിലേക്ക് കുടിവെള്ള പദ്ധതി. | 21801242 | 1040000 | 0 | 1040000 |
| 31 | KWA | മുതുവല്ലൂർ ഗ്രാമപഞ്ചായത്തിലെ ചെരച്ചിക്കാവ് വാഴങ്ങോട് ഭാഗത്തേക്ക്ചീക്കോട് DWSS ൽ നിന്നും പൈപ്പ് ലൈൻ നീട്ടൽ. | 21801243 | 1000000 | 0 | 1000000 |
| 32 | KWA | പുളിക്കൽ ഗ്രാമപഞ്ചായത്തിലെ ചീക്കോട് കുടിവെള്ള പദ്ധതി വാർഡ് 15,17,18,20 | 21801240 | 2000000 | 0 | 2000000 |
| 33 | KWA | മുതുവല്ലൂർ ഗ്രാമപഞ്ചായത്തിലെ ഹാജിയാർപ്പടി കുഴിഞ്ഞോളം കുടിവെള്ള പദ്ധതിയിൽ നിന്നും ലൈൻ നീട്ടൽ. | 21801241 | 1570000 | 0 | 1570000 |
| 34 | KWA | തിരുന്നാവായ ഗ്രാമപഞ്ചായത്തിലെ ത്വരിത കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ 6,7,8,11,15,16,17,19 | 21801244 | 500000 | 0 | 500000 |
| 35 | KWA | ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിലെ ഇരിങ്ങാവൂർ തിരുത്തുമ്മൽ ഭാഗത്തേക്ക് കുടിവെള്ള പദ്ധതി. | 21801245 | 500000 | 0 | 500000 |
| 36 | KWA | തിരുന്നാവായ ഗ്രാമപഞ്ചായത്തിലെ ത്വരിത കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ 6,7,8,11,15,16,17,19 | 21801248 | 570000 | 0 | 570000 |
| 37 | KWA | ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിലെ ഇരിങ്ങാവൂർ തിരുത്തുമ്മൽ ഭാഗത്തേക്ക് കുടിവെള്ള പദ്ധതി. | 21801246 | 500000 | 0 | 500000 |
| 38 | KWA | തോട്ടേക്കാട് പുതിയക്കോട് റോഡ് കുളിക്കുന്ന് കുടിവെള്ള പദ്ധതി. | 64/18-19 | 100000 | 0 | 100000 |
| 39 | KWA | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കുറിയപ്പാടം | 21801592 | 2200000 | 0 | 2200000 |

| | | | | | | |
|---|---|---|---|---|---|---|
| | | ചാലിപ്പാടം കോളനികളിലേക്ക് പൈപ്പ് ലൈൻ. | | | | |
| 40 | KWA | മൊറയൂർ ഗ്രാമപഞ്ചായത്ത് വാർഡ് 4 – മോങ്ങം കുയിലംകുന്ന് കുടിവെള്ള പദ്ധതി. | 21801675 | 1000000 | 0 | 1000000 |
| 41 | KWA | നിറമരുതൂർ ഗ്രാമപഞ്ചായത്തിലെ 1,16,17 വാർഡുകളിലേക്ക് റൈഡർ മൈൻ സ്ഥാപിക്കൽ. | 21801785 | 1420000 | 0 | 1420000 |
| 42 | KWA | തിരുന്നാവായ കുടിവെള്ള പദ്ധതി – ആതവനാട് ഗ്രാമപഞ്ചായത്തിലെ പറകുന്ന് എസ്.സി കോളനിയിലെ പൈപ്പ് ലൈൻ നീട്ടൽ. | 21801956 | 999000 | 0 | 999000 |
| 43 | KWA | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് മൂർക്കനാട് കുടിവെള്ള പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടൽ. | 21801950 | 500000 | 0 | 500000 |
| 44 | ഭൂജല വകുപ്പ് | എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ ചേരിപ്പറമ്പ് ചെറുമൻകുണ്ട് എസ്.സി കോളനിയിലും ചാഴിയോട്ട് എസ്.സി കോളനിയിലും മൈക്രോ വാട്ടർ സപ്ലൈ സ്കീം. | 21801594 | 448700 | 0 | 448700 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

### 4-5 വായ്പ / വായ്പ തിരിച്ചടവ്.

ഇല്ല.

### 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ 2018-19 വർഷത്തിൽ ലഭിച്ച 1,91,384 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-60 | 800 | ഡി.എം.സി, കുടുംബശ്രീ | 118060100064/25.06.2018 |
| 2009-10 | 3-60 | 331 | ഡി.എം.സി, കുടുംബശ്രീ | 118060100063/25.06.2018 |
| 2016-17 | 3-2 | 15807 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മലപ്പുറം | 118060100158/12.12.2018 |
| 2016-17 | 3-5 | 29903 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മലപ്പുറം | 118060100206/20.02.2019 |
| 2017-18 | 3-17 | 87278 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മലപ്പുറം | 118060100036/24.05.2018 |
| 2017-18 | 3-19 | 30768 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മലപ്പുറം | 118060100199/12.02.2019 |
| 2017-18 | Enq.17 | 26497 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മലപ്പുറം | 118060100013/13.04.2018 |

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ജില്ലാ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ

വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 1998-99, 99-00 | 73 | 2003-04 | സഹകരണ സംഘങ്ങൾക്ക് ക്രമവിരുദ്ധമായ മൂലധന സഹായം. | നടപടി തുടരുന്നു. |
| 2 | 2000-01 | 72 | 2005-06 | സഹകരണ സ്ഥാപനത്തിന് കെട്ടിടം പണിയാൻ പദ്ധതി വിഹിതം | നടപടി തുടരുന്നു. |
| 3 | 2002-03 | 3-3, 3-4, 3-5, 3-6, 3-9, 3-13, 3-15, 3-19, | 2006-07 | മൊബിലൈസേഷൻ അഡ്വാൻസ് കൈപറ്റി പണി പൂർത്തിയാക്കിയില്ല | നടപടി തുടരുന്നു |
| 4 | 2003-04 | 3(19),3(11),3(9),3(2), 3(7),2(4) | 2006-07 | 3-11മാർക്കറ്റ് കെട്ടിട നിർമ്മാണം<br>3-2കോണിക്കല്ല് കുടിവെള്ള പദ്ധതി<br>3-7 ചെറുകുളമ്പ നാറാണത്ത് റോഡ്<br>2-4 അനാഥ ശാലകൾക്ക് അധിക സഹായം | നടപടി തുടരുന്നു |
| 5 | 2004-05 | 3(16),3(17),3(20),3(21), 3(21)(എ), 3(23),3(24), 3(28),3(29),3(30),3(31), 3(32),3(89),3(52),3(33), (53),3(76) | 2007-08 | വിവിധ അപാകതകൾ | നടപടി തുടരുന്നു. |
| 6 | 2007-08 | 3-11 | 2010-11 | 3-11 വൗച്ചറുകൾ ഹാജരാക്കിയില്ല | നടപടി തുടരുന്നു. |
| 7 | 2009-10 | 3- 107 | 2011-12 | നിക്ഷേപ പ്രവൃത്തികളിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | നടപടി തുടരുന്നു |
| 8 | 2009-10 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2012-13 | 1. ചോക്കാട് സീഡ് ഫാം<br>2. ചുങ്കത്തറ കൃഷി ഫാം | നടപടി തുടരുന്നു. |
| 9 | 2009-10 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2013-14 | വ്യവസായ തൊഴിൽ സംരംഭങ്ങൾ | നടപടി തുടരുന്നു. |
| 10 | 2011-12 | 3-10,3-2 | 2014-15 | 3-1 കാർഷിക യന്ത്രവൽക്കരണം<br>3-2 കസ്റ്റം ഹയറിങ്ങ് സെന്റർ പർച്ചേസ് | നടപടി തുടരുന്നു. |
| 11 | 2016-17 | 3-52 | 2017-18 | വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം | നടപടി തുടരുന്നു. |
| 12 | 2017-18 | 3-7 | 2019-20 | കുടുംബശ്രീ യൂനിറ്റുകളിലേക്ക് മെഷിനറി വാങ്ങൽ | |

## 4-9 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് /സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2004-05 | 3-53, 3-53(6) | ശ്രീ.ജോസ് മാത്യു, കൃഷി ഡപ്യൂട്ടി ഡയറക്ടർ | LF8485/Spl.Cell/ SC5/2009 Dt. 20.09.2011 | 193541 | OP 206/11 District Court Manjeri, Pending |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 1,07,76,85,811 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 1,02,32,82,955 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 475918 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 80493672 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | -- | 23,844 | Rs 7948 – ശ്രീ. അനിൽ കുമാർ ചോലക്കാട്ട്, കുറുവ ഗ്രാമ പഞ്ചായത്ത്. അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs 7948 ശ്രീമതി. നീന. എൽ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, പെരിന്തൽമണ്ണ<br>Rs Rs 7948 – ശ്രീ.രാജൻ എം.വി, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 10779 | Rs.5389.5 ശ്രീമതി. ജസീല മോൾ, അസിസ്റ്റന്റ് എഞ്ചിനീയർ, ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്ത്.<br>Rs. 5389.5 ശ്രീ.സുൽഫീക്കർ .എൻ.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, പെരിന്തൽമണ്ണ |
| 3.3 | | 69640 | Rs. 23214– ശ്രീ.അരുൺ. വി, അസിസ്റ്റന്റ് എഞ്ചിനീയർ, പുലാമന്തോൾ ഗ്രാമ പഞ്ചായത്ത്<br>Rs. 23213– ശ്രീ. ഉമ്മർ.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, പെരിന്തൽമണ്ണ<br>Rs. 23213 – ശ്രീ. ചന്ദ്രൻ. സി .എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് മലപ്പുറം. |
| 3.4 (1) | | 42046 | Rs. 21023 ശ്രീമതി. മിനിമോൾ N, അസിസ്റ്റന്റ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, പെരിന്തൽമണ്ണ.<br>Rs. 21023 സുൽഫീക്കർ.N, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, പെരിന്തൽമണ്ണ. |
| 3.4 (2) | | 10323 | Rs.3441 ശ്രീമതി. മിനിമോൾ.N . അസിസ്റ്റന്റ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, പെരിന്തൽമണ്ണ.<br>Rs. 3441 ശ്രീ. സുൽഫീക്കർ.N, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, പെരിന്തൽമണ്ണ. |

| | | | |
|---|---|---|---|
| | | | Rs. 3441 ശ്രീ.ചന്ദ്രൻ.എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് മലപ്പുറം. |
| 3.4 (3) | | 165053 | Rs. 55018 ശ്രീമതി. മിനിമോൾ N , അസിസ്റ്റന്റ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, പെരിന്തൽമണ്ണ.<br><br>Rs. 55018 ശ്രീമതി. സുൽഫീക്കർ.N, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, പെരിന്തൽമണ്ണ.<br><br>Rs. 55017 ശ്രീ.ചന്ദ്രൻ. എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് മലപ്പുറം. |
| 3.5 | | 18208 | Rs. 9104 – ശ്രീ. മുഹമ്മദ് മുനീർ ഐ.പി, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 9104 – ശ്രീ. മാധവൻ. എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-6(1) | | 18260 | Rs. 12174 ശ്രീമതി. ജസീല മോൾ, അസിസ്റ്റന്റ് എഞ്ചിനീയർ, ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്ത്.<br><br>Rs 12173. ശ്രീ. ഉമ്മർ.കെ, അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, പെരിന്തൽമണ്ണ<br>Rs. 12173 – ശ്രീ.രാജൻ.എം.വി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് മലപ്പുറം. |
| 3-6(2) | | 18260 | Rs.12174 ശ്രീമതി. ജസീല മോൾ, അസിസ്റ്റന്റ് എഞ്ചിനീയർ, ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്ത്.<br><br>Rs 12173 ശ്രീ. ഉമ്മർ.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, പെരിന്തൽമണ്ണ<br>Rs. 12173 – ശ്രീ.രാജൻ.എം.വി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് മലപ്പുറം. |
| 3-6(3) | | 21046 | ശ്രീ.അരുൺ. വി, അസിസ്റ്റന്റ് എഞ്ചിനീയർ, പുലാമന്തോൾ ഗ്രാമ പഞ്ചായത്ത്-7016/-<br>ശ്രീ.ഉമ്മർ.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, പെരിന്തൽമണ്ണ-7015/-<br>ശ്രീ. രാജൻ. എം.വി, എക്സിക്യൂട്ടീവ് എഞ്ചിനീയർ-7015 |
| 3-6(4) | | 21466 | ശ്രീ. സന്തോഷ് കുമാർ എം.കെ,<br><br>അസിസ്റ്റന്റ്എഞ്ചിനീയർ, വട്ടംകുളം ഗ്രാമപഞ്ചായത്ത്.-7156<br>ശ്രീമതി . മീനാക്ഷി.സി.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD<br><br>സബ്ഡിവിഷൻ, പൊന്നാനി.-7155/- |

| | | | |
|---|---|---|---|
| | | | ശ്രീ. രാജൻ. എം.വി, എക്സിക്യൂട്ടീവ് എഞ്ചിനീയർ-7155/- |
| 3-6(5) | | 14391 | ശ്രീ.ഷൗകത്തലി, അസിസ്റ്റന്റ് എഞ്ചിനീയർ-4797<br>ശ്രീമതി.രേഖ.ബി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-4797<br>ശ്രീ.ചന്ദ്രൻ.സി, എക്സിക്യൂട്ടീവ് എഞ്ചിനീയർ-4797 |
| 3-6(6) | | 23751 | ശ്രീ. ഹുമയൂൺ കബീർ, അസിസ്റ്റന്റ് എഞ്ചിനീയർ-11,876<br>ശ്രീമതി. നീബ.വൈ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-11,875 |
| 3-7(1)(2) | | 7865 | ശ്രീ. സുജിത്ത്, അസിസ്റ്റന്റ് എഞ്ചിനീയർ-3932.5<br>ശ്രീ. പ്രകാശ് ബാബു.എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-3932.5 |
| 3-7(3) | | 2971 | ശ്രീ. നിഖിൽ രാജ്.സി. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ-1485.5<br>ശ്രീമതി. സജിത എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-1485.5 |
| 3-8 | | 8015 | ശ്രീമതി. ധന്യ രവി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 475918 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 6169407 | ശ്രീ.ഉബൈദുള്ള.എ.സി, സെക്രട്ടറി |
| 1-16(i) | 61,19,000 | ശ്രീ.ബാബു.വി, സെക്രട്ടറി |
| | 88,12,925 | ശ്രീമതി. പ്രീതി മേനോൻ, സെക്രട്ടറി |
| | 76,80,000 | ശ്രീ.ഉബൈദുള്ള.എ.സി, സെക്രട്ടറി |
| | 1,00,00,00 | ശ്രീ.സാമുവൽ, സെക്രട്ടറി |
| 1-16 (2) | 1,73,93,306<br>7954452<br>2000000 | ശ്രീമതി. പ്രീതി മേനോൻ, സെക്രട്ടറി<br>ശ്രീ.ബാബു.വി, സെക്രട്ടറി<br>ശ്രീ.ഉബൈദുള്ള.എ.സി, സെക്രട്ടറി |
| 1-16(3) | 285828<br>494149 | ശ്രീമതി. പ്രീതി മേനോൻ, സെക്രട്ടറി<br>ശ്രീ.ബാബു.വി, സെക്രട്ടറി |
| 1-18 | 1630335<br>361295<br>188490 | ശ്രീമതി. പ്രീതി മേനോൻ, സെക്രട്ടറി<br>ശ്രീ.ഉബൈദുള്ള.എ.സി, സെക്രട്ടറി<br>ശ്രീ.പ്രദീപൻ. കെ, സെക്രട്ടറി |
| 1-19 | 10,00,000 | ശ്രീമതി. പ്രീതി മേനോൻ, സെക്രട്ടറി |
| | 65,00,000 | ശ്രീ.ഉബൈദുള്ള.എ.സി, സെക്രട്ടറി |
| 1-21 | 11,00,000 | ശ്രീമതി. പ്രീതി മേനോൻ, സെക്രട്ടറി |
| 1-22 | 8,89,600 | ശ്രീമതി. പ്രീതി മേനോൻ, സെക്രട്ടറി |
| 1-23 | 10,20,785 | ശ്രീമതി. ധന്യ രവി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 1-28 | 5,00,000 | ശ്രീ.പി.കൃഷ്ണൻ, വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം |
| 1-29 | 12,02,000 | ശ്രീ.പി.കൃഷ്ണൻ, വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം |
| 1-30 | 81,92,100 | ശ്രീ.കൃഷ്ണമൂർത്തി.കെ, ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ |
| ആകെ | 80493672 | |

<u>സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ധന്യ രവി.<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>മലപ്പുറം ജില്ലാപഞ്ചായത്ത്<br>(അഡീഷണൽ ചാർജ്) | ധന്യ രവി<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്<br>തൃശ്ശൂർ - 680509 | അഞ്ചനം<br>പനിക്കത്ത് ഹൗസ്<br>മിനലൂർ,<br>മുളങ്കാകുന്നത്ത് കാവ്<br>തൃശ്ശൂർ – 680581 |
| ചന്ദ്രൻ.സി<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി.സബ്ഡിവിഷൻ<br>മലപ്പുറം | ചന്ദ്രൻ.സി<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി.സബ്ഡിവിഷൻ<br>മലപ്പുറം | ചന്ദ്രൻ.സി<br>ഭരതം വീട്<br>പന്യാനിങ്ങൽ<br>മേരിക്കുന്ന്<br>കോഴിക്കോട്<br>പിൻ.673012 |
| രാജൻ.എം.വി<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി.സബ്ഡിവിഷൻ<br>മലപ്പുറം | രാജൻ.എം.വി<br>ചീഫ് എഞ്ചിനീയർ<br>LSGD<br>തിരുവനന്തപുരം | രാജൻ.എം.വി<br>G1 ഗായത്രി അപാർട്മെന്റ്<br>കിഴക്കെ കോട്ട<br>തൃശ്ശൂർ - 5 |
| ജസീല മോൾ<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>ആലിപ്പറമ്പ ഗ്രാമ പഞ്ചായത്ത് | അസിസ്റ്റന്റ് എഞ്ചിനീയർ<br>ആലിപ്പറമ്പ ഗ്രാമ പഞ്ചായത്ത് | ചെരമ്പത്ത് ഹൗസ്,<br>ബീമനാട് പോസ്റ്റ്,<br>അലനല്ലൂർ വഴി<br>പാലക്കാട് ജില്ല<br>പിൻ 678601 |
| ഷൗക്കത്തലി.പി<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>കീഴപറമ്പ് ഗ്രാമ പഞ്ചായത്ത് | റിട്ടയർഡ് | ഷൗക്കത്തലി.പി<br>പാറക്കൽ വീട്<br>ചേലക്കോട്<br>ഊർങ്ങാട്ടിരി<br>അരീക്കോട് വഴി<br>മലപ്പുറം<br>പിൻ.673639 |
| | | |

| | | |
|---|---|---|
| രേഖ.ബി<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | രേഖ.ബി<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>വർക്കല മുനിസിപ്പാലിറ്റി | പിലാവിലകം,<br>TC 73/115,<br>മണക്കാട് പോസ്റ്റ്<br>തിരുവനന്തപുരം.<br>695009 |
| പ്രകാശ് ബാബു.എൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | പ്രകാശ് ബാബു.എൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കണ്ണൂർ കോർപറേഷൻ | കൃഷ്ണാഞ്ചലി<br>എടക്കാട് പോസ്റ്റ്,<br>കണ്ണൂർ ജില്ല<br>പിൻ 670663 |
| സജിത.എ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സജിത.എ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി<br>സബ്ഡിവിഷൻ. തിരൂർ | ഫിർദൗസ്,<br>സി.ടി. ജംഗ്ഷൻ,<br>കരിക്കോട് പോസ്റ്റ്,<br>കൊല്ലം ജില്ല<br>പിൻ 691005 |
| ഹുമയൂൺ കബീർ<br>അസിസ്റ്റന്റ് എഞ്ചിനീയർ | ഹുമയൂൺ കബീർ<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>വാഴക്കാട് ഗ്രാ.പ | തങ്കാശ്ശേരി വളപ്പിൽ<br>തെക്കമ്മുറി പി.ഒ<br>തിരൂർ<br>മലപ്പുറം |
| നീബ.വൈ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | നീബ.വൈ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>LSGD North Circle<br>കോഴിക്കോട് | പള്ളിവാതുക്കൽ<br>അയ്യർകുളങ്ങര<br>വൈക്കം – 686141 |
| സുജിത്ത്<br>അസിസ്റ്റന്റ് എഞ്ചിനീയർ | സുജിത്ത്<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>തിരൂർ നഗരസഭ | സുഷാന്ത്<br>ഹരിഹർ നഗർ $12^{th}$ സ്ട്രീറ്റ്<br>പ്ലോട്ട് നമ്പർ 342<br>തൃശ്ശൂർ -680002 |
| നിഖിൽ രാജ്.സി.എൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>തെക്കുംകര ഗ്രാമ പഞ്ചായത്ത്<br>തൃശ്ശൂർ | ചെറുവത്തേരി ഹൗസ്,<br>ഹൗസ് 1731/13,<br>പേരമംഗലം,<br>തൃശ്ശൂർ- 680545 |
| ശ്രീ. അരുൺ.വി<br>അസിസ്റ്റന്റ് എഞ്ചിനീയർ | തടംതോട്ടുപാടത്ത് ,<br>ചെരക്കാപറമ്പ്, അങ്ങാടിപ്പുറം,<br>മലപ്പുറം. പിൻ 679321 | അസിസ്റ്റന്റ് എഞ്ചിനീയർ<br>LSGD സബ് ഡിവിഷൻ<br>പെരിന്തൽമണ്ണ |
| അനിൽകുമാർ ചോലക്കാട്ട്<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത് | ചോലക്കാട്ട് വീട്, മക്കരപറമ്പ്,<br>കാച്ചിനിക്കാട, മലപ്പുറം ജില്ല.<br>പിൻ 676507 |
| ശ്രീമതി. മിനിമോൾ എൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>LSGD സബ് ഡിവിഷൻ,<br>മലപ്പുറം | മിനിമോൾ.എൻ, മിന്നാരം,<br>താഴ്‌വാരം, അപ്ഹിൽ,<br>മലപ്പുറം, 676505 |
| സുൽഫീക്കർ.എൻ,<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>പോനർട്ടി ഇംപ്ലിമെന്റേഷൻ യൂണിറ്റ് | സുൽഫീക്കർ.എൻ,<br>നാലകത്ത് ഹൗസ്, വെസ്റ്റ്<br>കോഡൂർ, മലപ്പുറം. 676504 |

| | | |
|---|---|---|
| | സിവിൽ സ്റ്റേഷൻ<br>കോഴിക്കോട് | |
| സന്തോഷ്കുമാർ.എം.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>വട്ടംകുളം ഗ്രാമ പഞ്ചായത്ത് | സന്തോഷ്കുമാർ.എം.കെ<br>മുണ്ടൻവേലി ഹൗസ്,<br>കൊരട്ടി പി.ഒ, തൃശ്ശൂർ. 680308 |
| ഉമ്മർ.കെ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>LSGD സബ് ഡിവിഷൻ<br>പെരിന്തൽമണ്ണ | ഉമ്മർ.കെ, കാരയിൽ ഹൗസ്,<br>നെല്ലിക്കാപറമ്പ് പി.ഒ മുക്കം.<br>കോഴിക്കോട് ജില്ല.<br>പിൻ 673602 |
| നീന. എൽ<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>LSGD സബ് ഡിവിഷൻ<br>മങ്കട | നിള, 13 എ, അമ്പാടി നഗർ,<br>വലമ്പൂർ പോസ്റ്റ്, അങ്ങാടിപ്പുറം<br>മലപ്പുറം ജില്ല - 679325 |
| മുഹമ്മദ് മുനീർ.ഐ.പി<br>അസിസ്റ്റന്റ് എഞ്ചിനീയർ | Assistant Engineer,<br>Irrigation Section-2, Ponnani<br>Ponnani Nagaram Post | Ittika Pararambil House,<br>Chamravattam Post-<br>Malappuram Disst<br>Pin 676 102 |
| മാധവൻ.എ<br>അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | Madhavan A<br>Assistant Executive Engineer,<br>LSGD Sub Division,<br>Thirurangadi | Alayil house, Udinoor south<br>671310<br>Kasargod |
| മീനാക്ഷി.സി.എസ്<br>അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | വിരമിച്ചു | റിസോണൻസ്<br>അരുളപ്പാട് ക്ഷേത്രത്തിന്<br>സമീപം,ചേവരമ്പലം,<br>കോഴിക്കോട്. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നമ്പർ | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1998-99 | LFM 23/2132/08 Dtd 22.04.2019 | 06 |
| 2 | 1999-00 | LFM 23/112/17 Dtd 16.10.2018 | 05 |
| 3 | 2000-01 | LFM 23/699/17 Dtd 17.04.2018 | 08 |
| 4 | 2001-02 | LFM 23/1894/07 Dtd 08.12.2010 | 37 |
| 5 | 2002-03 | LFM 23/1308/07 Dtd 04.12.2010 | 14 |
| 6 | 2003-04 | LFM 23/118/08 Dtd 08.12.2010 | 38 |
| 7 | 2004-05 | LFM 4/2027/06 Dtd 12.11.2007 | 46 |
| | | | |

| | | | |
|---|---|---|---|
| 8 | 2005-06 | LFM 08/2135/07 Dtd 17.03.2008 | 16 |
| 9 | 2006-07 | LFM 09/1196/08 Dtd 07.09.2009 | 07 |
| 10 | 2007-08 | LFM 12/2015/09 Dtd 29.03.2010 | 12 |
| 11 | 2008-09 | LFM 12/1182/10 Dtd 10.02.2011 | 31 |
| 12 | 2009-10 | LFM 04/1254/11 Dtd 15.09.2011 | 51 |
| 13 | 2010-11 | LFM 22/1176/12 Dtd 31.03.2013 | 52 |
| 14 | 2011-12 | LFM 23/477/14 Dtd 31.03.2013 | 24 |
| 15 | 2012-13 | LFM 08/2875/14 Dtd 14.01.2015 | 69 |
| 16 | 2013-14 | KSAMPM 8/2935/15 Dtd 15.01.2016 | 38 |
| 17 | 2014-15 | KSAMPM 8/942/16 Dtd 15.01.2016 | 52 |
| 18 | 2015-16 | KSAMPM 23/1143/17 Dtd 26.05.2017 | 44 |
| 19 | 2016-17 | KSAMPM 23/2673/17 Dtd 18.01.2018 | 55 |
| 20 | 2017-18 | KSAMPM 23/1362/19 Dtd 07.09.2019 | 39 |

സീനിയർ ഡെപ്യൂട്ടിഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## അനുബന്ധം - 1
## ഓഡിറ്റ് സാക്ഷ്യപത്രം.

കെ.എസ്.എ.എം.പി.എം.23/1887/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി: 26.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം